POSTAL REG NO GDP-44/2017-2019

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّیْ عَلٰی رَسُوْلِهِ الْكَرِيْمِ وَعَلٰی عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 2

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 29-30

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജൂലായ് 20-27/ഹി:ശം:1396 വഫാ 20-27/ഹി:ഖ: 1438 ശവ്വാൽ 25

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 16-06-2017നും 23-06-2017 നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 8ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**മസീഹ് മരിച്ചു പോയി. അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലെ ഖാൻയാൻ മുഹല്ലയിൽ ഉണ്ടെന്നതാണ് സത്യം. ഇനി അല്ലാഹു സ്വയം ഇറങ്ങുകയും സത്യത്തോടു പോരാടുന്നവർക്കെതിരെ അവൻ തന്നെ പോരാടുകയും ചെയ്യുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നിങ്ങളുടെ വിശ്വാസമനുസരിച്ച് മസീഹ്ബ്നു മർയം ആകാശത്തുനിന്ന് വരുന്നതുതന്നെ ഈ പ്രവൃത്തിക്കായിട്ടാണ്. അതായത് മഹ്ദിയുമായി ചേർന്നുകൊണ്ട് ജനങ്ങളെ ബലാൽക്കാരമായിട്ടു മുസ്ലിമാക്കുവാൻ യുദ്ധം ചെയ്യുക. ഇത് ഇസ്ലാമിനു ദുഷ്പേരുണ്ടാക്കുന്ന ഒരു വിശ്വാസമാണ്. മതത്തിൽ ബലാൽക്കാരം പാടുണ്ടെന്ന് വിശുദ്ധ ഖുർആനിൽ എവിടെയാണ് എഴുതിയിട്ടുള്ളത്? എന്നാൽ, അല്ലാഹു ഖുർആനിൽ പറയുന്നു, لَاۤ اِكْرَاهَ فِي الدِّيْنِ

അതായത് മതത്തിൽ ഒരു ബലാൽക്കാരവും ഇല്ല. പിന്നെങ്ങനെയാണ് മസീഹ്ബ്നു മർയമിന് ബലാൽക്കാരം ചെയ്യാൻ അധികാരം കൊടുക്കപ്പെടുന്നത്? മതത്തിൽ നിർബന്ധമാകാം എന്ന അധ്യാപനം വിശുദ്ധ ഖുർആനിൽ ഏത് സ്ഥലത്ത് എത്രാമത്തെ അധ്യായത്തിലും വചനത്തിലുമാണുള്ളത്? മതത്തിൽ നിർബന്ധം പാടില്ലെന്ന് മുഴുവൻ ഖുർആനും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നു. നബി തിരുമേനി(സ)യുടെ കാലത്ത് ഏതൊരു കൂട്ടരുമായിട്ടാണോ യുദ്ധം ചെയ്തിരുന്നത് ആ യുദ്ധങ്ങൾ മതത്തെ ബലാൽക്കാരപൂർവം പ്രചരിപ്പിക്കാനായിരുന്നില്ലെന്ന് വ്യക്തമായ നിലയിൽ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. പ്രത്യുത യുദ്ധം ചെയ്തത് ഒന്നുകിൽ ശിക്ഷ എന്ന നിലയിലായിരുന്നു. അതായത് വലിയൊരു വിഭാഗം മുസ്ലിംകളെ അറുകൊല ചെയ്യുകയോ ചിലരെ നാട്ടിൽ നിന്നു പുറത്താക്കുകയോ അങ്ങേയറ്റം അക്രമം പ്രവർത്തിക്കുകയോ ചെയ്തവർക്ക് ശിക്ഷ നല്കുകയായിരുന്നു അതിന്റെ ലക്ഷ്യം. എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു.

اُذِنَ لِلَّذِيْنَ يُقٰتَلُوْنَ بِاَنَّهُمْ ظُلِمُوْا وَاِنَّ اللّٰهَ عَلٰى نَصْرِهِمْ لَقَدِيْرُ

(അൽഹജ്ജ് :40)

അവിശ്വാസികളുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന മുസ്ലിംകൾക്ക്, അവർ മർദ്ദിതരായതിനാൽ യുദ്ധം ചെയ്യാൻ അനുവാദം നല്കപ്പെട്ടിരിക്കുന്നു. തീർച്ചയായും അവരെ സഹായിക്കുവാൻ അല്ലാഹു ശക്തനാണ്. അല്ലെങ്കിൽ പ്രതിരോധം എന്ന നിലയ്ക്കായിരുന്നു ആ യുദ്ധം നടന്നിരുന്നത്. അതായത് ഇസ്ലാമിനെ ഉന്മൂലനം ചെയ്യുന്നതിനായി മുന്നിട്ടിറങ്ങുകയോ അല്ലെങ്കിൽ തങ്ങളുടെ നാട്ടിൽ ഇസ്ലാമിന്റെ പ്രചാരണം കരബലംകൊണ്ട് തടയുകയോ ചെയ്യുന്നവർക്കെതിരിൽ അവരിൽ നിന്ന് സംരക്ഷണം എന്ന നിലയിൽ യുദ്ധം ചെയ്തിരുന്നു. അതുമല്ലെങ്കിൽ രാജ്യത്ത് സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനായി യുദ്ധം ചെയ്തിരുന്നു. ഈ മൂന്നു വിധത്തിലല്ലാതെ നബിതിരുമേനി(സ)യോ തിരുനബിയുടെ പരിശുദ്ധ ഖലീഫമാരോ യുദ്ധം ചെയ്തിരുന്നില്ല. എന്നല്ല ഇസ്ലാം അന്യമതസ്ഥരുടെ അക്രമങ്ങൾ എത്ര മാത്രമാണ് സഹിച്ചിരുന്നതെന്നാൽ, അതിനുള്ള ഉദാഹരണം മറ്റൊരു ജനതയിലും ലഭിക്കുകയില്ല. അപ്പോൾ ഗ്രന്ഥാനുസാരികളിൽ ആരിൽ നിന്നും ജിസ്യ (ടാക്സ്) പോലും സ്വീകരിക്കാതെ വന്നയുടനെ ജനങ്ങളെ കൊല്ലാൻ തുടങ്ങുന്ന ഈ ഈസാമസീഹും മഹ്ദി സാഹിബും എങ്ങനെയുള്ളവരായിരിക്കും.

حَتّٰى يُعْطُوا الْجِزْيَةَ عَنْ يَّدٍ وَّهُمْ صٰغِرُوْنَ

അവർ കീഴടങ്ങി സ്വകരങ്ങളാൽ ജിസ്യ (ടാക്സ്) നല്കുന്നതുവരെ, എന്ന വചനം കൂടി ഇവർ കാലഹരണപ്പെടുത്തും. വന്നയുടനെ ഖുർആനിക വചനങ്ങളെ കാലഹരണപ്പെടുത്തുന്ന ഇവർ ദീനുൽ ഇസ്ലാമിനെ സഹായിക്കുന്നവരെങ്ങനെയാകും? അതാണെങ്കിൽ നബിയുടെ കാലത്തുപോലും കാലഹരണപ്പെട്ടതായിരുന്നില്ല? ഇത്രമാത്രം വിപ്ലവങ്ങൾ ഉണ്ടായാലും ഖതമുന്നുബുവ്വത്തിൽ ഒരു പ്രശ്നവും ഉണ്ടാവുകയില്ലത്രെ! നുബുവ്വത്തിന്റെ കാലഘട്ടം കഴിഞ്ഞ് 13 നൂറ്റാണ്ടുകൾ പിന്നിട്ട ഇക്കാലത്ത് ഇസ്ലാമിനുള്ളിൽ തന്നെ 73 കക്ഷികളുണ്ടായി. യഥാർത്ഥ മസീഹിന്റെ കർത്തവ്യം പ്രമാണങ്ങളോടുകൂടി ഹൃദയങ്ങളിൽ വിജയം വരിക്കുക എന്നതാണ്. അല്ലാതെ വാളുകൊണ്ടല്ല. ക്രൈസ്തവ വിശ്വാസത്തെ യഥാർത്ഥവും സത്യവുമായ പ്രമാണങ്ങളോടെ ഖണ്ഡിക്കുകയാണ് വേണ്ടത്. അല്ലാതെ സ്വർണ്ണം കൊണ്ടോ വെള്ളി കൊണ്ടോ ചെമ്പു കൊണ്ടോ മരം കൊണ്ടോ നിർമിച്ച കുരിശുകളെ മുറിച്ചു നിങ്ങൾ അതിക്രമം കാണിക്കുകയാണെങ്കിൽ നിങ്ങളുടെ പക്കൽ സ്വന്തം സത്യതയ്ക്ക് ഒരു തെളിവുമില്ല എന്നതിന്, അത് മതിയായ പ്രമാണമായിരിക്കും ഓരോ അല്പജ്ഞാനിയും അക്രമപ്രകൃതനും തെളിവില്ലാതെ പരാജയപ്പെടുമ്പോൾ വാളിലേക്കും തോക്കിലേക്കും കൈ നീട്ടുന്നു. എന്നാൽ വാളിന്റേയോ അതുപോലുള്ള മറ്റു വഴികളുടെയോ സഹായത്തോടെ വ്യാപിക്കാനിടയുള്ള മതം ഒരിക്കലുമൊരിക്കലും അല്ലാഹുവിൽ നിന്നുള്ളതായിരിക്കുന്നതല്ല. നിങ്ങൾ ഈ രീതിയിലുള്ള ജിഹാദിൽ നിന്ന് വിരമിക്കുന്നില്ലെങ്കിൽ, കോപാവേശം കൊണ്ട് സാത്ത്വികരായ ജനങ്ങളെ ദജ്ജാലെന്നും മുൽഹിദെന്നും (നിർമതവാദിയെന്നും) വിളിക്കുകയാണെങ്കിൽ നാം ഈ രണ്ട് വചനങ്ങൾ ഓതി ഈ ഭാഷണം ഇവിടെ അവസാനിപ്പിക്കുകയാണ്.

قُلْ يٰۤاَيُّهَا الْكٰفِرُوْنَ لَاۤ اَعْبُدُ مَا تَعْبُدُوْنَ

ആഭ്യന്തര ഭിന്നതയുടേയും വിസ്ഫോടനത്തിന്റെയും കാലത്ത് നിങ്ങളുടെ സാങ്കല്പിക മസീഹും സാങ്കല്പിക മഹ്ദിയും വന്ന് ആരുടെമേലാണു വാളോങ്ങുക. സുന്നികളുടെ പക്കൽ ശിയാക്കൾ വാളിനർഹരല്ലേ? അതേപ്രകാരം ശിയാക്കളുടെ പക്കൽ സുന്നികളെല്ലാവരും വാളിന്നിരയായി നശിക്കാൻ അർഹരല്ലേ? ഇങ്ങനെ നിങ്ങളുടെ അവാന്തരവിഭാഗങ്ങൾ തന്നെ നിങ്ങളുടെ വിശ്വാസമനുസരിച്ച് ശിക്ഷക്കർഹരാണെന്നു വരുമ്പോൾ നിങ്ങൾ ആരോടൊപ്പമാണ് ജിഹാദ് ചെയ്യുക. എന്നാൽ ഓർത്തുകൊള്ളുവിൻ അല്ലാഹു വാളിന്റെ ആശ്രിതനല്ല. അവൻ തന്റെ മതത്തെ ദിവ്യദൃഷ്ടാന്തങ്ങളോടുകൂടി ഭൂമിയിൽ പ്രചരിപ്പിക്കുന്നതാണ്. അതിനെ തടയാൻ ആർക്കും സാധ്യമല്ല. ഓർത്തുകൊള്ളുവിൻ. ഇനി ഈസാ ഒരിക്കലും ഇറങ്ങുകയില്ല. കാരണം فَلَمَّا تَوَفَّيْتَنِيْ എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ പുനരുത്ഥാന നാളിൽ അദ്ദേഹം നടത്തുന്ന പ്രതിജ്ഞയിൽ താൻ വീണ്ടും ഭൂമിയിൽ വരുന്നതല്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്. പുനരുത്ഥാന നാളിൽ അദ്ദേഹത്തിന്റെ നിഷേധം തന്നെ ക്രിസ്ത്യാനികൾ വഴിപിഴച്ചതായിട്ടു തനിക്കറിയില്ലെന്നതാണ്. അതിനാൽ ഈ വചനത്തിൽ താൻ വീണ്ടും ലോകത്ത് വരികയില്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്. അദ്ദേഹം പുനരുത്ഥാനത്തിന് മുമ്പേ ലോകത്ത് വരികയും നാല്പത് വർഷം താമസിക്കുകയും ചെയ്യുകയാണെങ്കിൽ, 'തനിക്ക് ക്രിസ്ത്യാനികളുടെ അവസ്ഥകളെ പറ്റി ഒന്നും അറിയികുകയില്ല' എന്ന് അല്ലാഹുവിന് മുമ്പിൽ കളവ് പറഞ്ഞതായി കണക്കാക്കണം. തന്റെ പുനരാഗമന കാലത്ത് ലോകത്ത് നാല്പത് കോടിയോടടുത്ത് ക്രൈസ്തവരെ കണ്ടുവെന്നും അവരെല്ലാം വഴിപിഴച്ചതിനെ സംബന്ധിച്ച് തനിക്കു നന്നായി അറിയാമെന്നും താൻ എല്ലാ ക്രൈസ്തവരേയും മുസ്ലിംകളാക്കുകയും കുരിശുകൾ ഉടക്കുകയും ചെയ്തുവെന്നും അതിനാൽ അനുഗ്രഹങ്ങൾക്ക് അർഹനാണെന്നുമല്ലേ പറയേണ്ടിയിരുന്നത്? എന്നാൽ, തനിക്കൊന്നുമറിയില്ല എന്ന് ഈസാ പറയുന്നത് എത്രമാത്രം കളവാണ്? പ്രസ്തുത തിരുവചനത്തിൽ താൻ ലോകത്ത് വീണ്ടും വരുന്നതല്ലെന്ന സ്പഷ്ടമായ തീരുമാനമാണുള്ളത്. മസീഹ് മരിച്ചുപോയി . അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലെ ഖാൻയാൻ മുഹല്ലയിൽ ഉണ്ടെന്നതാണ് സത്യം ഇനി അല്ലാഹു സ്വയം ഇറങ്ങുകയും സത്യത്തോടു പോരാടുന്നവർക്കെതിരെ അവൻ തന്നെ പോരാടുകയും ചെയ്യുന്നതാണ്. അല്ലാഹു പോരാടുകയെന്നത് ആക്ഷേപാർഹമായ കാര്യമല്ല. കാരണം അത് അടയാളങ്ങളുടേയും ദൃഷ്ടാന്തങ്ങളുടേയും നിറമുൾക്കൊണ്ടതായിരിക്കും. എന്നാൽ, മനുഷ്യന്റെ പോരാട്ടം അതിക്രമത്തിന്റെ നിറമുൾക്കൊണ്ടതായതിനാൽ ആക്ഷേപാർഹമാണ്.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## സ്ത്രീകളോടുള്ള ചില ഉപദേശങ്ങൾ

നമ്മുടെ ഇക്കാലഘട്ടത്തിൽ ചില പ്രത്യേക അനാചാരങ്ങളിൽ സ്ത്രീകളും അകപ്പെട്ടിരിക്കുന്നു. അവർ ബഹുഭാര്യത്വ സമ്പ്രദായത്തെ അങ്ങേയറ്റം മോശദൃഷ്ടിയോടെയാണ് നോക്കുന്നത്. അതിൽ അവർ വിശ്വാസം കൊള്ളാത്തതുപോലെ. അല്ലാഹുവിന്റെ ശരീഅത്ത് എല്ലാ വിധത്തിലുള്ള പ്രതിവിധികളും ഉൾക്കൊള്ളുന്നതാണെന്ന് അവർ അറിയുന്നില്ല. ഇസ്ലാമിൽ ബഹുഭാര്യത്വ സമ്പ്രദായം ഇല്ലായിരുന്നെങ്കിൽ പുരുഷന്മാർക്ക് രണ്ടാം വിവാഹം ചെയ്യേണ്ടുന്ന സന്ദർഭങ്ങളുണ്ടാകുമ്പോൾ ഈ ശരീഅത്തിൽ അതിന് ഒരു പ്രതിവിധിയും ഇല്ലെന്നു പറയേണ്ടിവരും. ഉദാഹരണത്തിന് ഭാര്യ ഭ്രാന്തിയോ, കുഷ്ഠരോഗിയോ അല്ലെങ്കിൽ നിത്യരോഗിയോ ആയി കരുണയർഹിക്കുന്നവളാകുകയും ഭർത്താവും ആ ഏകാന്ത ജീവിതം സഹിക്കവെയ്യാതെ കരുണാർഹനാവുകയും ചെയ്യുന്ന അവസരത്തിൽ ഭർത്താവിന് രണ്ടാം വിവാഹം ചെയ്യാൻ അനുവാദം നല്കാതിരിക്കുക എന്നത് അവന്റെ പുരുഷത്വത്തോട് ചെയ്യുന്ന അക്രമമാണ്. വാസ്തവത്തിൽ അല്ലാഹുവിന്റെ ന്യായപ്രമാണം (ശരീഅത്ത്) ഈ കാര്യങ്ങൾ കണ്ടുകൊണ്ടാണ് പുരുഷൻമാർക്ക് ഈ മാർഗം തുറന്നുവച്ചിരിക്കുന്നത്. നിർബന്ധിതാവസ്ഥയിൽ സ്ത്രീകൾക്കും മാർഗം തുറന്നിട്ടുണ്ട്. പുരുഷൻ ഷണ്ഡനാണെങ്കിൽ ന്യായാധിപൻ മുഖേന ത്വലാഖിന് പകരമായിവെച്ചിട്ടുള്ള ഖുൽഅ് ചെയ്യിക്കാവുന്നതാണ്. അല്ലാഹുവിന്റെ ശരീഅത്ത് മരുന്നു കച്ചവടക്കാരന്റെ കട പോലെയാണ്. എല്ലാ രോഗത്തിനും മരുന്ന് കിട്ടാത്ത കടയാണെങ്കിൽ ആ കട മുമ്പോട്ടു പോവുകയില്ല. അതുകൊണ്ട് ചിന്തിക്കുക. രണ്ടാം വിവാഹത്തിന് പുരുഷനെ നിർബന്ധിതനാക്കുന്ന ചില പ്രയാസങ്ങൾ അവനെ നേരിടുന്നുവെന്ന കാര്യം സത്യമല്ലെ? എല്ലാ പ്രയാസങ്ങൾക്കും പ്രതിവിധിയില്ലാത്ത ശരീഅത്ത് എന്തിന് കൊള്ളാം? നോക്കുക ഇഞ്ചീലിൽ വിവാഹമോചനത്തിനു വ്യഭിചാരം മാത്രമാണ് നിബന്ധന. എന്നാൽ, പുരുഷനും സ്ത്രീക്കുമിടയിൽ ആജന്മ ശത്രുതയുണ്ടാക്കുന്ന നൂറുക്കണക്കായ കാര്യങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. അതുകൊണ്ട് ക്രൈസ്തവ സമുദായത്തിന് ഈ ന്യൂനത സഹിക്കാൻ കഴിയാതെ പൊറുതിമുട്ടി. അവസാനം അമേരിക്കയിൽ ഒരു വിവാഹമോചന നിയമം പാസാക്കേണ്ടി വന്നു. ഈ നിയമംകൊണ്ട് ഇഞ്ചീൽ എവിടെയെന്ന് ചിന്തിക്കുക.

അല്ലയോ സ്ത്രീകളെ! വ്യാകുലപ്പെടാതിരിക്കുക. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന വേദഗ്രന്ഥം, ഇഞ്ചീലിനെപ്പോലെ മനുഷ്യന്റെ കൈകടത്തലുകൾക്ക് ആശ്രയമുള്ള ഒന്നല്ല. ഈ ഗ്രന്ഥത്തിൽ പുരുഷന്മാരുടെ അവകാശങ്ങൾ സുരക്ഷിതമാക്കപ്പെട്ടതുപോലെ സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷിതമാണ്. ഭാര്യ, ഭർത്താവിന്റെ ബഹുഭാര്യത്വത്തിൽ വെറുപ്പുള്ളവളാണെങ്കിൽ ന്യായാധിപൻ മുഖേന വിവാഹമോചനം (ഖുൽഅ്) ചെയ്യിക്കാവുന്നതാണ്. മുസ്ലിംകൾ അഭിമുഖീകരിക്കുന്ന വിവിധ കാര്യങ്ങളെക്കുറിച്ച് തന്റെ ശരീഅത്തിൽ പ്രതിപാദിക്കുക അല്ലാഹുവിന്റെ കടമയായിരുന്നു, ശരീഅത്ത് അപൂർണമാകാതിരിക്കാൻ. അതുകൊണ്ട് അല്ലയോ സ്ത്രീജനങ്ങളേ! നിങ്ങളുടെ ഭർത്താക്കന്മാർ രണ്ടാം വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന നേരത്ത് അല്ലാഹുവിനെക്കുറിച്ച് പരാതിപ്പെടാതിരിക്കുക. പ്രത്യുത നിങ്ങളെ എല്ലാ ആപത്തുകളിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് നിങ്ങൾ പ്രാർത്ഥിക്കുക. രണ്ട് ഭാര്യമാരെ വെച്ച് അവർക്കിടയിൽ നീതി പുലർത്താത്ത ഭർത്താവ് കഠിനദ്രോഹിയും ശിക്ഷാർഹനുമാണെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, നിങ്ങൾ സ്വയം അല്ലാഹുവിനോട് അനുസരണക്കേടു കാണിച്ച് ദൈവകോപത്തിനു പാത്രീഭൂതരാകരുത്. ഓരോരുത്തരും അവരവരുടെ പ്രവർത്തിയെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലവരാവുകയാണെങ്കിൽ നിങ്ങളുടെ ഭർത്താക്കന്മാരും നല്ലവരാക്കപ്പെടുന്നതാണ്. ശരീഅത്ത് വിവിധ കാരണങ്ങളാൽ ബഹുഭാര്യത്വം അനുവദനീയമാക്കിയിരിക്കുകയാണെങ്കിലും ദൈവിക നിർണ്ണയ നിയമം (ഖളാ വ ഖദ്ർ) നിങ്ങൾക്കായി തുറന്നു കിടക്കുന്നു. ശരീഅത്ത് നിയമം നിങ്ങൾക്ക് അസഹനീയമാണെങ്കിൽ പ്രാർത്ഥന മുഖേന ദൈവിക നിർണയ നിയമത്തെ പ്രയോജനപ്പെടുത്തുക. കാരണം ദൈവിക ഭക്തി കൈക്കൊള്ളുക. ദുൻയാവിനേയും അതിന്റെ സൗന്ദര്യത്തേയും അധികമായി സ്നേഹിക്കാതിരിക്കുക. വംശീയമായ അഹങ്കാരം വെച്ചു പുലർത്തരുത്. ഒരു സ്ത്രീയേയും പരിഹസിക്കരുത്. ഭർത്താക്കന്മാരുടെ കഴിവിന്നതീതമായ ആവശ്യങ്ങൾ അവരോട് ചോദിക്കരുത്. നിഷ്ക്കളങ്കരും പരിശുദ്ധരും ആയ രീതിയിൽ ഖബ്റുകളിൽ പ്രവേശിക്കുന്നതിനായി പരിശ്രമിക്കുക. നമസ്കാരം, സക്കാത്ത് മുതലായവ ദൈവികമായ കടമകളിൽ അനാസ്ഥ കാണിക്കരുത്. നിങ്ങളുടെ ഭർത്താക്കന്മാരെ ഹൃദയാത്മനാ അനുസരിക്കുക. അവരുടെ അന്തസ്സിന്റെ വലിയൊരു ഭാഗം നിങ്ങളുടെ കൈയ്യിലാണിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഈ ഉത്തരവാദിത്വങ്ങളെ അല്ലാഹുവിന്റെ പക്കൽ ഖാനിത്താത്ത് (അനുസരണശാലികൾ) സാലിഹാത്ത് (സാത്വികർ) എന്നിവരിൽ ഗണിക്കപ്പെടും വിധം മനോഹരമായി നിറവേറ്റുക. അമിതവ്യയം ചെയ്യരുത്. ഭർത്താക്കന്മാരുടെ പണം അനാവശ്യമായി ചെലവ് ചെയ്യാതിരിക്കുക. വിശ്വാസ വഞ്ചന ചെയ്യാതിരിക്കുക. മോഷ്ടിക്കരുത്. ആവലാതിപ്പെടരുത്. ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ മേൽ അല്ലെങ്കിൽ പുരുഷന്റെ മേൽ ദോഷാരോപണം ചെയ്യരുത്.

**സമാപനം**

നമ്മുടെ ജമാഅത്ത് ദൈവഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതിനും ഭൂമിയിൽ കത്തിക്കാളിക്കൊണ്ടിരിക്കുന്ന ദൈവക്രോധം അവരെ സമീപിക്കാതിരിക്കുന്നതിനും ഈ പ്ലേഗിന്റെ നാളുകളിൽ പ്രത്യേകമായ രീതിയിൽ അവർ സംരക്ഷിക്കപ്പെടുന്നതിനും വേണ്ടിയാണ് നാം ഈ ഉപദേശങ്ങൾ എഴുതിയിരിക്കുന്നത്. യഥാർത്ഥ തഖ്വ അഥവാ ദൈവഭക്തി (അഹോ കഷ്ടം! യഥാർത്ഥ വളരെ കുറഞ്ഞു പോയിരിക്കുന്നു) അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നു. അല്ലാഹു നിസ്സാരമായ നിലയിലല്ല. പ്രത്യുത ദൃഷ്ടാന്തമെന്ന നിലയിൽ പരിപൂർണ ഭക്തനെ വിപത്തുകളിൽ നിന്ന് രക്ഷിക്കുന്നു. ഭക്തനാണെന്ന് ഓരോ തന്ത്രശാലിയും അല്പജ്ഞാനിയും വാദിക്കുന്നുണ്ട്. എന്നാൽ, അല്ലാഹുവിന്റെ ദൃഷ്ടാന്തം കൊണ്ട് ഭക്തനാണെന്ന് സ്ഥാപിച്ചുകൊണ്ടിരിക്കുന്നവനാണ് യഥാർത്ഥ ഭക്തൻ. ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ഓരോരുത്തർക്കും പറയാം. എന്നാൽ ഏതൊരുവന്റെ സ്നേഹം ദൈവസാക്ഷ്യത്താൽ സ്ഥാപിതമാകുന്നുവോ അവനാണ് ദൈവത്തെ സ്നേഹിക്കുന്നവൻ.തന്റെ മതം സത്യമതമാണെന്ന് ഓരോരുത്തരും പറയുന്നു. എന്നാൽ, ഏതൊരാൾക്കാണോ ഈ ലോകത്ത് പ്രകാശം ലഭിക്കുന്നത് അയാളുടെ മതമാണ് സത്യമതം.തനിക്കു മോക്ഷം ലഭിക്കുന്നതാണെന്നു ഓരോരുത്തരും പറയുന്നു. എന്നാൽ, ഏതൊരാൾക്കാണോ ഈ ലോകത്തുതന്നെ മോക്ഷത്തിന്റെ വെളിച്ചം ലഭ്യമാകുന്നത് അയാൾ പറയുന്നതാണ് സത്യം. അതിനാൽ അല്ലാഹുവിന് പ്രിയങ്കരരായിത്തീരാൻ നിങ്ങൾ പരിശ്രമിക്കുക; നിങ്ങൾ ഓരോ ആപത്തിൽ നിന്ന് രക്ഷപ്പെടാൻ. പരിപൂർണ്ണ ഭക്തരാവുക.പ്ലേഗിനെക്കുറിച്ച് അല്ലാഹു പറഞ്ഞതെല്ലാം നിങ്ങൾ കേട്ടുകഴിഞ്ഞു. അത് കോപാഗ്നിയാണ്. അത് കൊണ്ട് നിങ്ങൾ സ്വയം ഈ കോപാഗ്നിയിൽ നിന്ന് രക്ഷപ്പെടുക.സത്യമായ രീതിയിൽ എന്നെ അനുഗമിക്കുന്നവൻ, ഒരുവിധ വിശ്വാസവഞ്ചനയോ അനാസ്ഥയോ അശ്രദ്ധയോ അവനിൽ ഇല്ലാതിരിക്കുകയും നന്മയും തിന്മയും കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുകയാണെങ്കിൽ രക്ഷിക്കപ്പെടും. എന്നാൽ, ഈ മാർഗ്ഗത്തിൽ അനാസ്ഥയോടെ ചുവടുവയ്ക്കുന്നവനും, തഖ്വയുടെ വഴികളിൽ പൂർണ്ണമായ രീതിയിൽ പദമൂന്നാത്തവനും ദുൻയാവിൽത്തന്നെ മുഴുകിയിരിക്കുന്നവനും തന്നത്താൻ പരീക്ഷണത്തിൽ അകപ്പെടുത്തുന്നു. ഓരോ ഭാഗത്തുനിന്നും അല്ലാഹുവിനെ അനുസരിക്കുക. ബയ്അത്ത് ചെയ്തവരിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് കരുതുന്ന ഓരോരുത്തർക്കും തന്റെ സ്വത്തിൽ നിന്ന് ഈ പ്രസ്ഥാനത്തിനുവേണ്ടി സേവനം ചെയ്യുവാനുള്ള സമയമാണിപ്പോൾ. ഒരു പൈസ കൊടുക്കുവാൻ കഴിവുള്ളയാൾ പ്രസ്ഥാന ചെലവുകൾക്കായി മാസന്തോറും ഒരു പൈസ നൽകുക. ഒരു രൂപ കൊടുക്കുവാൻ കഴിവുള്ളവർ ഒരു രൂപ കൊടുക്കുക, അല്ലാഹുവും അവരെ സഹായിക്കാൻ. മാസന്തോറും കൃത്യമായി അവരുടെ സഹായം ലഭിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത് കുറവാണെങ്കിലും വേണ്ടില്ല, ഒരു ദീർഘകാലം കൊടുക്കാതെ എപ്പോഴെങ്കിലും വല്ലതും അയക്കുന്നതിനേക്കാൾ നല്ലതായിരിക്കും. ഓരോ ആളുടെയും സത്യസന്ധത അയാളുടെ സേവനത്തിൽ നിന്ന് തിരിച്ചറിയപ്പെടുന്നു.

പ്രിയമുള്ളവരേ, ഇത് ദീനിനുവേണ്ടിയും ദീനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടിയും സേവനത്തിനുള്ള സമയമാണ്.ഈ അവസരം വിലപിടിച്ചതായി കരുതുക. പിന്നീടൊരിക്കലും ഇത് കൈവരികയില്ല. സക്കാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവർ ഇവിടേക്ക് തങ്ങളുടെ സക്കാത്ത് അയക്കുക. ഓരോരുത്തരും അനാവശ്യ ചെലവുകളിൽനിന്ന് തങ്ങളെ രക്ഷിക്കുക. ആ തുക ഈ വഴിയിൽ ചെലവഴിക്കുക. ദൈവാനുഗ്രഹവും പരിശുദ്ധാത്മാവിൽ നിന്ന് പാരിതോഷികവും ലഭിക്കുന്നതിന് സത്യസന്ധത കാണിക്കുക. കാരണം ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചവർക്കു വേണ്ടി തയ്യാറാക്കപ്പെട്ടതാണ് ഈ പാരിതോഷികം. നമ്മുടെ നബി തിരുമേനി(സ)യുടെ മേലുണ്ടായ പരുശുദ്ധാത്മാവിന്റെ ജ്യോതിസ്സ് മറ്റെല്ലാ ജ്യോതിസ്സിനേക്കാൾ ഉന്നതമാണ്. പരിശുദ്ധാത്മാവ് ഒരു പ്രവാചകന്റെമേൽ ചിലപ്പോൾ പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. മറ്റൊരു പ്രവാചകന്റെയോ അവതാരപുരുഷന്റേയോമേൽ പശുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഒരു പ്രവാചകന്റെമേൽ ആമയുടേയോ മുതലയുടേയോ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. എന്നാൽ പരിപൂർണ്ണമനുഷ്യനായ നമ്മുടെ നബി(സ) പ്രത്യക്ഷനാകുന്നതുവരെ പരിശുദ്ധാത്മാവ് മനുഷ്യരൂപത്തിൽ പ്രത്യക്ഷനാകുന്ന സമയം വന്നില്ല. ഹദ്റത്ത് നബികരീം(സ) നിയുക്തനായപ്പോൾ ആ പുണ്യാത്മാവ് പരിപൂർണ്ണ മനുഷ്യനായതുകൊണ്ട് പരിശുദ്ധാത്മാവും മനുഷ്യന്റെ രൂപത്തിൽത്തന്നെ പ്രത്യക്ഷപ്പെട്ടു. പരിശുദ്ധാത്മാവിന്റെ ശക്തമായ ജ്യോതിസ്സായിരുന്നു ഭൂമിതൊട്ടു ആകാശത്തിന്റെ ദിഗന്തംവരെ നിറഞ്ഞു നിന്നത്. അത് നിമിത്തം ഖുർആന്റെ അധ്യാപനം ബഹുദൈവവിശ്യാസങ്ങളിൽനിന്ന് സുരക്ഷിതമായി.

നിങ്ങൾ അത്തരം വ്യതദാസന്റെ അനുയായിയായിട്ട് എന്തിനാണ് ധൈര്യം കൈവെടിയുന്നത്. ഉപരിലോകത്ത് മലക്കുകൾകൂടി അത്ഭുതപ്പെടുകയും നിങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുകയും ചെയ്യുമാറ് നിങ്ങൾ നിങ്ങളുടെ സത്യസന്ധതയുടേയും പരിശുദ്ധിയുടേയും മാതൃക കാണിക്കുക.

നിങ്ങൾക്ക് ജീവിതം കിട്ടാൻ നിങ്ങൾ ഒരു മരണം സ്വീകരിക്കുക. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയിൽനിന്ന് നിങ്ങളുടെ അന്തരംഗം ശുദ്ധമാക്കുക - അല്ലാഹു അതിൽ ഇറങ്ങാൻ. ഒരുഭാഗത്തുനിന്ന് പൂർണ്ണമായും ബന്ധം വിച്ഛേദിക്കുക. ഒരു ഭാഗത്തു നിന്ന് തികവുറ്റ ബന്ധം സ്ഥാപിക്കുക. അല്ലാഹു നിങ്ങളെ സഹായിക്കട്ടെ.

(കശ്തിയെ നൂഹ്, റൂഹാനി ഖസായിൻ)


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# ഖുത്ബ ജുമുഅ

**ഞാൻ പറഞ്ഞിരുന്നു. മനുഷ്യൻ മുത്തഖിയായിത്തീരുന്നത് അവനിൽ ഉത്തമമായ എല്ലാസ്വഭാവങ്ങളും ഉണ്ടാകുമ്പോഴാണെന്ന് ഹദ്റത്ത് മസീഹ്മൗഊദ്(അ) ഉപദേശിച്ചിട്ടുണ്ട്.**

**ആ കാര്യങ്ങളിൽ ഒരു വിശ്വാസിയുടെ മൗലികമായതും ഏറ്റവും പ്രധാനപ്പെട്ടതുമായ സംഗതി സത്യത്തിൽ നിലകൊള്ളുക, കളവിൽ നിന്ന് രക്ഷപ്രാപിക്കുക എന്നതാണ്.**

**വാഗ്ദത്ത മസീഹി(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ സത്യസന്ധതയുടെ പ്രാധാന്യത്തെയും അതിന്റെ വിവിധ വശങ്ങളെയും സംബന്ധിച്ച് ജമാഅത്തംഗളെ ഉപദേശിക്കുന്നു.**

**ഈയിടെ നാഷണൽജിയോഗ്രഫിക് മാസികയിൽ പ്രസിദ്ധീകരിച്ച ഒരുലേഖനത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ കളവ് പറയുന്നതിന്റെ കാരണങ്ങളെക്കുറിച്ചുള്ള പരാമർശവും അതിനെക്കുറിച്ചുള്ള അവലോകനവും ഇസ്‌ലാമികധ്യാപനത്തിന്റെ വെളിച്ചത്തിൽ സത്യസന്ധതയും ചൊവ്വായ വാക്ക് പറയാനും നിഷ്ക്കർശിക്കുന്നു.**

**വിനയവും അഹങ്കാരത്തിൽ നിന്ന് വിട്ട് നില്ക്കലുമാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവനിൽ ഉണ്ടായിരിക്കേണ്ട പ്രധാന ധാർമ്മിക ഗുണം.**

**അഹങ്കാരത്തിന്റെ സൂക്ഷ്മവശങ്ങളെക്കുറിച്ചുള്ള പരാമർശവുംഅതിൽ നിന്ന് രക്ഷപ്പെടുകയും വിനയം കൈക്കൊള്ളേണ്ടതിന്റെ ആവശ്യതയെക്കുറിച്ചുമുള്ള ഉപദേശങ്ങൾ വാഗ്ദത്ത മസീഹി(അ) നിർദേശങ്ങളുടെ വെളിച്ചത്തിൽ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 ജൂൺ 16/1396 ഇഹ്സാൻ 16**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا
الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

തഖ്‌വാ അഥവാ ദൈവഭക്തിക്ക് സദ്സ്വഭാവം നിർബന്ധമാണെന്ന് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. മനുഷ്യൻ മുത്തഖിയായിത്തീരുന്നത് അവനിൽ ഉത്തമമായ എല്ലാ സ്വഭാവങ്ങളും ഉണ്ടാകുമ്പോഴാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിച്ചിട്ടുണ്ട്. അതിനാൽ എല്ലാ സദാചാരഗുണങ്ങളും സ്വായത്തമാക്കാൻ മുഅ്മിൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നിർദേശിച്ച എല്ലാ കല്പനകളും അവൻ പാലിക്കുകയും അല്ലാഹു വിരോധിച്ചതിൽ നിന്ന് വിട്ടുനില്ക്കുകയും ചെയ്യേണ്ടതാണ്. അപ്പോഴായിരിക്കും ഒരു മുത്തഖിക്ക് നിർബന്ധമായ ആ ഉദാത്തമായ സ്വഭാവങ്ങൾ അവനിൽ ഉണ്ടാകുന്നത്. പക്ഷേ, ചില സദാചാരഗുണങ്ങളുണ്ട്. അതൊരു സത്യവിശ്വാസിയിൽ ഇല്ലെങ്കിൽ അവന്റെ ഈമാനിന്റെ നിലവാരവും ഇടിഞ്ഞു പോകുന്നതായിരിക്കും. അതും ഉണ്ടോ എന്ന് നോക്കേണ്ടതാണ്. തഖ്‌വ പിന്നീടു വരുന്ന കാര്യമാണ്. ഈമാനിനെ ആദ്യം സംരക്ഷിച്ചു നിർത്തേണ്ട ആവശ്യകതയാണുള്ളത്. ആ കാര്യങ്ങളിൽ ഒരു വിശ്വാസിയുടെ മൗലികമായതും ഏറ്റവും പ്രധാനപ്പെട്ടതുമായ സംഗതി സത്യത്തിൽ നിലകൊള്ളുക, കളവിൽ നിന്ന് രക്ഷപ്രാപിക്കുക എന്നതാണ്. വിശുദ്ധഖുർ ആനിൽ അല്ലാഹു പറയുന്നു.

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوْا قَوْلَ الزُّوْرِ

അതിനാൽ ബിംബാരാധയുടെ മാലിന്യത്തിൽ നിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽ നിന്നും അകന്നുനില്ക്കുക(22:31)

ബിംബാരാധനയും കളവും ചേർത്തു പറഞ്ഞുകൊണ്ട്, നിങ്ങളുടെ ഉള്ളിൽ സത്യസന്ധതയും സത്യം പറയുന്ന ശീലവുമില്ലെങ്കിൽ അത് ബിംബങ്ങളെ പൂജിക്കുന്നതുപോലുള്ള വലിയ പാപമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഒരു മുഅ്മിൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും എന്നിട്ട് ബാഹ്യവും മറഞ്ഞതുമായ ബിംബങ്ങളുടെ മാലിന്യത്തിൽ കുടുങ്ങുകയും ചെയ്യുകഎന്നത് അസംഭാവ്യമാണ്.

അതിനാൽ ഇത് വളരെ വലുതും തുറന്ന നിലയിലുള്ളതും സ്പഷ്ടമായതുമായ മുന്നറിയിപ്പാണ്. വിശ്വാസിയാണെന്ന് വാദിക്കുന്ന ഒരുവൻ, മുഅ്മിനാണെങ്കിൽ സത്യസന്ധതയുടെ ഉന്നതമായ നിലവാരവും സ്വാംശീകരിക്കേണ്ടതായി വരും. ഇല്ലെങ്കിൽ തന്റെ വിശ്വാസത്തെ സംബന്ധിച്ച് ചിന്തിക്കുക. വാഗ്ദത്ത മസീഹ്(അ) ഇതുസംബന്ധിച്ച് വളരെ സ്പഷ്ടമായി ഉദ്ബോധിപ്പിച്ചിട്ടുണ്ട്. എന്താണ് വിഗ്രഹം, നിങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കാൻ, വിശ്വാസത്തെ അഭിവൃദ്ധിപ്പെടുത്താൻ വിഗ്രഹത്തിന്റെ മാലിന്യത്തിൽ നിന്ന് എങ്ങനെയാണ് വിട്ടു നില്ക്കേണ്ടത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. തന്റെ വിവിധ ഗ്രന്ഥങ്ങളിൽ ഈ കാര്യം അദ്ദേഹം ചർച്ച ചെയ്യുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി വളരെ വേദന പ്രകടിപ്പിച്ചിട്ടുണ്ട്.

നമ്മൾ നമ്മുടെ ഈമാനിനെ പ്രബലപ്പെടുത്തിക്കൊണ്ട് തഖ്‌വാ അഥവാ ഭക്തിയിലേക്ക് ഉയരുന്നവരാകാൻ അത് എല്ലാ അഹ്മദികളും എപ്പോഴും തങ്ങളുടെ മുമ്പിൽ വെക്കേണ്ട ആവശ്യമുണ്ട്. അദ്ദേഹത്തിന്റെ വിവിധ ഉദ്ധരണികൾ ഞാൻ ഇതു സംബന്ധമായി അവതരിപ്പിക്കുന്നതാണ്. പ്രത്യക്ഷ്യത്തിൽ കാര്യം ഒന്നു തന്നെയാണെന്ന് തോന്നുമെങ്കിലും ഓരോ വചനത്തിലും വേറിട്ട പാഠവും ഉപദേശവുമുണ്ട്.

തന്റെ ഗ്രന്ഥമായ നൂറുൽ ഖുർആനിൽ അദ്ദേഹം പറയുന്നു: വിശുദ്ധഖുർആൻ കളവ് പറയുന്നതിനെ ബിംബാരാധനയ്ക്ക് തുല്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു പറയുന്നു.

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوْا قَوْلَ الزُّوْرِ

അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽ നിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുക (22:31). (അതായത് രണ്ടും മാലിന്യങ്ങളാണ്. രണ്ടിനെയും വർജ്ജിക്കുക)

കളവു കാരണം മനുഷ്യൻ അല്ലാഹുവിൽ നിന്ന് അകലുമെന്ന് വാഗ്ദത്ത മസീഹ്(അ) പറയുകയുണ്ടായി. അല്ലാഹു വ്യാജം പറയുന്നവനെ ഉപേക്ഷിക്കുന്നുവെന്ന് പറയാം. അവിടുന്ന് അരുളുന്നു: വിഗ്രഹാരാധനയും കളവു പറയലും വർജ്ജിക്കുക. അതായത് കളവും ഒരു ബിംബമാണ്. അതിൽ വിശ്വസിക്കുന്നവൻ അല്ലാഹുവിലും വിശ്വാസം ഉപേക്ഷിച്ചുകളയുന്നു. അതിനാൽ കളവ് പറയുന്നതുകൊണ്ട് ദൈവവും കൈയിൽ നിന്ന് പൊയ്പ്പോകുന്നു.(ഇസ്ലാം മതതത്ത്വജ്ഞാനം, റൂഹാനി ഖസായീൻ വാല്യം 10, പേ.361)

അല്ലാഹുവിലുള്ള വിശ്വാസം ഉപേക്ഷിച്ചാൽ പിന്നെ അല്ലാഹു അയാളോട് അടുക്കുന്നതല്ല. ഇത് അദ്ദേഹം ഇസ്‌ലാം മതതത്ത്വജ്ഞാനം എന്ന ഗ്രന്ഥത്തിലാണ് പറഞ്ഞത്. പിന്നീട് ലക്ചർ ലാഹോർ എന്ന ഗ്രന്ഥത്തിൽ പറഞ്ഞു: വിഗ്രഹങ്ങളിൽ നിന്നും കളവിൽ നിന്നും വിട്ടുനില്ക്കുക ഇവ രണ്ടും അശുദ്ധങ്ങളാണ്.(ലക്ചർ ലാഹോർ, റൂഹാനി ഖസായീൻ വാല്യം 20. പേ. 157)

അതുകൊണ്ട് പരിശുദ്ധിയാർജ്ജിക്കാൻ കളവിൽ നിന്നും എല്ലാത്തരം ശിർക്കിൽ നിന്നും മനുഷ്യൻ രക്ഷ പ്രാപിക്കേണ്ടത് അനിവാര്യമാണ്.

ശേഷം അവിടുന്ന് ഒരു സദസ്സിൽ പറഞ്ഞു: വിശുദ്ധ ഖുർആൻ കളവിനെ മാലിന്യമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. അതു പറയുന്നു:

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوْا قَوْلَ الزُّوْرِ

(അൽഹജ്ജ് 31)

ഇവിടെ കളവിനെ ബിംബത്തിന് കിടനില്ക്കുന്നതായി വെച്ചിരിക്കുന്നു. യഥാർഥത്തിൽ കളവും ഒരു ബിംബമാണ്. ഇല്ലെങ്കിൽ സത്യത്തെ ഉപേക്ഷിച്ചുകൊണ്ട് മറുഭാഗത്തേക്ക് പോകുന്നതെന്തിനാണ്? വിഗ്രഹത്തിനു പിന്നിൽ ഒരു യാഥാർഥ്യവും ഇല്ലെന്നതു പോലെ കളവിന്റെ പിന്നിലും ബാഹ്യമായ പകിട്ടെല്ലാതെ ഒന്നുമില്ല. (തന്റെ സംഗതികൾക്ക് വെറും ബാഹ്യമായ പോളിഷ് ഇടുന്നു എന്നല്ലാതെ അതിന്റെ ഉള്ളിൽ ഒന്നുമുണ്ടാവില്ല)

പറയുന്നു: കളവു പറയുന്നവന്റെ വിശ്വാസം എത്രത്തോളം കുറഞ്ഞുപോകുന്നുവെന്നാൽ, ഇനി അവൻ സത്യം പറഞ്ഞാൽത്തന്നെയും

അതിലും കുറച്ചു കളവ് ചേർത്തിട്ടുണ്ടാകുമോ എന്ന ധാരണയായിരിക്കുമുണ്ടാകുക. കളവ് പറയുന്നവൻ തന്റെ കളവു കുറയണമെന്ന് എത്ര ആഗ്രഹിച്ചാലും പെട്ടെന്നത് കുറയുകയില്ല. (അവരുടെ ശീലം കാരണം അതു പെട്ടെന്ന് അകലുന്നതല്ല) പറഞ്ഞു: ദീർഘകാലംവരെ പ്രാക്ടീസ് ചെയ്യുമ്പോഴായിരിക്കും സത്യം പറയുന്നതിന്റെ ശീലം അവനിലുണ്ടാകുന്നത്. (മൽഫൂസാത്ത് വാള്യം3)

എല്ലാ കാര്യങ്ങളും തെറ്റായി വിവരിക്കുന്ന ശീലം ചിലർക്കുണ്ട്. ഈ ശീലം അകലുന്നതിനു വേണ്ടി നന്നായി പരിശ്രമിക്കേണ്ടി വരും. ഒരു ദീർഘകാലം വരെ പ്രയത്നിക്കുമ്പോഴാണ് സത്യം പറയുന്ന ശീലം ഉണ്ടാകുകയുള്ളു.

ഭൗതിക വിജയങ്ങൾ കരസ്ഥമാക്കുന്നതിന് എന്തെങ്കിലുമൊക്കെ കളവു പറയാതെ നിവൃത്തിയില്ലെന്ന് പറയുന്നവരുടെ കാഴ്ചപ്പാടുകളെ വിമർശിച്ചു കൊണ്ട് പറയുന്നു:

വിഗ്രഹാരാധനയോടൊപ്പം കളവിനെ ചേർത്തിരിക്കുകയാണ്. വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് കല്ലിന്റെ മുമ്പിൽ തല കുനിക്കുന്നതു പോലെ സത്യവും നേർവഴിയും ഉപേക്ഷിച്ച് തന്റെ ഉദ്ദേശ്യസാഫല്യത്തിനായി കളവിനെ ബിംബമാക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് അല്ലാഹു ഇതിനെ വിഗ്രഹാരാധനയുമായി ചേർത്തു പറഞ്ഞിരിക്കുന്നതും അതിനോടു ബന്ധിപ്പിച്ചിരിക്കുന്നതും; വിഗ്രഹാരാധകൻ വിഗ്രഹത്തിൽ നിന്ന് മോക്ഷം പ്രതീക്ഷുന്നതു പോലെ.

പറയുന്നു: കളവു പറയുന്നവനും ഒരു ബിംബം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ആ ബിംബത്തിലൂടെ മോക്ഷം കിട്ടുമെന്ന് അയാൾ വിചാരിക്കുന്നു.

പറയുന്നു: എത്രമാത്രം പരിതാപകരമാണ്. ബിംബാരാധനയെ വർജിക്കൂ, ഈ മാലിന്യത്തെ ഉപേക്ഷിക്കൂ എന്ന് അവരോട് പറഞ്ഞാൽ എങ്ങനെ ഉപേക്ഷിക്കാനാണ് ഇതില്ലാതെ നിവൃത്തിയില്ല എന്ന് അവർ പറയുന്നു. കളവിനെ തന്റെ ജീവിതത്തിന്റെ അച്ചുതണ്ടാക്കുന്നതിനെ ക്കാളുപരിയായി മറ്റെന്ത് ദൗർഭാഗ്യമാണുള്ളത്? എന്നാൽ, അവസാനം സത്യംതന്നെയായിരിക്കും വിജയിക്കുക എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നല്കുന്നു. ക്ഷേമവും വിജയവും അതിനു തന്നെയായിരിക്കും.

അവിടന്ന് പറയുന്നു: തീർച്ചയായും ഓർത്തുകൊള്ളുക! കളവുപോലെ അശുഭകരമായ മറ്റൊരു കാര്യവുമില്ല. പൊതുവെ ഇഹഭോഗതത്പരൻ പറയുന്നത് സത്യം പറയുന്നവൻ അറസ്റ്റ് ചെയ്യപ്പെടുന്നുവെന്നാണ്. എന്നാൽ, എനിക്ക് അത് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക? എനിക്കെതിരെ ഏഴ് കേസുകൾ ഉണ്ടായി. ദൈവകൃപയാൽ ഒരു കേസിലും ഒരു വാക്കുപോലും കളവു എഴുതേണ്ട ആവശ്യം എനിക്കുണ്ടായിട്ടില്ല. ഏതെങ്കിലും ഒന്നിൽ ഞാൻ പരാജയപ്പെട്ടതായി നിങ്ങൾക്കു പറയാനാവുമോ? അല്ലാഹു സത്യത്തെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനുമാണ്. സത്യവാനായ മനുഷ്യനെ അവൻ ശിക്ഷിക്കുമോ?(സത്യം പറയുന്നവനെ അവൻ എപ്പോഴെങ്കിലും ശിക്ഷിക്കുമോ?) അങ്ങനെയാണെങ്കിൽ ലോകത്ത് ഒരു മനുഷ്യനും സത്യം പറയാൻ തന്റേടം കാണിക്കുകയില്ല. ദൈവത്തിലുള്ള ശരിയായ വിശ്വാസം ഉയർന്നുപോകുന്നതുമാണ്. സത്യവാൻ ജീവച്ഛവമായിത്തീരും.

പറയുന്നു: സത്യം പറയുന്നതുകൊണ്ട് ആർക്കെങ്കിലും ശിക്ഷ ലഭിക്കുന്നുണ്ടെങ്കിൽ അതു സത്യം പറയുന്നതുകൊണ്ടല്ല. മറിച്ച് അവരുടെ മറ്റു ചില മറഞ്ഞിരിക്കുന്നതായ തിന്മകൾ കൊണ്ടാണെന്നതാണ് യാഥാർഥ്യം. (ഏതെങ്കിലും കേസിൽ കുടുങ്ങി സത്യം പറഞ്ഞാലും ശിക്ഷ ലഭിക്കുന്നു. അന്നേരം നന്മയുടെ താത്കാലിക ഘട്ടം അയാളിൽ ഉണ്ടാകുന്നു. അപ്പോൾ ശിക്ഷിക്കപ്പെട്ടാൽ സത്യം പറഞ്ഞതുകൊണ്ടാണെന്ന് വിചാരിക്കരുത്.മറിച്ച് മറ്റു തെറ്റുകളുടെയും ദുർവൃത്തികളുടെയും ശിക്ഷയാണെന്നാണ് ഹുസൂർ അലൈഹിസ്സലാം പറയുന്നത്). മറ്റേതെങ്കിലും കളവിന്റെ ശിക്ഷയായിരിക്കും ലഭിക്കുന്നത്. ദൈവത്തിന്റെ പക്കൽ അവരുടെ തിന്മകളുടെയും ദ്രോഹങ്ങളുടെയും ഒരു പരമ്പര തന്നെ ഉണ്ടാകുന്നു. അവരുടെ ഒരുപാട് പാപങ്ങൾ ഉണ്ടാകുന്നു. അവയിൽ ഏതെങ്കിലും ഒന്നിൽ അവർക്ക് ശിക്ഷ കിട്ടുകയാണ് ചെയ്യുന്നത് (റൂഹാനി ഖസായീൻ വാള്യം20.)

നമ്മുടെ കർമ്മങ്ങളുടെ എല്ലാ റെക്കോഡും അല്ലാഹുവിന്റെ പക്കൽ സുരക്ഷിതമാണ്. ജനങ്ങളുടെ കമ്പ്യൂട്ടറാണെങ്കിൽ കേടുവരികയും ഹാക്ക് ചെയ്യപ്പെടുകയും സൈബർ ആക്രമണത്താൽ ഡാറ്റ മുഴുവനും ഇല്ലാതായി പോവുകയും ചെയ്യും. എന്നാൽ അല്ലാഹുവിന്റെ പക്കലുള്ള ഡാറ്റയെ ആർക്കും ഇല്ലാതാക്കാൻ കഴിയില്ല. അവയെല്ലാം അവന്റെ പക്കലുണ്ട്. മനുഷ്യർ മറ്റു പല വിധേനയും ദുനിയാവിലെ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടേക്കാം. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കാനാവില്ല.

അതുകൊണ്ട് പറഞ്ഞു: സ്ഥിരമായി നന്മകളുടെ ശീലമുണ്ടാക്കേണ്ടതാണ്. നന്മകളിൽ സ്ഥിരത കൈവരിക്കേണ്ടതാണ്. ഇസ്തിഗ്ഫാർ അഥവാ പൊറുക്കലിനെ തേടുമ്പോൾ മറ്റു തിന്മകളിൽ നിന്ന് രക്ഷപ്രാപിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. പിന്നീട് അതിൽ എപ്പോഴും ഉറച്ചുനിൽക്കാൻ ശ്രമിക്കുകയും വേണം.

കളവ് എങ്ങനെ ഉപേക്ഷിക്കും? അതില്ലാതെ നിവൃത്തിയില്ല എന്ന് ലൗകികൻ പറയുന്നുവെന്ന് വാഗ്ദത്ത മസീഹ്(അ) പറയുന്നു. ഇതവർ ചെയ്യുന്നത് വലിയ ഗുണം കിട്ടാനല്ല. ലൗകികന്റെ അവസ്ഥയാണെങ്കിൽ എല്ലാ കാര്യത്തിലും അതിനിസാരമായ കാര്യങ്ങളിൽപോലും കളവ് പറയുന്നു. കഴിഞ്ഞ ദിവസം നാഷണൽ ജിയോഗ്രാഫിക്കിന്റെ ഒരു മാസിക വന്നിരുന്നു. അതിൽ കളവിനെ സംബന്ധിച്ച് വിവിധ ലേഖനങ്ങൾ ഉണ്ടായിരുന്നു. അതിൽ കളവിനെക്കുറിച്ച് വലിയൊരു ലേഖനവുമുണ്ടായിരുന്നു. നമ്മൾ എന്തിന് കളവ് പറയുന്നു എന്നതിനെ കുറിച്ചുള്ള ഗവേഷണമായിരുന്നു ആ ലേഖനം. വിജയങ്ങൾ പ്രത്യക്ഷ്യത്തിൽ കളവു മുഖേന ലഭിക്കുന്നു എന്ന് അത് പറയുന്നു. വാഗ്ദത്ത മസീഹ്(അ) പറഞ്ഞതു പോലെയാണ് അതും എഴുതിയിരിക്കുന്നത്. കളവു പറയുന്നത് മനുഷ്യന്റെ പ്രകൃതമാണെന്ന് സ്ഥാപിക്കാനാണ് ലേഖകൻ ശ്രമിച്ചിരിക്കുന്നത്. എന്നാൽ അവനെ കളവ് പറയുന്നവനാക്കുന്നത് അവന്റെ പ്രകൃതമല്ല; അവന്റെ ചുറ്റുപാടാണ്. ഇവർക്ക് സ്വന്തം ഭൗതിക താത്പര്യങ്ങളും ഉണ്ടാകും. അങ്ങനെ അയാൾ ആ ലേഖനത്തിൽ കളവ് പറയുന്നതിനെപ്പറ്റി വിശദീകരിച്ചു. ഈ ശീലം ചെറുപ്പം മുതൽ ഉണ്ടാകുമെന്ന് ന്യായീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ കുട്ടിക്കാലത്തെ ചുറ്റുപാടാണ് ആ ശീലം ഉണ്ടാക്കുന്നത്. നുണ പറയൽ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ചിത്രങ്ങൾ വളരെ അഭിമാനത്തോടെ നല്കുന്ന അവസ്ഥയിലേക്കാണ് ഇവർ എത്തിയിരിക്കുന്നത്. ഇതിൽ അവർ ചാമ്പ്യരാവുകയും സമ്മാനം നല്കപ്പെടുകയും ചെയ്യുന്നു. താൻ പറയുന്ന കഥകൾ ചിലതൊക്കെ ശരിയാണെന്നാണ് സമ്മാനം വാങ്ങിയവരിൽ ഒരാൾ പറഞ്ഞത്. അതേസമയം ആ കഥകളിൽ നുണ ചേർത്തില്ലെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതു പോലെ, ജനങ്ങൾക്ക് തന്റെ കഥകൾ ബോറിങ്ങ് ആവുകയും ആരും ശ്രദ്ധിക്കുകയില്ലെന്നുമാണ് പറയുന്നത്. അതുകൊണ്ട് ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കാനാണ് അയാൾ കളവ് പറയുന്നത്.

കുട്ടികൾ, രാഷ്ട്രീയക്കാർ, വിവിധ വിദഗ്ദ്ധർതൊട്ട് ശാസ്ത്രജ്ഞരുടെ സംസാരത്തിൽ പോലും കളവ് അടങ്ങിയിരിക്കുന്നു. ഈ സമൂഹത്തിൽ, ചുറ്റുപാടിൽ എല്ലായിടത്തും കളവ് കാണപ്പെടുമാറ് വ്യാപിച്ചിരിക്കുന്നു. ഇതിൽ നിന്ന് രക്ഷപ്പെടാൻ വഴിയൊന്നുമില്ലെന്ന് കരുതുന്നതിനാൽ കളവു പറയാൻ അവർ നിർബന്ധിതരാവുന്നു.

പാശ്ചാത്യരുടെ സത്യത്തിന്റെ നിലവാരം വളരെ ഉന്നതമാണെന്ന് പറയുന്ന നാം ഈ ലേഖനം വായിക്കുമ്പോൾ അവരുടെ എല്ലാ കാര്യങ്ങളും കളവിൽ അധിഷ്ഠിതമാണെന്ന് തോന്നും. അവർ നടത്തിയ ആദ്യ സർവ്വേയിൽ മനസ്സിലായത് ഓരോ വ്യക്തിയും ദിവസവും മൂന്നുനാല് കളവ് പറയുന്നുണ്ടെന്നാണ്. ഈ കളവുകളെല്ലാം വിവിധ തരത്തിലുള്ളവയാണ്. ആരെങ്കിലും വഴി ചോദിച്ചാൽ ഗൈഡൻസ് ചോദിച്ചാൽ ശരിയായനിലയിൽ പറഞ്ഞുകൊടുക്കാതെ അതിലും കളവ് പറയും. ആരെയെങ്കിലും വഞ്ചിക്കണമെങ്കിൽ അതിലും കളവ് പറയുന്നു. ഈ റിസേർച്ച് അനുസരിച്ച് കളവിന് കാരണങ്ങളുമുണ്ട്. വഞ്ചിക്കാൻ, തന്റെ ദൗർബല്യങ്ങൾ മറച്ചുവെക്കാൻ, തന്നെക്കുറിച്ച് നല്ല ഖ്യാതി ഉണ്ടാക്കാൻ പല കള്ളങ്ങളും പറയുന്നു. സ്വാർഥ താത്പര്യങ്ങൾക്കു വേണ്ടി കളവു പറയുന്നു. ഇവയൊക്കെ ചെറിയ ചെറിയ കളവുകളാണ്.

വലിയ കളവുകളിൽ അവർ പറഞ്ഞിരിക്കുന്നത് ഭാര്യയും ഭർത്താവും അന്യരുമായുള്ള അവിഹിത ബന്ധങ്ങൾ മറച്ചുവെക്കാൻ കളവ് പറയുന്നതാണ്. ഭാര്യയുടേയും ഭർത്താവിന്റേയും സുഹൃദ് ബന്ധങ്ങൾ തെറ്റായ രീതിയിൽ ആകുമ്പോൾ അതിൽ കളവ് പറയേണ്ടതായിവരുന്നു. സ്വതന്ത്ര ഇടപെടലുകൾ കാരണം പല തെറ്റായ ബന്ധങ്ങളും ഉടലെടുക്കുന്നു എന്നത് ഒരു സ്വതന്ത്ര സമൂഹത്തിന്റെ പോരായ്മയാണ്. പിന്നീട് കളവിന്റെ രഹസ്യം പുറത്തുവരുമ്പോൾ അടിപിടി തുടങ്ങുകയും ബന്ധം അകലുകയും അവസാനം ത്വലാഖ്വരെ അത് എത്തിച്ചേരുകയും ചെയ്യുന്നു.

നിങ്ങൾ പരിശോധിക്കുകയാണെങ്കിൽ നമ്മുടെ ഇവിടേയും ത്വലാഖും ഖുലയും വീടുകളിലെ മറ്റു കലഹങ്ങളും ഉണ്ടാകുന്നത് കളവിനെ ആശ്രയിക്കുന്നതുകൊണ്ടാണെന്ന് കാണാം. അടിസ്ഥാനപരമായ ഈ മനഃശാസ്ത്രം മനസ്സിലാക്കിക്കൊണ്ടാണ് നിക്കാഹിന്റെ ഖുത്ബയിൽ നമ്മൾ ഓതുന്ന വചനങ്ങളിൽ യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വ ഖൂലൂ ഖൗലൻ സദീദാ എന്ന വചനവും ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വസിച്ചവരേ! അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുകയും ചെയ്യുക.(33:71) പിന്നീട് പറഞ്ഞു: യുസ്ലിഹ് ലക്കുംഅഅ്മാലക്കും വയഗ്ഫിർലക്കും ദുനൂബക്കും വമൻയുത്വിയില്ലാഹ ഫഖദ്ഫാസഫൗസൻ അളീമാ നിങ്ങൾ അങ്ങനെ ചെയ്യുന്നതായാൽ അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനേയും അവന്റെ ദൂതനേയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാ പിക്കുന്നതാണ്.(33:72)

സ്വാതന്ത്ര്യമുണ്ടാകുമ്പോൾ അതിന്റെ പേരിൽ പർദ ഉന്മൂലനം ചെയ്യപ്പെടുന്നു. പർദ ഉന്മൂലനംചെയ്യപ്പെടുമ്പോൾ പിന്നീട് സംശയങ്ങളും വിശ്വാസമില്ലായ്മയും ഉണ്ടാകുന്നു. വീണ്ടും കളവിനെ ആശ്രയിക്കേണ്ടി വരുന്നു. അത് അവസാനിക്കാതെ തുടർന്നുകൊണ്ടിരിക്കുന്നു.

എന്തായാലും അല്ലാഹു ഇവിടെ ഭാര്യഭർത്താക്കന്മാരുടെ ബന്ധത്തിൽ എത്രത്തോളം സത്യസന്ധതയുടെ കാര്യം പറഞ്ഞുവെന്നാൽ അതിലൊരു ചതിയും ഉണ്ടാകാൻ പാടില്ല. സത്യത്തിന്റെ ഏറ്റവും ഉന്നതമായ നിലവാരം

ഉണ്ടാവണം. അതുമുഖേന നിങ്ങളുടെ ബന്ധങ്ങൾ മനോഹരമായിത്തീരുന്നതോടൊപ്പം നിങ്ങളുടെ കുട്ടികളും ഒരുപാട് പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെടുന്നതാണ്. അല്ലാഹു നിങ്ങളുടെ പാപങ്ങളും പൊറുത്തു തരുന്നതാണ്. 'ഫൗസെ അളീമും' മഹത്തായ വിജയവും നല്കുന്നതാണ്. ഇതാണ് ഇസ്‌ലാമിന്റെ മനോഹരമായ കല്പന. പക്ഷേ എന്നിട്ടും ചൊവ്വായ കാര്യങ്ങൾ പറയാത്തവൻ ബന്ധങ്ങളെ വഷളാക്കുകയാണ് ചെയ്യുന്നത്.കളവു കാരണം തന്റെ വിശ്വസ്തതയെ നിലനിർത്താനാകുന്നില്ല. അതിനേക്കാൾ കൂടുതൽ ദൗർഭാഗ്യത മറ്റെന്താണ്? ഇവിടെ ഖുലയുടെ ത്വലാഖിന്റെ തോത് വർദ്ധിക്കാൻ കാരണം ദൈവകല്പനയിൽ നിന്നുള്ള അകൽച്ചയാണ്.

യാതൊരു മാർഗനിർദേശവും ലഭിക്കാത്ത ഈ ലൗകികൻ ഭാര്യഭർത്താക്കന്മാർ തമ്മിലുള്ള ഈ കളവ് പറച്ചിലിനെ 'സീരിയസ് ലൈ' എന്നാണ് എഴുതിയിരിക്കുന്നത്. വ്യാകുലപ്പെടുത്തുന്ന വലിയ കളവാണിത്. എന്നാൽ മാർഗദർശനമുള്ളവർ ഇങ്ങനെ ചെയ്താൽ അത് കൂടുതൽ ഗൗരവാഹവും ഭയാനകവുമായ സാഹചര്യമായിരിക്കും ഉടലെടുക്കുക. കാരണം, അവർ ദൈവകല്പനയെ ധിക്കരിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള വ്യക്തിക്ക് പാപപൊറുതി ചെയ്യാൻ സാധിക്കാതെ വരികയും വിജയത്തിന്റെ ദൈവികവാഗ്ദാനങ്ങളിൽ നിന്ന് തള്ളപ്പെടുകയും ചെയ്യുന്നതാണ്. ആയതിനാൽ ഈ മനോഭാവം പുലർത്തുന്നവർക്ക് വളരെ ആശങ്കയുണ്ടാക്കുന്നതാണ് ഇത്.

ജനങ്ങൾ പൊതുവേ തങ്ങളുടെ തെറ്റുകൾ മറച്ചു വെയ്ക്കാനാണ് കളവു പറയുന്നതെന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ജനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി, ജനങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിന്ന് രക്ഷപ്പെടാൻ താൻ വീട്ടിലില്ലെന്ന് ഭാര്യയോടും മക്കളോടും പറഞ്ഞേൽപിക്കുന്നു. ചിലർ വരുന്നവരോടോ ഫോൺ ചെയ്യുന്നവരോടോ ഉപ്പ, അല്ലെങ്കിൽ ഉമ്മ വീട്ടില്ലെന്ന് പറയാൻതങ്ങളുടെ മക്കളോട് പറയുന്നു. ഇങ്ങനെ അവർ തങ്ങളുടെ മക്കൾക്കു കളവിന്റെ ശീലമുണ്ടാക്കുന്നു. ഇത് പ്രകൃതമല്ല, മറിച്ച് മുതിർന്നവരുടെ ചെയ്തികളാണ്. അത് പിന്നീട് മക്കളെയും കളവിലേക്ക് നയിക്കുന്നു.

യാതൊരു ബാഹ്യപ്രേരണയും കൂടാതെ ശീലം കൊണ്ടു ജനങ്ങൾ കളവു പറയുന്നു എന്നാണ് അദ്ദേഹം എഴുതുന്നത്. ഈ ശീലവും വാസ്തവത്തിൽ ചുറ്റുപാടുകൾ കാരണത്താലാണ് ഉണ്ടാകുന്നത്. യാഥാർഥ്യങ്ങളെ അവഗണിക്കാൻ, ശരിയായ സംഗതികൾ പറയാതിരിക്കാൻ കളവു പറയാറുണ്ടെന്നാണ് അദ്ദേഹം എഴുതുന്നത്. യാഥാർഥ്യങ്ങളെ മറച്ചു വെയ്ക്കാൻ കളവു പറയുന്നു.

മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കാനും കളവു പറയുന്നു. നല്ലവനാണെന്ന് കാണിക്കാൻ കളവു പറയുന്നു. മറ്റുള്ളവരെ ചിരിപ്പിക്കാൻ കളവു പറയുന്നു. കളവ് കലർന്ന തമാശകഥകൾ പറഞ്ഞു ചിരിക്കുന്നു. എന്നാൽ, നല്ല ശുദ്ധമായ തമാശകളാണ് പറയേണ്ടത്.

സ്വന്തം താത്പര്യത്തിനു വേണ്ടി കളവു പറയുന്നു. കൂടാതെ സാമ്പത്തിക നേട്ടത്തിനു വേണ്ടിയും കളവു പറയുന്നു. ആ സർവേ കളവ് പറയുന്ന എല്ലാവരുടെയും ശതമാന കണക്ക് കൊടുത്തിട്ടുണ്ട്. അതിൽ തെറ്റ് മറച്ചു വെയ്ക്കുന്നവർ, സമ്പത്തിക നേട്ടം ആഗ്രഹിക്കുന്നവർ, മറ്റു സ്വാർഥ താത്പര്യങ്ങൾ നേടാൻ ആഗ്രഹിക്കുന്നവർ ജനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ, അഭിമുഖീകരിക്കാതിരിക്കാൻ നോക്കുന്നവർ തുടങ്ങിയവരെയാണ് കളവു പറയുന്നവരായി കൊടുത്തിട്ടുള്ളത്. ഒരാൾക്ക് തെറ്റ് പറ്റിയാൽ അയാൾ അതിൽ നിന്ന് വിട്ടു നില്ക്കാറുമുണ്ട്.

സർവേ പറയുന്നത് ഈ നാല് കൂട്ടരാണ് ഏറ്റവും കൂടുതൽ കളവു പറയുന്നതെന്നാണ്. അതായത്, തെറ്റ് മറച്ചു വെയ്ക്കൽ, സാമ്പത്തിക നേട്ടം, മറ്റു താത്പര്യങ്ങൾ, ജനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറൽ.(നാഷണൽ ജിയോഗ്രഫി 2017 ജൂൺ.)

സത്യത്തിന്റെ നിലവാരം നമ്മെക്കാൾ വളരെ കൂടുതലാണെന്ന് നമ്മളിലുള്ള ചിലർ തന്നെ കരുതുന്നവരുടെ അവസ്ഥയാണിത്. ഇവരാണ് നമുക്ക് മാനദണ്ഡമെങ്കിൽ ഒരു വിശ്വാസി എന്ന് വിളിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ആശങ്കയുണ്ടാക്കുന്ന കാര്യമാണിത്. ഇക്കൂട്ടരാണെങ്കിൽ ദൈവത്തിൽ വിശ്വസിക്കാത്തവരോ ബഹുദൈവാരാധകരോ ആണ്. പക്ഷേ, വിശ്വാസികളെന്ന് വാദിക്കു ന്ന നാം, മതാധ്യാപനമനുസരിച്ച് പ്രവർത്തി ക്കുന്നവരെന്ന് വാദിക്കുന്നവർ, അവർ സത്യ ത്തിൽ നിന്ന് മാറിയാൽ അവർ ദീനിൽ നി ന്ന് മാറുന്നവരാകുമെന്ന് മാത്രമല്ല, ശിർക്ക് ചെയ്യുന്നവരായി തീരുകയും ചെയ്യുന്നതാണ്.അതിനാൽ നമുക്ക് നമ്മുടെ സത്യതയുടെ നി ലവാരങ്ങളെ ഉരച്ചുനോക്കേണ്ട ആവശ്യമുണ്ട്. അതിൽ ദൃഷ്ടിപതിപ്പിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു സാക്ഷികളോടു കള്ള സാക്ഷ്യം പറയരുതെന്ന് പറയുന്നു. ഇബാദുർറഹ്മാനെ സംബന്ധിച്ച് അല്ലാഹു പറയുന്നത്, വല്ലദീന ലാ യശ്ഹദൂനസ്സൂറ അവർ കള്ള സാക്ഷ്യം പറയുകയില്ലെന്നാണ്. അതുകൊണ്ട് നമ്മുടെ സാക്ഷ്യങ്ങൾ സാമ്പത്തിക നേട്ടത്തിനോ സ്വാർഥ താത്പര്യങ്ങൾക്കോ വേണ്ടി വ്യാജമായത് ആകരുത്. മറ്റു ലക്ഷ്യങ്ങൾക്കു വേണ്ടിയോ കള്ളസാക്ഷ്യം പറയരുത്. എന്തെന്നാൽ, പരമകാരുണികനായ ദൈവത്തിന്റെ ദാസരാകണമെന്നും ഈമാനിൽ അഭിവൃദ്ധിപ്പെടണമെന്നും നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ കളവിൽനിന്ന് രക്ഷപ്പെടേണ്ടിവരും. എന്നല്ല, പിശാചിൽ നിന്ന് രക്ഷപ്പെടാനും ഇത് അനിവാര്യമാണ്. കളവ് പറയുന്നതിലൂടെ കാരുണ്യവാനായ ദൈവത്തിൽ നിന്ന് ബന്ധം വിച്ഛേദിക്കപ്പെടുന്നതാണ്. അവനുമായുള്ള ബന്ധം മുറിഞ്ഞു പോയാൽ പിന്നെ, വാഗ്ദത്ത മസീഹ്) പറഞ്ഞതു പോലെ പിശാച് ആയിരിക്കും പിന്നീട് അവനോട് ബന്ധം സ്ഥാപിക്കുക. മനുഷ്യൻ പിശാചിന്റെ പിടുത്തത്തിൽ വരുന്നതാണ്.

എന്തായിരിക്കണം നമ്മുടെ സത്യത്തിന്റെ നിലവാരം? കളവിൽ നിന്ന് നാം എങ്ങനെയാണ് വിട്ടുനില്ക്കേണ്ടത്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നിങ്ങൾ കൊല ചെയ്യരുതെന്ന് എനിക്കിപ്പോൾ ഉപദേശിക്കേണ്ട ആവശ്യമില്ല. കാരണം അങ്ങേയറ്റം ദ്രോഹിയായ മനുഷ്യനല്ലാതെ മറ്റാരാണ് അന്യായമായ നിലയിൽ കൊല ചെയ്യാൻ ഒരുങ്ങുന്നത്?(ആരും കൊല ചെയ്യുന്നില്ല) എന്നാൽ, അനീതിയിൽ ശാഠ്യം പിടിച്ച് സത്യത്തെ കൊല്ലരുത്. സത്യത്തെ നിങ്ങൾ സ്വീകരിക്കുകയെന്ന് ഞാൻ പറയുന്നു; അതൊരു കുട്ടിയിൽ നിന്നായാൽപോലും. എതിരാളിയുടെ ഭാഗത്ത് സത്യം കണ്ടാൽ ഉടനെ നിങ്ങളുടെ വരണ്ട ലോജിക് ഉപേക്ഷിക്കുക.(സത്യമായ സംഗതി പറയുന്നത് ഒരു കുട്ടിയാണെങ്കിൽ പോലും അതു സ്വീകരിക്കേണ്ടതാണ്.വാശി പിടിക്കരുത്) പറയുന്നു: സത്യത്തിൽ നിലകൊള്ളുക. സത്യമായ സാക്ഷ്യം പറയുക. ഫജ്തനിബുർരിജ്സ മിനൽ ഔഥാനി വജ്തനിബൂ ഖൗലസ്സൂർ അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നു നില്ക്കുക, കാരണം അത് ബിംബാരാധന പോലെയാണ്.(22:31)

പറയുന്നു: ഏതൊന്നാണോ സത്യത്തിൽനിന്ന് നിങ്ങളുടെ മുഖം തിരിക്കുന്നത് അത് നിങ്ങളുടെ വഴിയിലെ ബിംബമാണ്. നിങ്ങളുടെ പിതാക്കന്മാർക്കും നിങ്ങളുടെ സഹോദരങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും എതിരാണെങ്കിൽപോലും സത്യമായ സാക്ഷ്യം പറയുക. ഒരു ശത്രുതയും നിങ്ങളെ നീതിയിൽ നിന്ന് തടയരുത്.(ഇസാലെ ഔഹാം. റൂഹാനി ഖസായീൻ വാള്യം3). നീതിയിൽ നിന്ന് അകന്നാൽ കളവു പറയേണ്ടതായും വരും

നബി(സ) മൂന്ന് സാഹചര്യങ്ങളിൽ കളവു പറയാൻ അനുവാദം നല്കിയിരിക്കുന്നു എന്നും തന്റെ മതം മറച്ചു വെയ്ക്കാൻ കളവു പറയാമെന്ന് വിശുദ്ധഖുർആൻ വ്യക്തമായി കല്പിക്കുന്നുവെന്നും അതേസമയം സുവിശേഷങ്ങളിൽ അതിനുള്ള അനുവാദമില്ലെന്നും ഒരു ക്രിസ്ത്യാനി ആക്ഷേപിച്ചു.

അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: നന്മയെക്കുറിച്ച് വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നതിന്റെ പത്തിലൊന്നു പോലും ഇഞ്ചീൽ നിഷ്ക്കർശിക്കുന്നുണ്ടെന്ന് ഞാൻ ഒരിക്കലും അംഗീകരിക്കില്ല. കളവ് പറയുന്നത് ബി ംബാരാധനയ്ക്ക് തുല്യമാണെന്നാണ് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത്. അല്ലാഹു പറയുന്നു: ഫജ്തനിബുർ രിജ്സ മിനൽ ഔസാനി വജ്തനിബൂ ഖൗലസ്സൂറി അതായത് ബിംബത്തിന്റെയും കളവിന്റെയും മാലിന്യത്തിൽ നിന്ന് വിട്ട് നില്ക്കുക. മറ്റൊരു സ്ഥലത്ത് പറയുന്നു: യാ അയ്യുഹല്ലദീനആമനൂ! കൂനൂ ഖവ്വാമീന ബിൽഖിസ്ത്വി ശുഹ്ദാഅ ലില്ലാഹി വ ലൗ അലാ അൻഫുസിക്കും അവിൽവാലിദയ്നി വൽഅഖ് റബീൻ അല്ലയോ വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായും നീതി പാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അതു നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. (4:136) സത്യത്തിന്റെ നിലവാരം ഇതാണ്. നീതിയുടെ നിലവാരവും ഇതു തന്നെയാണെന്നതിൽ സംശയമില്ല.പക്ഷേ, സത്യം ഉണ്ടാകാത്തിടത്തോളം നീതി സ്ഥാപിതമാവുകയില്ല. ഈ നിലവാരമാണ് ഒരു മുഅമിന് നിർബന്ധമായും ഉണ്ടാകേണ്ടത്.

ഇക്കാര്യം കൂടുതൽ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പൂർണമായും സത്യത്തിൽ ചുവട് വെക്കാതെ കരസ്ഥമാകാത്ത നീതിയെക്കുറിച്ച് അല്ലാഹു പറയുന്നു: ലാ യജ്രിമന്നക്കും ശന ആനു ഖൗമിൻ അൻസ്വദ്ദൂക്കും അനിൽ മസ്ജിദിൽ ഹറാമി അൻതഅ്തദൂ വ തആവനൂഅലൽബി ർറി വത്തഖ്‌വാ. അതായത് ശത്രുജനതയുടെ ശത്രുത നിങ്ങൾക്ക് നീതി പുലർത്തുന്നതിന് തടസ്സമാകരുത്. (5:3) നീതിയിൽ നിലകൊള്ളുക. തഖ്‌വ അതിലാണുള്ളത്.

പറയുന്നു: മക്കയിലെ അവിശ്വാസികളെ പ്പോലെ ദ്രോഹപരമായി പീഡിപ്പിക്കുകയും രക്തം ചിന്തുകയും ദുരുദ്ദേശ്യത്തോടെ പിന്തുടരുകയും കുട്ടികളെയും സ്ത്രീകളെയും കൊന്നുകളയുകയും ചെയ്യുന്ന സമൂഹങ്ങൾ ആ കൃത്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുന്നില്ലെങ്കിൽ അത്തരം ആളുകളോട് നീതിയോടെ വർത്തിക്കുക എത്രമാത്രം പ്രയാസകരമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ വിശുദ്ധ ഖുർആൻ അങ്ങനെയുള്ള കൊടുംവൈരികളുടെ അവകാശങ്ങൾ പോലും ഹനിക്കാതെ നീതിയും സന്മാർഗവും ഉപദേശിക്കുകയാണ് ചെയ്തത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു, ശത്രുവിനോട് നല്ല നിലയിൽ പെരുമാറുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുവിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയും കേസുകളിൽ ന്യായവും നീതിയും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ പ്രയാസകരമാണ്. ഇത് യുവപുരുഷന്മാരുടെ പ്രവൃത്തിയാണ്.

പറയുന്നു: അധികമാളുകളും ശത്രുക്കളോട് സ്നേഹത്തോടും മധുരവാക്കുകളോടും പെരുമാറുന്നുവെങ്കിലും അവരുടെ അവകാശങ്ങളെ

ഹനിക്കുന്നു. (അവകാശങ്ങൾ ഹനിക്കുന്നതിന് കള്ളം പറയുന്നു. അനീതിയോടെ പ്രവർത്തിച്ചുകൊണ്ട് കളവ് പറയുന്നു.)

പറയുന്നു: ഒരു സഹോദരൻ മറ്റെ സഹോദരനെ സ്നേഹിക്കുമ്പോഴും ആ സ്നേഹത്തിന്റെ മറവിൽ വഞ്ചന കാണിച്ച് അവന്റെ അവകാശങ്ങളെ ധ്വംസിക്കുന്നു. ഒരു ഉദാഹരണം നല്കിക്കൊണ്ട് അവിടുന്ന് പറയുന്നു: ഉദാഹരണത്തിന് ഭൂവുടമയാണെങ്കിൽ അവന്റെ പേര് ആധാരത്തിലും മറ്റും ഒന്നും ചേർക്കുകയില്ല.(കടലാസ്സുകൾ, അതായത് സർക്കാർ രജിസ്റ്ററിൽ പേര് എഴുതിക്കുകയില്ല). എന്നാൽ കാണിക്കുന്ന സ്നേഹമാണെങ്കിലോ മരിക്കാൻ പോലും തയ്യാറാണെന്ന് തോന്നും. (ഇത്തരത്തിൽ ഒരുപാട് കേസുകൾ വരാറുണ്ട്. ചില ആളുകൾ തങ്ങളുടെ ബന്ധുക്കളുടെ സ്വത്തുക്കളുടെ കടലാസ്സുകളിൽ വ്യാജമായ നിലയിൽ പേര് മാറ്റുന്നു, അല്ലെങ്കിൽ ശരിയായ നിലയിൽ സാക്ഷ്യം രേഖപ്പെടുത്തുകയില്ല. അതു കാരണം അവർക്ക് സാമ്പത്തിക നഷ്ടം അനുഭവിക്കേണ്ടി വരുന്നു.

അവിടന്ന് പറയുന്നു: അല്ലാഹു ഈ വചനത്തിൽ സ്നേഹത്തെക്കുറിച്ച് പറഞ്ഞില്ല. മറിച്ച് സ്നേഹത്തിന്റെ നിലവാരത്തെക്കുറിച്ചാണ് പറഞ്ഞത്. കാരണം ആരാണോ തന്റെ വർഗ്ഗശത്രുവിനോട് നീതി കാണിക്കുകയും സത്യത്തിൽനിന്നും നീതിയിൽനിന്നും പിന്മാറാതിരിക്കുകയും ചെയ്യുന്നത് അവനാണ് സത്യമായ സ്നേഹവും പുലർത്തുന്നത്.

താത്ക്കാലിക നേട്ടങ്ങൾക്കു വേണ്ടിയാകാതെ, നിത്യവും സാധാരണ നടക്കുന്ന സംഗതികളിൽ മാത്രം ഒതുങ്ങാതെ,ഒരു സത്യവിശ്വാസിയുടെ സത്യത്തിന്റെ നിലവാരം ഇങ്ങനെയായിരിക്കേണ്ടതാണ്. അതായത് ഒരു ശത്രുവിനുപോലും നഷ്ടമുണ്ടാക്കുന്നതിനുവേണ്ടി കളവ് പറയരുത്. ശത്രുവിനോട് ഈ നിലവാരം പുലർത്തുമ്പോൾ പരസ്പരമുള്ള ബന്ധങ്ങളിൽ സത്യത്തിന്റെ നിലവാരം അഭിവൃദ്ധിപ്പെടുന്ന കാരണത്താൽ സ്നേഹത്തിന്റെ നിലവാരവും വർധിക്കുന്നതാണ്. സ്നേഹത്തിലും കളവ് ഉണ്ടാവുകയില്ല. ഒരാളോട് സനേഹമുണ്ടായിരിക്കെ കളവു പറയുക എന്നത് അസംഭവ്യമാണ്. എന്തെന്നാൽ, സ്നേഹം കഴിവിനതീതമായ സംഗതിയാണ്. ആയതിനാൽ, ഈ നിലവാരം സ്വായത്തമാക്കാനാണ് നാം ശ്രമിക്കേണ്ടണ്ടത്. സത്യത്തിന്റെ ഈ നിലവാരമുണ്ടായാൽ പിന്നെ സഹോദരനെ ഒരു വിധത്തിലും വഞ്ചിക്കുകയില്ല.

സത്യസന്ധതയുടെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിക്കുന്നു: ''കളവ് ഉണ്ടാക്കുന്നത്ര നഷ്ടം നിഷിദ്ധ ഭോജനം ഉണ്ടാക്കുകയില്ല.'' ഇതിൽ നിന്നും നിഷിദ്ധ ഭോജനം നല്ലതാണെന്ന് ആരും ധരിക്കരുത്. അങ്ങനെ ആരെങ്കിലും ധരിക്കുകയാണെങ്കിൽ അത് അയാളുടെ വലിയ പിഴവാണ്. പറയുന്നു: ഒരാൾ നിർബന്ധ സാഹചര്യത്തിൽ പന്നിയിറച്ചി തിന്നാൽ അത് വേറെ സംഗതിയാണ്. അതേസമയം പന്നിയിറച്ചി ഹലാലാണെന്ന് ഫത്വ അയാൾ നല്കിയാൽ അയാൾ ഇസ്‌ലാമിൽ നിന്ന് പുറത്താകുന്നതാണ്. (നിർബന്ധ സാഹചാര്യത്തിൽ പന്നിയിറച്ചി തിന്നാനുള്ള അനുവാദമുണ്ട്. വിശപ്പു കൊണ്ട് മരണത്തോടടുക്കുമ്പോൾ കഴിച്ചാൽ അതു വേറേകാര്യം. എന്നാൽ, പന്നിയിറച്ചി തിന്നാം എന്ന് ഫത്വ നല്കുന്നത് മനുഷ്യനെ ഇസ്‌ലാമിൽ നിന്ന് അകറ്റുന്നതാണ്.) പറയുന്നു: "ഇങ്ങനെ മനുഷ്യൻ അല്ലാഹു ഹലാലാക്കിയതിനെ ഹറാമാക്കുന്നു."

വീണ്ടും പറയുന്നു: ചുരുക്കത്തിൽ നാവു കൊണ്ട് ഉളവാകുന്ന നഷ്ടവും ഭയാനകമാണ്. അതു കൊണ്ട് മുത്തഖി തന്റെ നാവിനെ നന്നായി നിയന്ത്രിക്കുന്നു. അവന്റെ വായിൽ നിന്ന് തഖ്‌വക്ക് വിരുദ്ധമായ ഒരു സംഗതിയും വരുന്നതല്ല. ആയതിനാൽ, നിങ്ങൾ സ്വന്തം നാവുകളെ നിയന്ത്രിക്കുക; അല്ലാതെ നാവ് നിയന്ത്രിക്കുകയും നിങ്ങൾ അനാവശ്യ സംസാരങ്ങളിൽ ഏർപ്പെടുകയും അരുത്. (മൽഫൂസാത്ത് വാള്യം1. പേ.423)

മനുഷ്യൻ നാവിനെ നിയന്ത്രിക്കേണ്ടതാണ്. ഇതാണ് നാവിനു മേലുള്ള ആധിപത്യം എന്നു പറയുന്നത്. നാവിൽ വരുന്നതെന്തും പറഞ്ഞു കളയരുത്. ഇതു മുഖേന സത്യവും അസത്യവുമെല്ലാം പുറത്തു വന്ന് കുഴപ്പങ്ങളുണ്ടാകുന്നു. ആയതിനാൽ, ശിർക്കിൽ നിന്ന് സംരക്ഷിക്കുക മാത്രമല്ല തഖ്‌വയുടെ നിലവാരം സ്വായത്തമാക്കുകയും ചെയ്യുന്ന വിധത്തിൽ നമ്മുടെ നാവ് സദാ സത്യസന്ധതയുടെ ഉന്നത നിലവാരത്തിലാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതു മുഖേന സുരക്ഷിതരായിരിക്കും.

ഞാൻ ആ ലേഖനത്തിന്റെ വെളിച്ചത്തിൽ കളവു പറയുന്നവരുടെ വിവിധ അവസ്ഥകളെക്കുറിച്ച് പ്രതിപാദിച്ച സംഗതികളെ മുന്നിൽ വെച്ച് ഓരോരുത്തരും താൻ ഏതെങ്കിലും കളവിൽ അകപ്പെട്ടിരിക്കുന്നുവോ, ഇനി ഉണ്ടെങ്കിൽ എങ്ങനെ അതിൽ നിന്ന് രക്ഷപ്പെടാം എന്ന് ആത്മ പരിശോധനടത്തേണ്ടതാണ്. രക്ഷ നേടാനുള്ള മാർഗം അല്ലാഹു പറഞ്ഞു തന്നിട്ടുണ്ട്. അല്ലാഹു നമുക്കെല്ലാവർക്കും ഇക്കാര്യം മനസ്സിലാക്കുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. എന്നല്ല സത്യത്തേക്കാളുപരി ചൊവ്വായ കാര്യങ്ങൾ പറയുന്നതിൽ നിലകൊള്ളാനും തൗഫീഖ് നല്കുമാറാകട്ടെ.

സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കേണ്ടതും ദൈവത്തിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതുമായ പ്രധാനപ്പെട്ട മറ്റൊരു നന്മ വിനയവും അഹങ്കാരത്തിൽനിന്നുള്ള അകൽച്ചയുമാണ്. അഹങ്കാരികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു: വലാതുസ്വയ്യിർഖദ്ദക ലിന്നാസിവലാതംശി ഫിൽഅർളിമർഹൻഇന്നല്ലാഹലാ യുഹിബ്ബുകുല്ലമുഖ്താലിൻ ഫഖൂർ കോപം നിമിത്തം ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല തന്നെ. (31:19)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയം ഒരുപാട് സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അവിടുന്ന് ഒരിടത്ത് പറയുന്നു: ഒരുപാട് ആളുകളുണ്ട്. അവർ പദവികളിൽ പ്രവാചകന്മാരെക്കാൾ എത്രയോ താഴെയാണ്. (അവർ പ്രവാചകന്മാരോട് താരതമ്യം പോലും അർഹിക്കുന്നില്ല.). പറയുന്നു: അവർ രണ്ടു ദിവസം നമസ്ക്കരിച്ചാൽ അഹങ്കരിക്കാൻ തുടങ്ങുന്നു. ഇതു തന്നെയാണ് അവരുടെ നോമ്പിന്റെയും ഹജ്ജിന്റെയും അവസ്ഥ. ആത്മസംസ്കരണത്തിനു പകരം അവരിൽ അഹങ്കാരവും പ്രദർശനപരതയുമാണ് സംജാതമാകുന്നത്. (ഇക്കാലത്തും റമളാനിൽ ചിലർ ആരാധന നടത്താറുണ്ട്. വല്ല നല്ലസ്വപ്നമോ ഉണ്ടായാൽ അതുകാരണമായി അങ്ങേയറ്റം അഹങ്കരിക്കാൻ തുടങ്ങുന്നു. ഇതിൽ നിന്നും വിട്ടു നില്ക്കുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ചെയ്യേണ്ടതാണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർമിച്ചുകൊള്ളുക. അഹങ്കാരം ശയ്ത്വാനിൽ നിന്ന് വന്നതാണ്. ശയ്ത്വാൻ ആക്കിത്തീർക്കുന്നതുമാണ്.. മനുഷ്യൻ അതിൽനിന്ന് അകലാത്തിടത്തോളം അത് സത്യം സ്വീകരിക്കുന്നതിനും ദൈവികമായ അനുഗ്രഹങ്ങൾ കരസ്ഥമാകുന്ന വഴിക്കുമിടയിൽ തടസ്സമായിത്തീരുന്നു. അതുകൊണ്ട് അറിവിന്റെ അടിസ്ഥാനത്തിലോ സമ്പത്തിന്റെ അടിസ്ഥാനത്തിലോ തറവാട്ടിന്റെ അടിസ്ഥാനത്തിലോ വ്യക്തിപരവും കുടുംബപരവും കുലപരവുമായ കാരണത്താലോ ഒരുതരത്തിലുള്ള അഹങ്കാരവും പാടില്ല. കാരണം കൂടുതലും അഹങ്കാരമുണ്ടാകുന്നത് ഇവയിൽനിന്നാണ്. മനുഷ്യൻ ഈ പൊങ്ങച്ചങ്ങളിൽനിന്നു, തന്നെ പരിശുദ്ധനാക്കാത്തിടത്തോളം ദൈവത്തിന്റെ പക്കൽ പുണ്യാത്മാവാകുകയില്ല. മനുഷ്യന്റെ ദുർവികാരങ്ങളെ എരിച്ചു കളയുന്ന അഭൗമജ്ഞാനം അവന് ലഭിക്കുന്നതല്ല''

മനുഷ്യൻ അഹങ്കാരത്തിൽ നിന്നും വിട്ടു നില്ക്കുകയും വിനയം അവലംബിക്കുകയും ചെയ്യുന്നതു വരെ മോശവികാരങ്ങളെ ഇല്ലായ്മ ചെയ്യാൻ ലഭിക്കുന്ന അഭൗമജ്ഞാനം ലഭിക്കുന്നതല്ല. പറഞ്ഞു: എന്തെന്നാൽ ഇത് പിശാചിന്റെ ഭാഗമാണ്. അല്ലാഹു ഇത് ഇഷ്ടപ്പെടുന്നില്ല. ശയ്ത്വാനും അഹങ്കരിച്ചിരുന്നു. ആദമിനേക്കാൾ തന്നെ നല്ലവനായി അവൻ മനസ്സിലാക്കി. അന ഖയ്റുമ്മിൻ ഹുഖലഖ്ത്തനീ മിന്നാറിൻവഖല ഖ്ത്തുഹൂമിൻത്വീൻ (അഅ്റാഫ്.13) എന്ന് അവൻ പറഞ്ഞു. തത്ഫലമായി അവൻ ദൈവികസവിധത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. ആദം തന്റെ ദൗർബല്യം അംഗീകരിച്ചതുകൊണ്ട് ദൈവകൃപയ്ക്ക് അനന്തരാവകാശിയായി. കാരണം ദൈവത്തിന്റെ കൃപ കൂടാതെ ഒന്നുമുണ്ടാവുകയില്ലെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അതുകൊണ്ട് ദുആ ചെയ്തു: റബ്ബനാളലംനാ അൻഫുസനാ വഇൻല്ലംതഗ്ഫിർലനാവ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ(അഅ്റാഫ്.24) ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. ഇപ്പോൾ നമ്മൾ അവസാനത്തെ പത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. തീയിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നതിനും ഈ ദുആകൾ ഒരുപാട് ആവശ്യമുണ്ട്.

അവിടുന്ന് പറയുന്നു: ഹദ്റത്ത് ഈസാ നബി (അ)യോട് അല്ലയോ പരുശുദ്ധനായ ഗുരു! എന്ന് പറഞ്ഞപ്പോൾ തന്നെ പരിശുദ്ധനെന്ന് എന്തിനാണ് വിളിക്കുന്നത് എന്നദ്ദേഹം ചോ ദിച്ചതിന്റെ രഹസ്യവും മറ്റൊന്നല്ല.

അവിടുന്ന് പറയുന്നു: 'ഇക്കാലത്തെ അജ്ഞരായ ക്രിസ്ത്യാനികൾ പറയുന്നത്, ആ വചനം കൊണ്ട് ഉദ്ദേശിക്കുന്നത് നീ എന്നെ ദൈവമെന്ന് എന്തുകൊണ്ട് വിളിക്കുന്നില്ല എന്നാണ്. എ ന്നാൽ ഹദ്റത്ത് ഈസാനബി(അ) വളരെ സൂക്ഷ്മമായ ഒരു സംഗതിയാണ് പറഞ്ഞത്. അത് പ്രവാചകന്മാരുടെ സവിശേഷ പ്രകൃതമാണ്. യഥാർഥ നന്മ അല്ലാഹുവിൽ നിന്നു തന്നെയാണ് വരുന്നതെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതിന്റെ ഉറവിടവും അവൻ തന്നെയാണ്. അവനിൽ നിന്ന് തന്നെയാണ് അത് വരുന്നതും. അവൻ ഇച്ഛിക്കുന്നവന് നല്കുകയും ഇച്ഛിക്കുന്നവനിൽ നിന്ന് തിരിച്ചെടുക്കുകയും ചെയ്യുന്നു. എന്നാൽ ആ അജ്ഞർ ഉദാത്തവും വിലമതിക്കേണ്ടതുമായ ഒരു സംഗതിയെ കളങ്കിതമാക്കുകയും ഹദ്റത്ത് ഈസാ നബി(അ)യെ അഹങ്കാരിയാക്കിത്തീർക്കുകയും ചെയ്തു. എന്നാൽ വളരെ വിനയാന്വിതനായ മനുഷ്യനായിരുന്നു അദ്ദേഹം.''

പരിശുദ്ധിയാർജ്ജിക്കാനുള്ള ഒരു മാർഗം വിവരിച്ചു കൊണ്ട് അവിടുന്ന് പറയുന്നു: എന്നെ സംബന്ധിച്ചിടത്തോളം പരിശുദ്ധിയാർജ്ജിക്കാനുള്ള ഒന്നാം തരം മാർഗം (ഇതിനെക്കാൾ നല്ല മറ്റൊരു മാർഗം കാണുക സാധ്യമല്ല) മനുഷ്യൻ ഒരു വിധത്തിലും അഹങ്കരിക്കുകയും ഊറ്റം കൊള്ളാതിരിക്കുകയും ചെയ്യുക എന്നതാണ്. (പരിശുദ്ധനാകണമെങ്കിൽ ഒരു വിധത്തിലുള്ള അഹങ്കാരവും അഹംഭാവവും കാണിക്കരുത്). വൈജ്ഞാനികമോ കുടുംബപരമോ സാമ്പത്തികമോ ആയ രീതിയിൽ അഹങ്കരിക്കരുത്. അല്ലാഹു ഒരാൾക്ക് കണ്ണുകൾ

പ്രദാനം ചെയ്യുമ്പോൾ അന്ധകാരത്തിൽ നിന്ന് മോക്ഷം നല്കുന്ന ഓരോ വെളിച്ചവും ആകാശത്ത് നിന്നു തന്നെയാണ് വരുന്നതെന്ന് അവൻ കാണുന്നു. മാത്രമല്ല, മനുഷ്യൻ എല്ലായിപ്പോഴും ആകാശീയപ്രകാശത്തെ ആശ്രയിക്കുന്നു. ആകാശത്തു നിന്നു വരുന്ന സൂര്യപ്രകാശം വരുന്നതു വരെ കണ്ണുകൾക്കും കാഴ്ച്ച ലഭിക്കുന്നില്ല. ഇതുപോലെ എല്ലാവിധ അന്ധകാരത്തെയും അകറ്റുകയും അതിന്റെ സ്ഥാനത്ത് തഖ്‌വയുടെയും പരിശുദ്ധിയുടെയും വെളിച്ചം സംജാതമാക്കുകയും ചെയ്യുന്ന ആന്തരിക വെളിച്ചവും ആകാശത്തു നിന്നു തന്നെയാണ് വരുന്നത്. ഞാൻ സത്യമായും പറയുന്നു മനുഷ്യന്റെ ദൈവഭക്തി, വിശ്വാസം, ആരാധന, പരിശുദ്ധി തുടങ്ങിയവല്ലാം ആകാശത്തു നിന്നാണ് വരുന്നതെന്ന് മാത്രമല്ല ഇത് ദൈവാനുഗ്രഹത്തിൽ അധിഷ്ഠിതവുമാണ്. അവൻ ഇച്ഛിക്കുന്ന പക്ഷം അതിനെ നിലനിർത്തുകയും അവൻ ഇച്ഛിക്കുമ്പോൾ അകറ്റുകയും ചെയ്യുന്നു.

അവിടന്ന് വീണ്ടും പറയുന്നു: സത്യമായ ഈശ്വരജ്ഞാനത്തിന്റെ പേര് അതാണ്. അതായത് മനുഷ്യൻ തന്റെ ആത്മാവ് ഒന്നുമ ല്ലെന്ന് മനസ്സിലാക്കുകയും ദൈവസവിധത്തിൽവീണ് വിനയത്തോടും എളിമയോടും കൂടി ദൈവകൃപയെ ചോദിക്കുകയും ചെയ്യുക. ഉള്ളിൽ ഒരു വെളിച്ചവും നന്മ ചെയ്യുന്നതിനുവേണ്ടി ശക്തിയും ചൂടുമുണ്ടാകുന്നതും ശാരീരികേച്ഛയെ കരിച്ചുകളയുന്നതുമായ ആ ജ്ഞാനപ്രകാശം ചോദിക്കുക. ഇനി അവന്റെ അനുഗ്രഹത്തിൽ നിന്ന് അവന് ലഭിക്കുകയാണെങ്കിൽ വല്ല വിധത്തിലുള്ള ഹൃദയവിശാലതയും അവന് കൈവന്നാൽ അതിൽ അവൻ അഹങ്കരിക്കുകയും അഹംഭാവം കാണിക്കുകയും ചെയ്യരുത്. (അല്ലാഹുവുമായി ബന്ധം സ്ഥാപിതമാവുകയും ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണാൻ തുടങ്ങുകയും മനസ്സിൽ സവിശേഷമായ മന:ശാന്തി ഉടലെടുക്കുകയും ചെയ്താൽ പിന്നെ അതിൽ അഹങ്കാരവും അഹംഭാവവും കാണിക്കരുത്.). മറിച്ച് അയാളുടെ വിനയത്തിലും താഴ്മയിലും കൂടുതൽ അഭിവൃദ്ധിയുണ്ടാവേണ്ടതാണ്. (ഈ ബന്ധം കാരണവും അല്ലാഹുവിന്റെ അനുഗ്രഹം കാരണവും വിനയത്തിൽ മുന്നോട്ടു ഗമിക്കുക). എത്രത്തോളം അവൻ തന്നെപ്പറ്റി ഒന്നുമല്ലാത്തവനെന്ന് കരുതുന്നുവോ അത്രത്തോളം അനുഭൂതികളും വെളിച്ചവും ദൈവത്തിൽ നിന്ന് ഇറങ്ങുന്നതാണ്. അത് അവന് പ്രകാശവും ശക്തിയും നല്കുന്നു. മനുഷ്യൻ വിശ്വാസം വെച്ചു പുലർത്തുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ ധാർമ്മികാവസ്ഥ നന്നായിത്തീരുമെന്ന് പ്രതീക്ഷിക്കാം. ലോകത്ത് താൻ എന്തൊക്കെയോ ആണെന്ന് കരുതുന്നതും അഹങ്കാരമാണ്.(മൽഫൂസാത്ത് വാല്യം 7)

അഹങ്കാരം അകറ്റുന്നതിന് മനുഷ്യൻ തന്റെ എല്ലാ ഗുണങ്ങളെയും അല്ലാഹുവിന്റെ ഗുണങ്ങൾക്ക് അനുരൂപമാക്കേണ്ടത് അനിവാര്യമാണ്. എല്ലാ നല്ലകാര്യങ്ങളെയും അല്ലാഹുവുമായി ബന്ധപ്പെടുത്തുക. ഇതിനെ വീണ്ടും വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വാസ്തവത്തിൽ ആത്മാവിന്റെ വികാരങ്ങളുടെ ഈ അഴുക്ക് വെളിപ്പെടുന്നത് ദുസ്വഭാവം, അഹങ്കാരം, പ്രദർശനപരത തുടങ്ങിയ രീതിയിലാണ്. അല്ലാഹുവിന്റെ കൃപയുണ്ടാകാത്തിടത്തോളം അതിന് മരണം ഉണ്ടാകുകയില്ല.ഈശ്വരജ്ഞാനമാകുന്ന അഗ്നി ഈ വികാരങ്ങളെ എരിച്ചു കളയാതെ അവ എരിഞ്ഞു പോകുന്നതല്ല. ആരിലാണൊ ഈശ്വരജ്ഞാനമാകുന്ന അഗ്നി ഉടലെടുക്കുന്നത് അവൻ ഈ സ്വഭാവദൂശ്യങ്ങളിൽ നിന്ന് പരിശുദ്ധിയാർജ്ജിക്കാൻ തുടങ്ങുന്നതാണ്. വലിയവനായിരിക്കെ ചെറിയവനായി മനസ്സിലാക്കുന്നതാണ്. തന്റെ അസ്തിത്വത്തിന് ഒരു യാഥാർഥ്യവുമില്ലെന്ന് അയാൾ കാണുന്നു. ഈശ്വരജ്ഞാനത്താൽ അയാൾക്ക് ലഭിക്കുന്ന ദിവ്യജ്യോതിസ്സിനെ തന്റെ യോഗ്യതയുടെയോ കഴിവിന്റെയോ ഫലമായി അയാൾ ഗണിക്കുകയില്ല. തന്റെ നഫ്സിലേക്ക് അതിനെ ബന്ധിപ്പിക്കുന്നതുമല്ല. മറിച്ച്, അവൻ അതിനെ ദൈവാനുഗ്രഹവും ദൈവകാരുണ്യവുമാണെന്ന് വിശ്വസിക്കുന്നു. ചുമരിൽ സൂര്യന്റെ വെളിച്ചം പതിഞ്ഞ് അത് പ്രകാശിക്കാൻ തുടങ്ങുമ്പോൾ തന്റെ യോഗ്യത കൊണ്ടാണ് ഈ വെളിച്ചമെന്ന് ചുമരിന് അഭിമാനിക്കാൻ സാധിക്കില്ലല്ലോ. പറയുന്നു: ചുമരിന്റെ പരിശുദ്ധിയനുസരിച്ച് അതിന്റെ വെളിച്ചത്തിന്റെ വർദ്ധനവിലും മാറ്റമുണ്ടാകുമെന്നത് വേറെ കാര്യം. (ചുമർ വൃത്തിയുള്ളതാണെങ്കിൽ അത് കൂടുതൽ പ്രശോഭിക്കുന്നതാണ്.) പക്ഷേ, ചുമരിന്റെ സ്വന്തം കഴിവ് ആ വെളിച്ചത്തിന് ഒന്നും ചെയ്യുന്നില്ല. മറിച്ച് അതിന്റെ ബഹുമതി സൂര്യനാണ് ലഭിക്കുന്നത്. അതുപോലെ അതിന്റെ വെളിച്ചം തിരിച്ചെടുക്കാൻ പറയാനും അതിനാവില്ല. പറയുന്നു: ഇതുപോലെ പ്രവാചകന്മാരുടെ അസ്തിത്വങ്ങളും പരിശുദ്ധങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈശ്വരജ്ഞാനത്തിന്റെ പ്രകാശകിരണങ്ങൾ അവരിൽ പതിയുകയും അവരെ ദീപ്തമാക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവർ വ്യക്തിപരമായി ഒരു വാദവും പുറപ്പെടുവിക്കുന്നില്ല. മറിച്ച് എല്ലാ അനുഗ്രഹങ്ങളെയും അല്ലാഹുവിനോട് ബന്ധപ്പെടുത്തുന്നു. അതു തന്നെയാണ് സത്യവും. അതുകൊണ്ടാണ് നബി(സ)തിരുമേനിയോട് താങ്കളും സ്വന്തം കർമ്മങ്ങൾ കൊണ്ട് സ്വർഗത്തിൽ പോകുമോ എന്ന് ചോദിച്ചപ്പോൾ ഒരിക്കലുമില്ല, മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമായിരിക്കും എന്ന് പറഞ്ഞത്. പ്രവാ ചകന്മാർ ഒരു തരത്തിലുള്ള കഴിവിനെയും ശക്തിയെയും തങ്ങളിലേക്ക് ചേർത്ത് പറയാറില്ല. അവർ അല്ലാഹുവിൽ നിന്നാണ് എല്ലാം നേടുന്നത്. അവന്റെ പേരാണ് അവർ പറയാറ്.

അല്ലാഹുവിന്റെ പ്രത്യേക ദാസരായ നബിമാരുടെ അവസ്ഥയാണിത്. അങ്ങനെ വരുമ്പോൾ ഒരു സാധാരണക്കാരൻ എത്രമാത്രം വിനയം കാണിക്കേണ്ടതാണ്. എത്രമാത്രം അല്ലാഹുവിന്റെ കൃപകൾക്ക് നന്ദി കാണിച്ചുകൊണ്ട് കൂടുതൽ അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടേപോകേണ്ടതാണ്!

അഹങ്കാരം മനുഷ്യനെ ആത്മീയമായി മരിപ്പിക്കുന്നു. അല്ലാഹുവിൽ നിന്ന് അവനെ അകറ്റുകയും ചെയ്യുന്നു. ഈ സംഗതി വിവരിച്ചു കൊണ്ട് അവിടുന്ന് പറയുന്നു: അല്ലാഹു വളരെ കാരുണ്യവാനും ഔദാര്യവാനുമാണ്. അവൻ മനുഷ്യനെ എല്ലാവിധത്തിലും പരിപാലിക്കുകയും അവനിൽ കരുണ ചൊരിയുകയും ചെയ്യുന്നു. ഈ കാരുണ്യം കാരണമായാണ് അവൻ പ്രവാചകന്മാരെ അയക്കുന്നത്; പാപപങ്കിലമായ ജീവിതത്തിൽ നിന്നുംലോകത്തിന് മോക്ഷം നല്കാൻ വേണ്ടി. എന്നാൽ അഹങ്കാരം വളരെ ഭയാനകമായ രോഗമാണ്. ഇത് രോഗം മനുഷ്യനെ ബാധിച്ചാൽ അവനെ സംബന്ധിച്ചിടത്തോളം ആത്മീയമായ മരണമാണത്. പറയുന്നു: ഈ രോഗം കൊലയേക്കാൾ മാരകമാണെന്ന് ഞാൻ തീർച്ചയായും അറിയുന്നു. അഹങ്കാരി പിശാചിന്റെ സഹോദരനായിത്തീരുന്നു. കാരണം അഹങ്കാരം തന്നെയാണ് പിശാചിനെ നിന്ദ്യനാക്കിയത്. അതുകൊണ്ട് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവനിൽ അഹങ്കാരം ഉണ്ടാകരുതെന്നത് നിബന്ധനയാണ്. എന്നല്ല, വിനയവും താഴ്മയും അവനിൽ ഉണ്ടായിരിക്കേണ്ടതാണ്. ദൈവനിയോഗിതരുടെ സവിശേഷതയാണത്. അവരിൽ അങ്ങേയറ്റം വിനയവും താഴ്മയും ഉണ്ടാകുന്നു. സർവ്വോപരി നബി(സ) തിരുമേനിയിലാണ് ഈ ഗുണം പ്രകടമായത്. നബി(സ)തിരുമേനിയുടെ ഒരു സേവകനോട് അദ്ദേഹത്തിന്റെ പെരുമാറ്റം എങ്ങനെയായിരുന്നു എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: സത്യം പറഞ്ഞാൽ ഞാൻ അദ്ദേഹത്തെ സേവിക്കുന്നതിനേക്കാൾ അദ്ദേഹം എന്നെയാണ് സേവിക്കാറുള്ളത്. അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വ ആലി മുഹമ്മദ്. (മൽഫൂസാത്ത് വാല്യം.8)

ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: അഹങ്കാരം പൊതുവേ ലോകത്ത് വ്യാപിച്ചിരിക്കുന്നു. ഉലമാക്കൾ തങ്ങളുടെ പാണ്ഡിത്യത്തിൽ ഊറ്റംകൊള്ളുകയും അഹങ്കരിക്കുകയും ചെയ്യുന്നു. ഫഖീർമാരെ നോക്കിയാൽ അവരുടെ അവസ്ഥയാണെങ്കിൽ വേറൊരു തരത്തിലാണ്. ഇവർക്ക് ആത്മസംസ്കരണത്തിന്റെ ചിന്തയേ ഇല്ലാതായിരിക്കുന്നു. (എല്ലാവരും അഹങ്കാരത്തിൽ അകപ്പെട്ടിരിക്കുന്നു. ആത്മസംസ്കരണത്തിലേക്ക് ശ്രദ്ധിക്കുന്നേയില്ല.) അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെറും ശരീരത്തിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ അവരുടെ പ്രയത്നങ്ങളും പരിശ്രമങ്ങളും മറ്റൊരു വിധത്തിലാണ്. ദിക്റെ അർറ അതിനുദാഹരണമാണ്. നുബുവ്വത്തിന്റെ സ്രോതസ്സിൽ നിന്ന് ഇതിനെപ്പറ്റി ഒരു അറിവുമില്ല.(നബി(സ) തിരുമേനിയിൽ നിന്ന് നമുക്ക് അത്തരം ദിക്റുകളെപ്പറ്റിയും കഠിനപ്രയത്നങ്ങളെപ്പറ്റിയും ഒരു അറിവും ലഭിക്കുന്നില്ല.). പറയുന്നു: ഹൃദയശുദ്ധീകരണത്തിലേക്ക് ഇവർ ശ്രദ്ധിക്കുക പോലും ചെയ്യുന്നില്ലെന്ന് ഞാൻ കാണുന്നു. വെറും ശരീരം മാത്രമാണ് അവശേഷിച്ചിരിക്കുന്നത്. അതിൽ ആത്മീയതയുടെ ഒരു അടയാളവും ഇല്ലാതായിരിക്കുന്നു.ഇത്തരംപ്രയത്നങ്ങൾക്ക്ഹൃദയത്തെ ശുദ്ധീകരിക്കാനാവില്ല. ഈശ്വരജ്ഞാനത്തിന്റെ യഥാർഥവെളിച്ചം നല്കാനും കഴിയില്ല. ആയതിനാൽ ഈ കാലഘട്ടം തീർത്തും ശൂന്യമായിരിക്കുന്നു. നബിചര്യയെ അവലംബിക്കേണ്ട രീതിയെ ഉപേക്ഷിച്ചിരിക്കുകയാണ്. അതിനെ വിസ്മരിച്ചിരിക്കുന്നു. നുബുവ്വത്തിന്റെ ആ കാലഘട്ടം വീണ്ടും വരണമെന്നും തഖ്‌വയും പരിശുദ്ധിയും വീണ്ടും സ്ഥാപിതമാകണമെന്നുമാണ് അല്ലാഹു ആഗ്രഹിക്കുന്നത്. ഈ ജമാഅത്തിലൂടെ അതുണ്ടാകണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. (അല്ലാഹു ഈ നന്മകളെല്ലാം അതായത് തഖ്‌വ സംജാതമാക്കുക, വിശ്വാസത്തിൽ ദൃഢത കൈവരിക്കുക എന്നിവ ഈ ജമാഅത്തിലൂടെയാണ് ആഗ്രഹിക്കുന്നത്.)

പറയുന്നു: അതുകൊണ്ട് യഥാർഥ പരിഷ്ക്കരണത്തിലേക്ക് ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. (അല്ലാഹു ജമാഅത്തിൽ നിന്ന് ആഗ്രഹിക്കുമ്പോൾ ജമാഅത്തംഗങ്ങൾ യഥാർഥ പരിഷ്ക്കരണത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.) അവിടുന്ന് പറയുന്നു: യഥാർഥ പരിഷ്ക്കരണത്തിലേക്ക് ശ്രദ്ധിക്കുവിൻ. പരിഷ്ക്കരണത്തിന്റെ ഏതൊരുരീതിയാണോ നബി(സ) പറഞ്ഞുതന്നത് ആ രീതിയിൽ.(മൽഫൂസാത്ത് വാല്യം7)

അല്ലാഹു നമുക്ക് നബി(സ)തിരുമേനിയുടെ സുന്നത്തിൽ ചരിച്ചുകൊണ്ടും അവിടുന്ന് പറഞ്ഞു തന്ന വഴിയിലൂടെ നടന്നുകൊണ്ട് എല്ലാ തിന്മകളിൽ നിന്ന് രക്ഷ നേടാനും എല്ലാ ഉന്നത ധാർമ്മിക ഗുണങ്ങളും സ്വായത്തമാക്കാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ സത്യസന്ധതയുടെ നിലവാരം ദൈവസാമീപ്യം കരസ്ഥമാക്കുന്നതായിരിക്കട്ടെ. അതുപോലെ നമ്മുടെ വിനയത്തിന്റെ നിലവാരവും അവൻ ഇഷ്ടപ്പെടുന്ന വിധത്തിലുള്ളതായിരിക്കട്ടെ. വാഗ്ദത്ത മസീഹ്(അ) കാണാൻ ആഗ്രഹിക്കുന്നതു പോലുള്ള അംഗങ്ങളായി തീരുമാറാകട്ടെ. ◆

AL ISLAM

# ഖുത്ബ ജുമുഅ

**നമ്മൾ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിച്ചത് കേവലം റമളാൻ കാരണത്താലാണെങ്കിൽ, പിന്നീട് നമ്മൾ മടിയന്മാരായാൽ അത് അല്ലാഹുവിന്റെ കല്പനകളിലൂടെ നടക്കലല്ല. നമ്മൾ ജുമുആകളിലുള്ള കൃത്യനിഷ്ഠ റമളാൻമാസം വരെ മാത്രം പരിമിതമാക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ചുള്ള നടത്തമല്ല. വിശുദ്ധഖുർആനിന്റെ പാരായണത്തെ റമളാൻ മാസത്തിൽ മാത്രം നിർബന്ധമായി മനസ്സിലാക്കുകയും പിന്നീടതിലേക്ക് ശ്രദ്ധിക്കാതിരിക്കുകയുമാണെങ്കിൽ അത് അല്ലാഹുവിന്റെ തൃപ്തിയനുസരിച്ചിട്ടുള്ള നടത്തമല്ല. നമ്മൾ സ്വലാത്തും ദൈവസ്മരണയും റമളാൻ മാസത്തിൽ മാത്രം പരിമിതമാക്കുകയാണെങ്കിൽഇക്കാര്യംഅല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതല്ല. നമ്മുടെ സൽസ്വഭാവങ്ങളും മറ്റു നന്മകളും റമളാൻമാസത്തിൽ മാത്രം നിർബന്ധമെന്ന് കരുതിചെയ്യുകയാണെങ്കിൽ ഇതും അല്ലാഹു നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നില്ല. റമളാൻ വരുന്നത് ഒരു ട്രെയിനിംഗ് കേമ്പ് എന്ന നിലയിലാണ്. റമളാൻ അല്ലാഹു നിർബന്ധമാക്കിയത് ഏതൊരു നന്മകളാണോ നിങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത് അതിൽ കൂടുതൽ അഭിവൃദ്ധിപ്പെടാനാണ്. ഓരോ റമളാനും അവസാനിക്കുമ്പോൾ അത് നമ്മെ ആരാധനകളുടേയും നന്മകളുടേയും പുതിയ ലക്ഷ്യസ്ഥാനങ്ങളിലും ഉയർച്ചകളിലും എത്തിക്കുന്നതാവണം. പിന്നീട് നമ്മൾ ആരാധനകളുടേയും നന്മകളുടേയും പുതിയതും ഉയർന്നതുമായ നിലവാരം സ്ഥാപിക്കുന്നവരായിത്തീരേണ്ടതാണ്. അല്ലാഹു നമ്മളോട് ഈ നന്മകളിലൂടെ സ്ഥിരസ്വഭാവത്തോടുകൂടി നടക്കാൻ ആവശ്യപ്പെടുന്നു.**

**അഞ്ചുനേര നമസ്കാരം മനോഹരമായി അനുഷ്ഠിക്കുകയുംജുമുഅ നമസ്കാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊണ്ട് അതിൽ സ്ഥിരത കൈവരിക്കുകയും വിശുദ്ധ സ്ഥിരമായി പാരായണം ചെതുകൊണ്ട് അർത്ഥം മനസ്സിലാക്കി പാരായണം ചെയ്യുകയും അതുപോലെ അതിലടങ്ങിയിരിക്കുന്ന കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും മറ്റു ധാർമ്മിക ഗുണങ്ങളും നന്മകളും അവലംബിക്കുകയും ചെയ്യുന്നതിനെപ്പറ്റി ഖുർആനിന്റെയും ഹദീസിന്റെയും വാഗ്ദത്ത മസീഹി(അ)ന്റെ നിദേശങ്ങളുടെയും വെളിച്ചത്തിൽ സുപ്രധാന ഉപദേശങ്ങൾ.**

**അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്നിട്ടുള്ള കാര്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)തുറന്നനിലയിൽ നമുക്ക് വിവരിച്ചു തന്നിട്ടുളള കാര്യവുമെല്ലാം നമ്മൾ എപ്പോഴും മുമ്പിൽ വെച്ചുകൊണ്ട് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മളിൽനിന്ന് ഓരോരുത്തരും റമളാനിൽനിന്ന് പുറത്തുവരേണ്ടതാണ്. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അപ്പോഴാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് റമളാൻ കഴിക്കാൻ നമ്മൾ ശ്രമിച്ചുവെന്ന് പറയാൻ കഴിയുന്നത്. അല്ലാഹുഅതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.**

**ചൗധരി സുഹൂർ അഹ്മദ് സാഹിബ് ബാജ്‌വയുടെ ഭാര്യ മുസ്താഖ് സുഹ്റ സാഹിബയുടെയും മിസ്റിലെ അബ്ദുഹു ബകർ സാഹിബിന്റെയും വഫാത്തിൽ അവരെക്കുറിച്ചുള്ള സ്മരണയും ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ജൂൺ 23/1396 ഇഹ്സാൻ 23
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ-بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا
الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

റമളാനിന്റെ അനുഗൃഹീതമാസം വരികയും വേഗം കടന്നുപോകുകയും ചെയ്തു. ദീർഘമായ ദിനങ്ങളും ചൂടു കൂടുതലും ആയിരുന്നിട്ടും ഇപ്രാവശ്യം നോമ്പ് കൂടുതൽ അനുഭവപ്പെട്ടില്ലെന്നാണ് എന്നെ കാണാൻ വന്നവർ പറഞ്ഞത്. ഇപ്രാവശ്യം ഇവിടേയും റെക്കോർഡ് ചൂടായിരുന്നു ഉണ്ടായിരുന്നത്. കഠിനമായ കാലാവസ്ഥയായിരുന്നിട്ടും വളരെ കുറച്ചാണ് അത് അനുഭവപ്പെട്ടത് അല്ലെങ്കിൽ താരതമ്യേന കുറവാണ് എന്നാണ് എന്നെ കണ്ട അധിപേരും പറഞ്ഞത്. പക്ഷേ, നോ മ്പ് ഇപ്രാവശ്യം അസാധാരണമായ നിലയിൽ എളുപ്പത്തിൽ കഴിഞ്ഞുപോയി, ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല എന്നു പറയുന്നതുമാത്രം മതിയായതല്ല. അങ്ങനെ കഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ നമ്മളിലുണ്ടായ കൃപയാണ്. വളരെ കുറച്ചു മാത്രം വിശപ്പും ദാഹവും ഉണ്ടാകുമ്പോൾ അധികമൊന്നും അനുഭവപ്പെട്ടില്ല എന്നു പറഞ്ഞാൽ മതിയാവുകയില്ല. മറിച്ച്, നമ്മൾ അല്ലാഹുവിന്റെ ഈ അനുഗൃഹീതദിനങ്ങളിൽ എന്ത് കരസ്ഥമാക്കി എന്ന് ആത്മപരിശോധന നടത്തേ ണ്ടതാണ്. നോമ്പ് സുഖമായി കടന്നു പോയാലും, അല്ലെങ്കിൽ അല്പം പ്രയാസത്തോടെ കടന്നു പോയാലും, അതുകൊണ്ട് ലക്ഷ്യം സാധ്യമാകുന്നില്ല. നാം എന്തു നേടി എന്ന് പരിശോധിക്കുമ്പോഴാണ് നമുക്ക് ലക്ഷ്യം കരഗതമാകുന്നത്.

അല്ലാഹു റമളാൻ മാസത്തിൽ ഏഴാം ആകാശത്തുനിന്ന് താഴത്തെ ആകാശത്തിലേക്ക് വരുന്നു. തന്റെ ദാസരുടെ അടുത്തായിക്കൊണ്ട് അവരുടെ ദുആകൾ കേൾക്കുന്നു.(അൽജാമിഅ് ലിശഅ്ബിൽ ഈമാനി അൽജുസു അൽഖാമിസ്) അല്ലാഹു ഈ ദിനങ്ങളിൽ നോമ്പ് പിടിക്കുന്നവരുടെ പ്രതിഫലമായി മാറുന്നു.(സഹീഹുൽ ബുഖാരി കിതാബുത്തൗഹീദ്) അല്ലാഹു ഈ ദിനങ്ങളിൽ ശയ്ത്വാനെ ചങ്ങലക്കിടുന്നു(സഹീഹുൽ മുസ്ലിം കിതാബുസ്സിയാം). അല്ലാഹുവിന്റെ ഈ കൃപാവരങ്ങളിൽനിന്നും അവന്റെ കാരുണ്യങ്ങളിൽനിന്നും ഫലമെടുക്കുന്നതിന് നമ്മൾ എന്താണ് ചെയ്തത്? എന്തു പ്രതിജ്ഞയാണ് ചെയ്തത്? നമ്മൾ അല്ലാഹുവിന്റെ കല്പനകളെ വിശ്വസിക്കുകയും അവന്റെ അധ്യാപനമനുസരിച്ച് ജീവിക്കുന്നതിനും കഴിഞ്ഞ കുറവുകളെല്ലാം ഉപേക്ഷിക്കുന്നതിനും എന്ത് പ്രതിജ്ഞ ചെയ്തു? എത്രത്തോളം മാറ്റങ്ങൾ നമ്മുടെ ഉള്ളിൽ ഉണ്ടാക്കി?ഈ പരിശോധന നമ്മെ ദൈവാനുഗ്രഹങ്ങളെ സ്ഥായിയായ നിലയിൽ പ്രാപിക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നതും അങ്ങനെ സ്വന്തം അവസ്ഥകളിൽ സ്ഥിരമായ മാറ്റം കൊണ്ടുവരാൻ ശ്രമിക്കുന്നതും ദൈവാനുഗ്രഹങ്ങളെ സദാ സ്വാംശീകരിക്കുന്നതുമാക്കിത്തീർക്കേണ്ടതാണ്.

നമ്മൾ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിച്ചത് കേവലം റമളാൻ കാരണത്താലാണെങ്കിൽ, പിന്നീട് നമ്മൾ മടിയന്മാരായാൽ അത് അല്ലാഹുവിന്റെ കല്പനകളിലൂടെ നടക്കലല്ല. നമ്മൾ ജുമുആകളിലുള്ള കൃത്യനിഷ്ഠ റമളാൻ മാസംവരെ മാത്രം പരിമിതമാക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ചുള്ള നടത്തമല്ല. വിശുദ്ധഖുർആനിന്റെ പാ രായണത്തെ റമളാൻ മാസത്തിൽ മാത്രം നിർബന്ധമായി മനസ്സിലാക്കുകയും പിന്നീടതിലേക്ക് ശ്രദ്ധിക്കാതിരിക്കുകയുമാണെങ്കിൽ അത് അല്ലാഹുവിന്റെ തൃപ്തിയനുസരിച്ചിട്ടുള്ള നടത്തമല്ല. നമ്മൾ സ്വലാത്തും ദൈവസ്മരണയും റമളാൻ മാസത്തിൽ മാത്രം പരിമിതമാക്കുകയാണെങ്കിൽ ഇക്കാര്യം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നില്ല. നമ്മുടെ സൽസ്വഭാവങ്ങളും മറ്റു നന്മകളും റമളാൻമാസത്തിൽ മാത്രം നിർബന്ധമെന്ന് കരുതി ചെയ്യുകയാണെങ്കിൽ ഇതും അല്ലാഹു നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നില്ല. റമളാൻ വരുന്നത് ഒരു ട്രെയിനിംഗ് കേമ്പ് എന്ന നിലയിലാണ്. റമളാൻ അല്ലാഹു നിർബന്ധമാക്കിയത് ഏതൊരു നന്മകളാണോ നിങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത് അതിൽ കൂടുതൽ അഭിവൃദ്ധിപ്പെടാനാണ്. ഓരോ റമളാനും അവസാനിക്കുമ്പോൾ അത് നമ്മെ ആരാധനകളുടേയും നന്മകളുടേയും പുതിയ ലക്ഷ്യസ്ഥാനങ്ങളിലും ഉയർച്ചകളിലും എത്തിക്കുന്നതാവണം. പിന്നീട് നമ്മൾ ആരാധനകളുടേയും നന്മകളുടേയും പുതിയതും ഉയർന്നതുമായ നി ലവാരം സ്ഥാപിക്കുന്നവരായിത്തീരേണ്ടതാണ്. അല്ലാഹു നമ്മളോട് ഈ നന്മകളിലൂടെ സ്ഥിരസ്വഭാവത്തോടുകൂടി നടക്കാൻ ആവശ്യപ്പെടുന്നു. അല്ലാഹു അഖീമുസ്സ്വലാത്ത എന്ന കല്പന തന്നിരിക്കുന്നു. അതായത് നമസ്കാരങ്ങൾ നിലനിറുത്തുക. നമസ്കാരങ്ങൾ കൃത്യസമയത്ത് സുവർണമായ നിലയിൽ നിർവ്വഹിക്കുക. അല്ലാഹു ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ അതായത് എല്ലാ നമസ്കാരങ്ങളും പ്രത്യേകിച്ചും മധ്യമനമസ്കാരത്തെ പൂർണമായും ശ്രദ്ധിക്കാൻ കല്പിച്ചിരിക്കുന്നു. അഞ്ചുനേര നമസ്കാരം നിർബന്ധമാണെന്ന് എല്ലാ മുസ്ലിംക ളും അറിയുന്നവരാണ്. അതുകൊണ്ട് അഞ്ചുനേര നമസ്കാരങ്ങളെ സംരക്ഷിക്കാൻ കല്പനയുണ്ട്. പ്രത്യേകിച്ചും മധ്യമ നമസ്കാരത്തെകുറിച്ച് പറഞ്ഞു. അല്ലാഹു മനുഷ്യപ്രകൃതത്തെക്കുറിച്ച് അറിയുന്നവനാണ്. അതുകൊണ്ടാണ് മധ്യമ നമസ്കാരത്തെപ്പറ്റി ഉദ്ബോധിപ്പിച്ചത്. സ്വലാത്തുൽ വുസ്ത്വാ അഥവാ മധ്യമനമസ്കാരം കൊണ്ടുള്ള ഉദ്ദേശ്യം ഇടയ്ക്കുവരുന്നത് അല്ലെങ്കിൽ പ്രധാനപ്പെട്ട നമസ്കാരമാണ്. അതായത് നമസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുന്ന സമയം. എല്ലാ നമസ്കാരവും അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളതാണ്. പ്രധാനപ്പെട്ടതുമാണ്. പിന്നെന്തിനാണ് സ്വലാത്തുൽവുസ്ത്വാ അഥവാ മധ്യമനമസ്കാരത്തിന് പ്രാധാന്യം നല്കിയത്?ചില നമസ്കാരങ്ങളുടെ സമയങ്ങളിൽ മനുഷ്യൻ വ്യക്തിപരമായ അല്ലെങ്കിൽ ഭൗതികപരമായ ആഗ്രഹങ്ങൾക്ക് മുൻഗണന നല്കാറുണ്ട്. ചിലർക്ക് സുബ്ഹി നമസ്കാരം നിർവ്വഹിക്കുക ദുഷ്കരമാണ്. ആ സമയത്ത് എഴുന്നേറ്റ് സുബ്ഹി നമസ്കരിക്കുക എന്നത് അല്ലാഹുവിനോട് കൂടുതൽ അടുപ്പിക്കുന്നു. അത് പ്രധാനപ്പെട്ട നമസ്കാരമായിത്തീരുന്നു. ചിലർക്ക് തങ്ങളുടെ ജോലിയും കച്ചവടവും കാരണത്താൽ ളുഹർ അല്ലെങ്കിൽ അസ്ർ നമസ്കരിക്കുക എന്നത് ബുദ്ധിമുട്ടായിതോന്നുന്നു. അപ്പോൾ അവർക്ക് ഈ നമസ്കാരത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. കഠിനാധ്വാനം ചെയ്ത്, പരിശ്രമിച്ച് അല്ലാഹുവിനെ

ആരാധിക്കുന്നതിലേക്ക് മനുഷ്യന്‍ വരുമ്പോള്‍ അല്ലാഹു ആ പരിശ്രമത്തേയും വിലമതിച്ചുകൊണ്ട് കടാക്ഷിക്കുന്നു. മനുഷ്യന്‍ ലൗകികതയുടെയും സ്വാര്‍ഥ താത്പര്യങ്ങളുടെയും വിഗ്രഹത്തെ തച്ചുടച്ച അല്ലാഹുവിലേക്ക് തിരിയുമ്പോള്‍ അവന്‍ ചൊരിയുന്ന അനുഗ്രഹങ്ങള്‍ക്കും പിന്നെ അറ്റമുണ്ടാകില്ല.

അല്ലാഹു നമസ്കാരത്തെക്കുറിച്ച് ഒരുപാട് സ്ഥലങ്ങളില്‍ വിവിധ തെളിവുദ്ധരിച്ചുകൊണ്ട് നമ്മളോട് പറഞ്ഞിട്ടുണ്ട്. വെറും റമളാനില്‍ മാത്രം അത് ഒതുക്കിനിറുത്തിയില്ല. എന്നല്ല നബി (സ)തിരുമേനി നമസ്കാരങ്ങളേയും ജുമുആകളേയും റമളാനേയും ഉദ്ധരിച്ചുകൊണ്ട് ഒരു മുഅ്മിന്, അല്ലാഹുവിനെ ഭയപ്പെടുന്ന മനസ്സുള്ളവന് എപ്പോഴും മുന്നില്‍ വെക്കേണ്ടതായ ഒരു നിര്‍ദ്ദേശം നല്കുകയുണ്ടായി. നബി(സ) തിരുമേനി പറഞ്ഞു: അഞ്ച് നമസ്കാരങ്ങള്‍, ജുമുഅ അടുത്ത ജുമുഅ വരെയും റമളാന്‍ അടുത്ത റമളാന്‍വരെയും അതിനിടയില്‍ വരുന്ന പാപങ്ങളുടെ പ്രായശ്ചിത്തമായി ത്തീരുന്നതാണ്; അവന്‍ വന്‍പാപങ്ങളില്‍നിന്ന് രക്ഷപ്പെട്ടിരിക്കുവോളം!

ഇവിടെ തുറന്നനിലയില്‍ പറഞ്ഞത് അഞ്ച് നമസ്കാരവും പ്രായശ്ചിത്തമായിത്തീരുന്നുവെന്നാണ്. ആ സമയത്ത് മനുഷ്യന്‍ പൂര്‍ണമായും പരിശ്രമിച്ച് അഞ്ച് നമസ്കാരവും അതിന്‍റേതായ കൃത്യസമയത്ത് നിര്‍വഹിക്കുകയും ഓരോ നമസ്കാരത്തിന്‍റേയും ഇടയിലുള്ള ഇടവേളകളില്‍ പാപങ്ങളില്‍നിന്ന് രക്ഷപ്പെടാന്‍ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഇനി ചെറിയ ചെറിയ പാപങ്ങള്‍ ഉണ്ടാവുകയാണെങ്കില്‍ അല്ലാഹു അത് മാപ്പാക്കുന്നതാണ്. അതിന്‍റെ നിബന്ധന കൃത്യസമയത്ത് അവനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമസ്കാരം അനുഷ്ഠിക്കുക എന്നതാണ്.

ഇതുപോലെ ഓരോ ജുമുഅയുടെയും പ്രാധാന്യം വ്യക്തമാക്കുകയുണ്ടായി. അഞ്ചുനേര നമസ്കാരം പ്രധാനമാക്കപ്പെട്ടതുപോലെ, കൃത്യസമയത്ത് നിര്‍വ്വഹിക്കാന്‍ കല്പന നല്കിയതു പോലെ, അവ നിര്‍വ്വഹിക്കുന്ന പക്ഷം ചെറിയ പാപങ്ങളെ അല്ലാഹു അനുഗ്രഹം ചൊരിഞ്ഞ് മാപ്പാക്കുന്നതു പോലെ, നമസ്കാരത്തോടുള്ള കടമ നിറവേറ്റിക്കൊണ്ട് അത് നിര്‍വഹിക്കുന്നവര്‍ക്ക് നീചകൃത്യങ്ങളില്‍ നിന്നും തിന്മകളില്‍ നിന്നും രക്ഷിക്കുമെന്നും അല്ലാഹു വാഗ്ദാനം നല്കിയിട്ടുണ്ട്. ഏതായാലും അഞ്ച് നമസ്കാരം നിര്‍ബന്ധമാണെന്നതുപോലെ എല്ലാ ജുമുആകളും നിര്‍ബന്ധമാണെന്ന് അല്ലാഹു പറഞ്ഞു. ഒരു ജുമുഅ മുതല്‍ അടുത്ത ജുമുഅവരെയുള്ള ഇടവേളയില്‍ ഉണ്ടാകുന്ന ചെറിയ തെറ്റുകളും ബലഹീനതകളും ചെറിയ പാപങ്ങളും അല്ലാഹു മാപ്പാക്കുന്നതാണ്. ഈ ഇടവേളയില്‍ ചെറിയ പാപങ്ങള്‍ ചെയ്യാമെന്നും അത് അല്ലാഹു മാപ്പാക്കുമെന്നും ആരും ധരിക്കരുത്. അങ്ങനെയല്ല. മറിച്ച് ഇതിന്‍റെ ഉദ്ദേശ്യം മാനുഷികമായ ബലഹീനത കാരണത്താല്‍ എന്തെങ്കിലും തെറ്റുണ്ടായാല്‍ത്തന്നെ നമസ്കാരങ്ങളിലും ജുമുആകളിലുമുള്ള കൃത്യനിഷ്ഠയും പാപങ്ങള്‍ക്ക് മാപ്പിരന്നുകൊണ്ടുള്ള ദുആകളും ഇനി തെറ്റുകള്‍ ചെയ്യുകയില്ലെന്ന പ്രതിജ്ഞയും കാരണത്താല്‍ അല്ലാഹു പൊറുത്തുകൊടുക്കുന്നു.

നബി(സ) തിരുമേനി ജുമുആകളില്‍ കൃത്യനിഷ്ഠ പാലിക്കേണ്ടതിന്‍റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു: 'ആരാണോ തുടര്‍ച്ചയായി മൂന്ന് ജുമുആ മനഃപൂര്‍വ്വം ഉപേക്ഷിച്ചത് അല്ലാഹു അവന്‍റെ ഹൃദയത്തില്‍ മുദ്രവെക്കുന്നതാണ്.'(സുനനു തിര്‍മിദി കിതാബുല്‍ ജുമുഅ) അവന്‍റെ മനസ്സ് കറുത്തുപോകുന്നതാണെന്നും ഒരു നിവേദനത്തില്‍ വന്നിട്ടുണ്ട്. അതുകൊണ്ട് ജുമുആയുടെ ഈ പ്രാധാന്യത്തെ എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ഇന്ന് റമളാനിലെ അവസാനത്തെ ജുമുആ ആണല്ലോ. റമളാനിലെ അവസാന ജുമുഅ ആയതുകൊണ്ട് ഇവിടെ വലിയ മസ്ജിദില്‍ പോയി നമസ്കരിക്കാമെന്ന ഉദ്ദേശ്യത്തോടെ ചിലര്‍ വന്നിട്ടുണ്ടാകും. അവസാന ജുമുഅ എന്തായാലും നമസ്കരിക്കണം, അതുകൊണ്ട് നമസ്കരിക്കാം എന്നുപറയുന്ന ചിലരുമുണ്ട്.

ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് ജമാഅത്തംഗങ്ങളെ നിരന്തരം ഉണര്‍ത്താറുണ്ട്. ഇക്കാര്യത്തില്‍ അശ്രദ്ധ കാണിക്കുന്നവര്‍ ഇപ്പോള്‍ വളരെ കുറവായിരിക്കും. അശ്രദ്ധ കാണിക്കുന്നവര്‍ ആരായാലും നബി(സ) തിരുമേനിയുടെ ഈ നിര്‍ദേശം ശ്രവിച്ചതിനു ശേഷം ചിന്തിക്കട്ടെ.

റമളാനിലെ ജുമുഅ നമസ്കരിച്ചാല്‍ അല്ലെങ്കില്‍ റമളാനിലെ അവസാനത്തെ ജുമുഅ നമസ്കരിച്ചാല്‍ പ്രതിഫലം കിട്ടുമെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മറിച്ച്, എല്ലാ ജുമുആകളുടേയും പ്രാധാന്യമാണ് പറയപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു: യാ അയ്യുഹല്ലദീന ആമനൂ ഇദാ നൂദിയ ലിസ്സലാത്തി മിന്‍യൗമില്‍ ജുമുഅത്തി ഫസ്ഔ ഇലാ ദിക്‌രില്ലാഹി വദറുല്‍ബയ്അ ദാലിക്കുംഖെയ്റുല്ലക്കും ഇന്‍ കുന്‍തും തഅ്‌ലമൂന്‍ വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാല്‍ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങള്‍ ധിറുതിപ്പെട്ട് പോവുകയും വ്യാപാരം നിര്‍ത്തിവെക്കുകയും ചെയ്യുക. നിങ്ങള്‍ കാര്യം മനസ്സിലാക്കുന്നുവെങ്കില്‍ അത് നിങ്ങള്‍ക്ക് ഗുണകരമാണ് (62:10)

അതിനാല്‍ എല്ലാ ജുമുഅ നമസ്കാരത്തിനും പ്രത്യേകം ഏര്‍പ്പാട് ചെയ്യുക എന്നത് സത്യവിശ്വാസികള്‍ക്കുള്ള കല്പനയാണ്. വിശ്വസിക്കുന്നു എന്ന് വാദിക്കുന്നവര്‍ക്കുള്ള കല്പനയാണ്. നിങ്ങളുടെ കച്ചവടങ്ങളും നിങ്ങളുടെ പണികളും നിങ്ങളുടെ തൊഴിലുകളും ഉപേക്ഷിക്കുക.സകല ജോലികളും ഉപേക്ഷിച്ചു കൊണ്ട്, എല്ലാ കച്ചവടങ്ങളും ഉപേക്ഷിച്ചു കൊണ്ട്, ഭൗതികമായ എല്ലാ ലാഭങ്ങളും ഉപേക്ഷിച്ചു കൊണ്ട് നിങ്ങള്‍ ജുമുഅ നിസ്കരിക്കണമെന്ന ഒരൊറ്റ സംഗതിയെക്കുറിച്ച് മാത്രം ചിന്തിക്കുക. അല്ലാഹു പറഞ്ഞു: നിങ്ങള്‍ അറിവുള്ളവരാണെങ്കില്‍ ഇത് നിങ്ങള്‍ക്ക് ഗുണകരമാണെന്ന് നിങ്ങള്‍ അറിയേണ്ടതാണ്; ഇതിലാണ് ബര്‍ക്കത്തുള്ളത്. ഇതിലൂടെ നിങ്ങളുടെ തൊഴിലുകളില്‍ അനുഗ്രഹം പതിയുന്നതാണ്. നബി(സ) തിരുമേനി അരുളിയതു പോലെ മനഃപൂര്‍വം ജുമുഅ ഉപേക്ഷിക്കുന്നവന്‍റെ ഹൃദയം മുദ്രവെയ്ക്കപ്പെടുന്നതാണ്. അങ്ങനെയുള്ളവരുടെ വിശ്വാസം ഒരിക്കലും ശരിയാവുകയില്ല.യഥാര്‍ഥ ഈമാനാണെങ്കില്‍ ഒരിക്കലും മനുഷ്യന്‍ ഭൗതിക നേട്ടങ്ങള്‍ക്കുവേണ്ടി തങ്ങളുടെ ജുമുആകളെ ഉപേക്ഷിക്കരുത്.

ഒരിക്കല്‍ നബി(സ) തിരുമേനി ജുമുഅക്ക് സമയത്തിനു വരുകയും സ്ഥിരമായി ജുമുഅയില്‍ പങ്കെടുക്കുന്നവരെയും സംബന്ധിച്ച് പറയുകയുണ്ടായി. ജുമുഅ ദിവസം പള്ളിയുടെ എല്ലാ കവാടത്തിലും മലക്കുകള്‍ ഉണ്ടാകുന്നതാണ്. അവര്‍ ജുമുഅയ്ക്ക് ആദ്യം വരുന്നവരുടെ പേര് ആദ്യം എഴുതുന്നതാണ്. അങ്ങനെ അവര്‍ വരുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുന്നു. ഏതുവരെയെന്നാല്‍ ഇമാം ഖുതുബ കൊടുത്തതിനു ശേഷം ഇരുന്നാല്‍ മലക്കുകള്‍ രജിസ്റ്റര്‍ അടച്ചു വച്ച് ദൈവസ്മരണയില്‍ മുഴുകുന്നതാണ്.(ബുഖാരി, ബിദ്ഉല്‍ ഖല്‍ഖ്)

മറ്റൊരു രിവായത്തില്‍ ഇങ്ങനെ വന്നിരിക്കുന്നു: നബി(സ) പറഞ്ഞു: ഖിയാമത് നാളില്‍ ജനങ്ങള്‍ ജുമുഅയക്ക് വന്നിരിക്കുന്നതിന്‍റെ അടിസ്ഥാനത്തിലായിരിക്കും ദൈവസമക്ഷം ഇരിക്കുക. (സുനന്‍ ഇബ്നു മാജ: കിതാബ് ഇഖാമതു സ്വലാത്). അതായത്, ആദ്യം, രണ്ടാമത്,മൂന്നാമത്, നാലമത് അങ്ങനെ..

ആയതിനാല്‍ അകാരണമായി ജുമുഅയ്ക്ക് വൈകി വന്നു ശീലിക്കുന്നവര്‍ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ഇവിടെയും റമളാനിലെ ജുമുഅയ്ക്ക് പ്രത്യേകമായി ജനങ്ങള്‍ നേരത്തെ വന്നിരിക്കുന്നു. സാധാരണഗതിയില്‍ ഞാന്‍ വരുമ്പോള്‍ കാണാറുള്ളത് പള്ളിയുടെ പകുതി ആളുകളെ മാത്രമാണ്. ശേഷം സാവധാനം ഖുതുബ അവസാനിക്കുന്നതിനു ഏതാനും മിനുറ്റ് മുന്‍പ് പള്ളി നിറയാന്‍ തുടങ്ങുന്നു. അതുകൊണ്ട് സാധാരണ ദിവസങ്ങളിലും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ജുമുആയെ സംബന്ധിച്ച് ഇതുംകൂടി പറയട്ടെ, ജുമുഅ പുരുഷന്മാര്‍ക്ക് നിര്‍ബന്ധമാണ്. ഇനി സ്ത്രീകള്‍ വരികയാണെങ്കില്‍ അത് നല്ലകാര്യം തന്നെ. അവര്‍ കൂടുതല്‍ പ്രതിഫലം സമ്പാദിക്കുകയായിരിക്കും ചെയ്യുന്നതെന്നതില്‍ സംശയമില്ല. അത് കൊണ്ട് വരേണ്ടതാണ്.മാതാക്കള്‍ വരുന്ന കാരണത്താല്‍ ചിലപ്പോള്‍ കുട്ടികളിലും ജുമുഅ നമസ്കരിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നു. പ്രാധാന്യമുണ്ടാകുന്നു. പക്ഷേ, എന്തായാലും ജുമുആയില്‍ മസ്ജിദില്‍ വരുന്നത് നിര്‍ബന്ധമാണെങ്കില്‍ അത് പുരുഷന്മാര്‍ക്ക് മാത്രമാണ്. ഇതുസംബന്ധമായി നബി(സ) തിരുമേനിയുടെ നിര്‍ദ്ദേശം വളരെ വ്യക്തമാണ്. നബി(സ) തിരുമേനി പറഞ്ഞു: 'എല്ലാ ഓരോ മുസ്‌ലിമിനും ജമാഅത്തോടുകൂടി ജുമുഅ നമസ്കരിക്കുക എന്നത് നിര്‍ബന്ധമായ കടമയാണ്. അതായത് ഫര്‍ളാണ്; നാലുതരത്തിലുള്ള കൂട്ടരൊഴികെ. അടിമകള്‍, സ്ത്രീകള്‍, കുഞ്ഞുങ്ങള്‍, രോഗികള്‍.

നമസ്കാരം നിര്‍ബന്ധമായ നാലു കൂട്ടരാണിവര്‍. അടിമകള്‍ മുന്‍ കാലങ്ങളിലായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോള്‍ അങ്ങനെയല്ല. എന്നാല്‍ ഈ രാജ്യങ്ങളിലെ ഉദ്യോഗസ്ഥന്മാര്‍ തങ്ങളുടെ മുതലാളിമാരോട് പറഞ്ഞ് ജുമുഅക്ക് വരാന്‍ അവധിയെടുക്കാന്‍ ശ്രമിക്കേണ്ടതാണ്. ചിലയാളുകള്‍ പരിശ്രമിക്കുകയും അവര്‍ക്ക് അനുവാദം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇനി നിര്‍ബന്ധിതാവസ്ഥയാണെങ്കില്‍ അടുത്തുള്ള മൂന്നോനാലോ പേര്‍ക്ക് ചേര്‍ന്ന് ജുമുഅ നമസ്കരിക്കാന്‍ കഴിയുമെങ്കില്‍ അങ്ങനെ ചെയ്യാവുന്നതാണ്. സത്രീകള്‍ക്ക് ജുമുഅ നിര്‍ബന്ധമല്ല. എന്നാല്‍ ചെറിയ കുട്ടികളുള്ള സ്ത്രീകള്‍ കുട്ടികളുടെ കരച്ചിലും മറ്റും കാരണം നമസ്കാരത്തില്‍ ബുദ്ധിമുട്ടുണ്ടാകുകയും ഖുതുബ ശരിക്ക് കേള്‍ക്കാന്‍ കഴിയാതെ വരികയും ചെയ്യുന്നത് കൊണ്ട് ചെറിയ കുഞ്ഞുങ്ങളെ പള്ളിയില്‍ കൊണ്ടു വരാതിരിക്കാന്‍ ശ്രദ്ധിക്കേണ്ടതാണ്. എന്നാല്‍, പെരുന്നാളിന് വരേണ്ടത് എല്ലാവര്‍ക്കും നിര്‍ബന്ധമാണ്. എല്ലാ സ്ത്രീകള്‍ക്കും പുരുഷന്മാര്‍ക്കും കുഞ്ഞുങ്ങള്‍ക്കും നിര്‍ബന്ധമാണ്. (സഹീഹ് ബുഖാരി കിതാബും ഈദൈന്‍)

പെരുന്നാള്‍ നമസ്കാരത്തിന് കുഞ്ഞുങ്ങളുള്ള അമ്മമാര്‍ക്ക് ഇവിടെ പ്രത്യേക സ്ഥലം ഉണ്ട്, ഇനി സ്ഥലം ഇല്ലെങ്കില്‍ നമസ്ക്കരിക്കേണ്ടതില്ലെങ്കില്‍ കുഞ്ഞങ്ങളുമായി ഒരു ഭാഗത്തിരുന്ന് ഖുതുബ കേള്‍ക്കേണ്ടതാണ്. ഇന്ന് വന്‍തോതില്‍ ആളുകള്‍ ജുമുആയ്ക്കായി എത്തിയിട്ടുണ്ട്. അതിനാല്‍ ഞാന്‍ അതിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. പുരുഷന്മാര്‍ തങ്ങളുടെ ജുമുആകളെ പ്രത്യേകമായ നിലയില്‍ സംരക്ഷിക്കേണ്ടതാണ്. നബി(സ)തിരുമേനി ഒരു റമളാനും അടുത്ത റമളാനുമിടയില്‍ വന്നുപോകുന്ന പാപങ്ങളേയും അല്ലാഹു പൊറുക്കുന്നുവെന്ന് പറഞ്ഞു. പക്ഷേ നബി (സ)തിരുമേനി പാപങ്ങളില്‍നിന്ന് മാപ്പുകിട്ടുന്നതിനുള്ള മാര്‍ഗങ്ങള്‍ ക്രമമായ നിലയിലാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യവും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. ആദ്യം നമസ്കാരം. പിന്നീട് ജുമുഅ. പിന്നീട് റമളാന്‍. ഈ ക്രമീകരണത്തില്‍നിന്ന് വര്‍ഷത്തിനുശേഷം വരുന്ന റമളാനിലെ ആരാധനകൊണ്ടുമാത്രം എല്ലാ പാപങ്ങളും മാപ്പാക്കപ്പെടുമെന്ന തെറ്റായ ധാരണ അകന്നുപോകേണ്ടതാണ്. മറിച്ച് ഈ ക്രമീകരണം, നിത്യവുമുള്ള അഞ്ചുനേര നമസ്കാരങ്ങളുടെ നിര്‍വഹണം തന്‍റെ കോട്ടയില്‍ എടുത്തുകൊണ്ട് ഏഴാമത്തെ ദിവസം ജുമുആയില്‍ പ്രവേശിപ്പിച്ച് ജുമുആയുടെ അനുഗ്രഹങ്ങളില്‍നിന്നുള്ള ഓഹരി നല്കിപ്പിക്കുന്നതാണ്.

വര്‍ഷം മുഴുവനുമുള്ള ജുമുആകള്‍ റമളാനില്‍ പ്രവേശിച്ചുകൊണ്ട് അനുഗൃഹീതമായ റമളാന്‍റെ കരുണകൊണ്ട് കാരുണ്യം ചൊരിയുന്നതാണ്. 'ഇത് നിന്‍റെ ദാസനാണ്. നിന്നോടുള്ള ഭയവും നിന്നോടുള്ള സ്നേഹവുംകൊണ്ട് വന്‍പാപങ്ങളില്‍നിന്ന് രക്ഷപ്പെട്ട് അഞ്ചുനേരവും നിന്‍റെ സന്നിധിയില്‍ വന്നുകൊണ്ടിരുന്നു' എന്ന് നിത്യവുമുള്ള അഞ്ചുനേര നമസ്കാരങ്ങള്‍ അല്ലാഹുവിന്‍റെ സന്നി

ധിയിൽ അപേക്ഷിക്കുന്നതായിരിക്കും. 'നിന്റെ ഈ ദാസൻ ഏഴ് ദിവസം എല്ലാവിധ വലിയ പാപങ്ങളിൽനിന്നും തന്നെ രക്ഷപ്പെടുത്തി ജുമുഅ ദിവസം നിന്റെ സന്നിധിയിൽ ഹാജരായിക്കൊണ്ടിരുന്നു' എന്ന് എല്ലാ ജുമുആകളും അല്ലാഹുവിനോട് പറയും. അല്ലാഹുവേ, ഈ ദാസൻ റമളാനോടുള്ള കടമ നിറവേറ്റിയതിനുശേഷം പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടും നന്മകൾ ചെയ്തുകൊണ്ടും നിന്റെ കരുണയും പൊറുക്കലും അഗ്നിയിൽനിന്ന് രക്ഷപ്പെടലും പ്രതീക്ഷിച്ച് ഈ റമളാനിൽ പ്രവേശിച്ചിരിക്കുകയാണ്, അതുകൊണ്ട് റഹ്മത്തിന്റേയും പൊറുക്കലിന്റേയും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതിന്റേയും പത്തുകൾ കൊണ്ട് നീ ഇവനേയും കടാക്ഷിച്ചാലുമെന്ന് റമളാനും പറയും.

അല്ലാഹുതആല വലിയ കരുണാമയനും ഉദാരനുമാണ്. അവൻ കരുണ ചൊരിഞ്ഞുകൊണ്ട് മനുഷ്യനെ തന്റെ കാരുണ്യത്തിന്റെ പുതപ്പിൽ പൊതിഞ്ഞെടുക്കുന്നതായിരിക്കും. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് അവനെ രക്ഷിക്കുന്നതായിരിക്കും. നമ്മളിൽ നിന്ന് ഈ ചിന്താഗതിയോടുകൂടി തങ്ങളുടെ നമസ്കാരങ്ങളേയും ജുമുആകളേയും തങ്ങളുടെ നോമ്പുകളോടുള്ള കടമകളേയും നിറവേറ്റിക്കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവരും റമളാന്റെ ഈ ചുറ്റുപാടിൽനിന്ന് എല്ലാ വിധത്തിലും പരിശുദ്ധരായിക്കൊണ്ട് പുറത്തുവരുന്നവരും ഭാഗ്യവാന്മാരാകുന്നു. അങ്ങനെയുള്ള പരിശുദ്ധി എന്നെന്നും നിലനില്ക്കുന്നതാണ്. അത്തരം പരിശുദ്ധി എന്നെന്നും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നവനാക്കിത്തീർക്കുന്നതാണ്.

റമളാനിൽ പ്രത്യേകമായ നിലയിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും കേൾക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നു. കുറഞ്ഞപക്ഷം വിശുദ്ധഖുർആനിന്റെ ഒരു ഖത്തമെങ്കിലും തീർക്കാൻവേണ്ടി ധാരാളം ആളുകൾ പരിശ്രമിക്കാറുണ്ട്. കാരണം ഇത് സുന്നത്താണ്. പക്ഷേ, അതിനോടൊപ്പം ഈ മാസത്തിൽ ഉണ്ടാകുന്ന വിശുദ്ധഖുർആൻ പാരായണത്തിനുള്ള ശ്രദ്ധയും ഏർപ്പാടും, ഇനി നമ്മൾ നിത്യവും പതിവായി വിശുദ്ധഖുർആന്റെ കുറച്ചുഭാഗമെങ്കിലും തിലാവത്ത് ചെയ്യുമെന്ന ബോധവും ഉണ്ടാക്കേണ്ടതാണ്. അല്ലാഹു നമസ്കാരങ്ങളുടെ വിവിധ സമയങ്ങളെ കുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചും പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ഇങ്ങനേയും പറഞ്ഞിരിക്കുന്നു: വ ഖുർആനൽ ഫജ്രി -ഇന്ന ഖുർആനൽ ഫജ്രി കാന മശ്ഹൂദ അതായത് രാവിലെയുള്ള ഖുർആൻ പാരായണത്തിനും പ്രാധാന്യം നല്കുക. തീർച്ചയായും രാവിലെയുള്ള വിശുദ്ധ ഖുർആൻ പാരായണത്തിന് സാക്ഷ്യം നല്കപ്പെടുന്നതാണ്. അതുകൊണ്ട് വിശുദ്ധഖുർആനിന്റെ പാരായണം വെറും പ്രത്യേക ദിനങ്ങളിൽ വരെ മാത്രം ഒതുക്കപ്പെട്ടിട്ടില്ല. മറിച്ച് നമസ്കാരങ്ങളോടൊപ്പം അത് വിവരിച്ചുകൊണ്ട് അതിന്റെ പ്രാധാന്യവും വിവരിക്കപ്പെട്ടിരിക്കുന്നു. പാരായണം ചെയ്യുന്നതിനോടൊപ്പം അത് മനസ്സിലാക്കേണ്ട ആവശ്യവും കൂടിയുണ്ട്. അല്ലാഹുവിന്റെ കല്പനകളെക്കുറിച്ച് അറിയുന്നതിനുവേണ്ടി അതിന്റെ തർജമ വായിക്കേണ്ട ആവശ്യവുമുണ്ട്. ഇക്കാലഘട്ടത്തിൽ പ്രത്യേകമായും അത് പതിവായി പാരായണം ചെയ്യേണ്ട ആവശ്യമാണുള്ളത്. മുസ്‌ലിം എന്നു പറയപ്പെടുന്നവരും അതിന്റെ അധ്യാപനം മറന്നിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധതിരിച്ചുകൊണ്ട്, 'വിശുദ്ധഖുർആനെ ആദരിക്കുന്നവൻ ആകാശത്തിൽ ആദരിക്കപ്പെടും' എന്നും പറഞ്ഞു: ദൈവസവിധത്തിലെ ആദരവ് പ്രാപിക്കാൻ ആഗ്രഹിക്കാത്തത് ആരാണ്? ആയതിനാൽ ഇത് സ്ഥിരമായി പാരായണം ചെയ്യുകയും ദൈവികകല്പനകൾ അന്വേഷിച്ചു കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കലുമാണ് ദൈവികാനുഗ്രഹങ്ങളെ ആകർഷിക്കുന്നത്.

നിങ്ങൾ വിജയം ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ നാവിനെ സദാ എന്റെ സ്മരണ കൊണ്ട് നിറക്കുക എന്ന്അല്ലാഹു വീണ്ടു പറയുന്നു. ജുമുഅ നമസ്കാരം കഴിഞ്ഞ് പുറത്ത് വന്നാൽ നിങ്ങൾ ദൈവസ്മരണയിൽ മുഴുകുകയും അവനെ ഓർത്തു കൊണ്ടിരിക്കുകയും ചെയ്യുക. ഇതുമുഖേന നിങ്ങൾക്ക് വിജയം ലഭിക്കുന്നതാണ്. അതുകൊണ്ടു ഖുർആൻ പാരായണത്തിന്റെ ഈ പ്രാധാന്യം എപ്പോഴും മുന്നിൽ വെച്ചു കൊണ്ട് അതിൽ ഒരിക്കലും അലസത ഉണ്ടാവാൻ പാടില്ല. അതുപോലെ, ദൈവസ്മരണയിൽ നമുക്കുണ്ടായ ശ്രദ്ധ കൊണ്ട് ഗുണം ലഭിക്കുന്നത് അത് റമളാന് ശേഷവും നാം നിലനിർത്തി പോകുമ്പോഴാണ്. ഇതു തന്നെയാണ് മറ്റു നന്മകളുടെയും സ്വഭാവ ഗുണങ്ങളുടെയും അവസ്ഥ.

വാഗ്ദത്ത മസീഹിന്റെ ബൈഅത്തിൽ വരാൻ സാധിച്ചു എന്നുള്ളത് അല്ലാഹു നമുക്ക് നല്കിയ സൗഭാഗ്യമാണ്. അദ്ദേഹം എല്ലാ സന്ദർഭത്തിലും എല്ലാ വിധത്തിലും നമ്മെ സംസകരിക്കുകയും നമ്മെ നേർമാർഗത്തിൽ നയിക്കാനും നമ്മുടെ ശ്രദ്ധയെ എപ്പോഴും അല്ലാഹുവിന്റെ സത്തയിലേക്ക് തിരിക്കാനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാനും മാർഗനിർദേശം നല്കുകയും ചെയ്തിട്ടുണ്ട്. അവിടുന്ന് നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് നമ്മളോട് പറഞ്ഞു, 'നിങ്ങൾ എന്റെ ബയ്അത്തിൽ വന്നിട്ടുള്ളവരാണ്. എപ്പോഴും ആരാധനകളിലൂടെയും ഉന്നതമായ സ്വഭാവങ്ങളിലൂടെയും നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കിക്കൊണ്ട് പോകുക.' അവിടന്ന് ഒരിടത്ത് പറഞ്ഞു: മനുഷ്യൻ പരിശുദ്ധഹൃദയത്തോടും സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി അനുവദനീയമല്ലാത്ത വഴികളുടേയും പ്രതീക്ഷകളുടേയും വാതിലുകൾ അടച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കൈ നീട്ടാത്തിടത്തോളം അല്ലാഹുവിന്റെ സഹായവും തുണയും അവന് ലഭിക്കുകയില്ല. പക്ഷേ, അല്ലാഹുവിന്റെ പടിവാതിൽക്കൽതന്നെ വീഴുകയും അവനോടു ചോദിക്കുകയും ചെയ്യുന്ന അവന്റെ ഈ അവസ്ഥ സഹായം ആകർഷിച്ചെടുക്കുകയും കാരുണ്യം കൊണ്ടുവരികയും ചെയ്യുന്നു. അല്ലാഹു ആകാശത്തുനിന്ന് മനുഷ്യന്റെ ഹൃദയത്തിലെ ഓരോ കോണുകളിലും എത്തിനോക്കുന്നു. ഏതെങ്കിലും കോണിൽ ഏതെങ്കിലും തരത്തിലുള്ള ഇരുട്ടോ ശിർക്കോ അനാചാരമോ അനാചാരത്തിന്റെ ഏതെങ്കിലും കണികയോ ഉണ്ടെങ്കിൽ അവന്റെ ദുആകളേയും ആരാധനകളേയും അവന്റെ മുഖത്തേക്കുതന്നെ മറിച്ചിടുന്നു. അവന്റെ ഹൃദയം എല്ലാതരത്തിലുള്ള ശരീരേച്ഛകളിൽനിന്നും ഇരുട്ടുകളിൽനിന്നും പരിശുദ്ധമാണെന്ന് കണ്ടാൽ അവനുവേണ്ടി കാരുണ്യത്തിന്റെ കവാടം തുറക്കുന്നു. അവനെ തന്റെ തണലിൽ കൊണ്ടുവന്ന് അവന്റെ പരിപാലനത്തിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നു.(മൽഫൂസാത്ത് വാള്യം 5)

അതുകൊണ്ട് നമ്മൾ സ്ഥിരമായി കരസ്ഥമാക്കിക്കൊണ്ടുപോകുന്നതിന് പരിശ്രമിക്കേണ്ട ആ നിലവാരം ഇതാണ്. നമ്മുടെ ആരാധനകൾ എപ്പോഴും അല്ലാഹുവിനുവേണ്ടി മാത്രമുള്ളതായിരിക്കുക. റമളാനുശേഷവും നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം നിലനിറുത്തുന്നവരാകുക. എല്ലാ ഓരോ നിമിഷവും അല്ലാഹുവിന്റെ തണലിൽ ഇരുന്നുകൊണ്ട് അവന്റെ പരിപാലനത്തിന്റെ അനുഗ്രഹം പ്രാപിച്ചുകൊണ്ടുപോകുക.

വാഗ്ദത്ത മസീഹിന്റെ ബൈഅത്തിൽ പ്രവേശിച്ചതിനു ശേഷം എങ്ങനെയുള്ള നിവലവാരമാണ് നാം പുലർത്തേണ്ടത് എന്നതിനെക്കുറിച്ച് അവിടുന്ന് പറയുന്നു: ഈ ജമാഅത്തിൽ പ്രവേശിച്ചു കൊണ്ട് എന്നോട് ശിഷ്യബന്ധം പുലർത്തുന്നവർ പരിശുദ്ധ ജീവിതം നയിക്കുകയും തഖ്‌വയുടെ ഉന്നത നിലവാരത്തിൽ എത്തുകയും ഒരു വിധത്തിലുള്ള ദുർന്നടപ്പിനെയും നീചകൃത്യത്തെയും സമീപിക്കാതിരിക്കുകയും ചെയ്യുക അവരുടെ ലക്ഷ്യമായിരിക്കേണ്ടതുമാണ്. അവർ അഞ്ചുനേരനമസ്കാരം കൃതമായി അനുഷ്ഠിക്കുന്നവരാകണം. കളവ് പറയുന്നവരാകരുത്. നാവു കൊണ്ട് ആരെയും വേദനിപ്പിക്കുന്നവരാകരുത്. അവർ ഒരുവിധത്തിലുള്ള ദുർവൃത്തിയും ചെയ്യുന്നവരോ ഒരു വിധത്തിലുള്ള കുഴപ്പവും അക്രമവും ചെയ്യാനുള്ള ചിന്ത മനസ്സിൽ കൊണ്ടു വരുന്നവരോ ആകരുത്. ദേഹേച്ഛപരമായ എല്ലാ വികാരങ്ങളെയും അനാവശ്യ ചെയ്തികളെയും വർജ്ജിക്കുകയും അല്ലാഹുവിന്റെ പരിശുദ്ധ ഹൃദയരും സമാധാനകാംക്ഷികളും ദരിദ്രഭാവരുമായ ദാസരായിത്തീരുകയും ചെയ്യേണ്ടതാണ്.(മജ്മൂഅ ഇശ്തിഹാറാത്)

ആയതിനാൽ, ഈ ധാർമിക ഗുണങ്ങൾ സ്ഥിരമായി അനുവർത്തിക്കണമെന്ന കല്പനയാണുള്ളത്. താൻ നോമ്പുകാരനായതു കൊണ്ട് കുഴപ്പങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും വിട്ടു നില്ക്കുകയാണ്, അതിനാൽ താൻ കലഹത്തിനു മുതിരുന്നില്ല എന്ന് പറയുന്നത് റമളാനിൽ മാത്രം ഒതുക്കി നിർത്തരുത്. മറിച്ച്, റമളാനിന്റെ തർബിയ്യത്തിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഉന്നത ധാർമ്മിക ഗുണങ്ങൾക്കനുസൃതമായി തന്റെ ജീവിതത്തെ ആക്കിത്തീർത്തു കൊണ്ടേ പോകേണ്ടതാണ്. ഇതിനെ കൂടുതൽ വിശദീകരിച്ചു കൊണ്ട് അവിടുന്ന് ഒരിടത്ത് പറഞ്ഞു: നിങ്ങളുടെ ഹൃദയം വഞ്ചനയിൽ നിന്ന് ശുദ്ധവും, കരങ്ങൾ അക്രമത്തിൽ നിന്ന് അകന്നതും നയനങ്ങൾ ദുർനോട്ടത്തിൽ നിന്ന് പവിത്രവും ആയിരിക്കണം. നിങ്ങളുടെ ഉള്ളിൽ നന്മയും സൃഷ്ടികളോടുള്ള അനുകമ്പയും മാത്രമേ ഉണ്ടാകാൻ പാടുള്ളു.(മജ്മൂഅ ഇശ്തിഹാറാത്)

അവിടുന്നു പറയുന്നു: നിങ്ങളുടെ അവസ്ഥയെ ഞാൻ പറയുന്നതും ദൈവം ആഗ്രഹിക്കുന്നതും പോലെ ആക്കിത്തീർക്കുകയാണെങ്കിൽ തീർച്ചയായും ദൈവം നിങ്ങളുടേതാണെന്ന് മനസ്സിലാക്കിക്കൊള്ളുക.നിങ്ങൾ ഉറങ്ങിയാലും ദൈവം നിങ്ങൾക്കു വേണ്ടി ഉണർന്നിരിക്കുന്നതാണ്. നിങ്ങൾ ശത്രുക്കളിൽ നിന്ന് അശ്രദ്ധരായിരിക്കാം എന്നാൽ ദൈവം അത് കാണുകയും അവരുടെ ഗൂഢാലോചനകളെ പാഴാക്കുന്നതുമാണ്.(കിശ്തീ നൂഹ്)

അതിനാൽ, ഈ കാര്യങ്ങൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. നിങ്ങൾ ഇക്കാര്യങ്ങളെ ശ്രദ്ധിക്കുന്നില്ലെങ്കിൽ ബൈഅത്ത് ചെയ്തതു കൊണ്ടുമാത്രം കാര്യമില്ലെന്ന് അവിടുന്ന് നിരന്തരം വിവരിക്കുകയുണ്ടായി. അവിടുന്ന് ഒരു വ്യാകുലതയോടെ തന്റെ വിശ്വാസികളുടെ മുൻപാകെ വെച്ച കർമ്മ പദ്ധതിയിൽ നിന്ന് ഞാൻ ചിലത് വിവരിക്കാം. നാം എത്രമാത്രം ഇതനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ട്, അല്ലെങ്കിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഓരോരുത്തർക്കും സ്വയം പരിശോധിക്കാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങളുടെ പുറവും അകവും ഒരുപോലെയാകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോടുകരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. (ജ്ഞാനിയാണെങ്കിൽ വിനയത്തോടെ ഉപദേശിക്കുക; അല്ലാതെ തന്റെ വലിപ്പം കാണിക്കുകയും തന്റെ അറിവ് പ്രകടിപ്പിച്ചു കൊണ്ട് അവരെ നിന്ദ്യരാക്കുകയും ചെയ്യുകയല്ല വേണ്ടത്) ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെ മേൽ അഹങ്കരിക്കരുത് (അല്ലാഹു അനുഗ്രഹിച്ചു കൊണ്ട് നിങ്ങൾക്ക് സുഖസൗകര്യങ്ങളും സമ്പത്തും മറ്റുള്ളവരെക്കാൾ നല്ല അവസ്ഥയും നല്കിയിരിക്കുന്നതിനാൽ അവരെ സേവിക്കുക; അവരോട് അഹങ്കാരം കാണിക്കരുത്) പറയുന്നു: നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടു കൊണ്ടിരിക്കുകയും തഖ്‌വ- ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യഥാർഥ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതുമാത്രമായിത്തീ

രുകയും  അവനുവേണ്ടി മാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. (അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കണമെങ്കിൽ  അവൻ പരിശുദ്ധനായതു കൊണ്ട് എല്ലാ വിധ അശുദ്ധിയെയും പാപങ്ങളെയും വെറുക്കേണ്ടതാണ്) പറയുന്നു: നിങ്ങൾ ദൈവഭക്തിയോടുകൂടി  രാത്രി കഴിച്ചുകൂട്ടി എന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷിപറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടി എന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപ്പോലുള്ള ശാപവചനങ്ങളെ നിങ്ങൾ ഭയപ്പെടരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അത് അവനെ ഉന്മൂലനം ചെയ്യും. പ്രദർശനപരതകൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല.  എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗംവരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്ക് അവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ പ്രദർശനപരതയോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകരാർഹരാകുകയില്ല. കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്ന് നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും(ഹദ്റത്ത് മസീഹ് മൗഊദി(അ)ൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ, യഥാർഥ വിശ്വാസിയാകണമെങ്കിൽ സ്വന്തം അസ്തിത്വത്തിൽ ഒരു പരിവർത്തനം കൊണ്ടുവരേണ്ടതാണ്) നിങ്ങളിൽനിന്നൊരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങൾ എത്രയുംവേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരനുമായി ഐക്യത്തിന് ഇഷ്ടപ്പെടാത്തവൻ ദുഷ്ടനാണ്. അവൻ മുറിച്ചു നീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടേയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക (ഞാനെന്ന ഭാവത്തെയും ഇന്ദ്രിയാശകളെയും ഉപേക്ഷിക്കുകയും ഇക്കാരണം കൊണ്ട് വെറുപ്പ് ഉണ്ടാക്കുകയും ചെയ്യരുത്). നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് കള്ളനെപോലെ വിനയം കൈക്കൊള്ളുക.  ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ തടിച്ച ഒരാൾക്കു സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക. ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും  പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രേ! അതിനാൽ അവന് ഞാനുമായി ഒരു ബന്ധവുമില്ല. അവിടന്ന് പറയുന്നു:"ദുർവൃത്തൻ ദൈവസാമീപ്യം പ്രാപിക്കുകയില്ല. അഹങ്കാരി ദൈവസായൂജ്യം നേടുകയില്ല.അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെ അടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല

അവിടുന്ന് പറയുന്നു: എല്ലാ അശുദ്ധ നയനങ്ങളും അവനിൽ നിന്ന് വിദൂരമാണ്. ഒരോ അശുദ്ധ ഹൃദയവും അവനെ അറിയുകയില്ല. അവനു വേണ്ടി അഗ്നിയിൽ അകപ്പെടുന്നവൻ അഗ്നിയിൽ നിന്ന് രക്ഷിക്കപ്പെടുന്നതാണ്. അവനു വേണ്ടി കരയുന്നവൻ ചിരിക്കുന്നതാണ്. അവനു വേണ്ടി ദുനിയാവിൽ എന്തൊരു കാര്യമാണോ പരിത്യജിക്കുന്നത് അത് അവന് ലഭിക്കുന്നതാണ്. നിങ്ങൾ സത്യഹൃദയത്തോടും പൂർണ ആത്മാർഥതയോടും താത്പര്യത്തോടും ദൈവത്തിന്റെ സുഹൃത്തായിത്തീരുക; അവനും നിങ്ങളുടെ സുഹൃത്തായിത്തീരുന്നതിനു വേണ്ടി. നിങ്ങൾ നിങ്ങളുടെ അധീനതയിൽ ഉള്ളവരോടും സ്വന്തം ഭാര്യമരോടും ദരിദ്രരായ നിങ്ങളുടെ സഹോദരന്മാരോടും കാരുണ്യത്തോടെ വർത്തിക്കുവിൻ; ആകാശത്ത് നിങ്ങളുടെ മേലും കാരുണ്യം ചൊരിയപ്പെടുന്നതിനു വേണ്ടി. നിങ്ങൾ വാസതവത്തിൽ അവന്റേതായിത്തീരുക; അവൻ നിങ്ങളുടെതായിത്തീരാൻ.

പറയുന്നു: ആകാശത്തു നിന്ന് കല്യുണ്ടാകാതെ ഒരു വിപത്തും ഭൂമിയിൽ ഉണ്ടാകുന്നില്ല. ആകാശത്തു നിന്ന് കാരുണ്യമിറങ്ങാതെ ഒരു വിപത്തും അകന്നു പോകുന്നതല്ല. അതുകൊണ്ടു ശാഖയെവിട്ട് വേരിനെ പിടിക്കുക എന്നതിലാണ് യുക്തി.

അവിടുന്ന് പറയുന്നു: നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്.( വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ എപ്പോഴും മുറുകെ പിടിക്കുക) പറയുന്നു: വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ, ഈ പ്രതാപശാലിയായ നബിയോടു നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്-ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനു വേണ്ടി. മോക്ഷം എന്നത് മരിച്ചതിനുശേഷം ലഭിക്കുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി(സ)ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും (അല്ലാഹുവിനും സൃഷ്ടികൾക്കുമിടയിൽ ശിപാർശകൻ നബി(സ) തിരുമേനി മാത്രമാണ്.) ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു റസൂലുമില്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നവനാണെന്നും ദൃഢമായും വിശ്വസിക്കുന്നവൻതന്നെ."(കശ്തിയെ നൂഹ്)

ഈ കാര്യങ്ങൾക്കു ശേഷം അദ്ദേഹം വീണ്ടും ഊന്നൽ നല്കുകയുണ്ടായി: ഈ കാര്യങ്ങൾക്കെല്ലാം ഒടുവിൽ ഞാൻ വീണ്ടും പറയുകയാണ്. ബാഹ്യമായ നിലയിൽ ബൈഅത്തു ചെയ്തതിൽ നിങ്ങൾ ആശ്വസിക്കരുത്. ബാഹ്യം ഒന്നുമല്ല. അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെയാണ് നോക്കുന്നത്. (കിശ്തീ നൂഹ്)

അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്നിട്ടുള്ളകാര്യവും  ഹദ്റത്ത് മസീഹ് മൗഊദ്(അ) തുറന്നനിലയിൽ നമുക്ക് വിവരിച്ചുതന്നിട്ടുള്ളകാര്യവുമെല്ലാം  നമ്മൾ  എപ്പോഴും മുമ്പിൽ വെച്ചുകൊണ്ട് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മളിൽനിന്ന് ഓരോരുത്തരും റമളാനിൽനിന്ന് പുറത്തുവരേണ്ടതാണ്. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അപ്പോഴാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് റമളാൻ കഴിക്കാൻ നമ്മൾ ശ്രമിച്ചുവെന്ന് പറയാൻ കഴിയുന്നത്. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനു ശേഷം ഞാൻ രണ്ട് ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ഒന്നാമത്തെ ജനാസ, മർഹൂം ചൗധരി സഹൂർ അഹ്മദ് സാഹിബ് ബാജ്വയുടെ ഭാര്യയായ മുശ്താഖ് സുഹ്റ സാഹിബയുടേതാണ്. ജൂൺ 12നു രാത്രി 8:45 ന് റബ്വയിൽ വഫാത്തായി. 91 വയസ്സായിരുന്നു. ഇന്നാലില്ലാഹി...

അവരുടെ പിതാവ് ചൗധരി ഇനായത്തുല്ലാഹ് സാഹിബ്  പതിനാലാം വയസ്സിലാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ കൈകളിൽ ബൈഅത്ത് ചെയ്തത്. മർഹൂമയുടെ നിക്കാഹ് വഖ്ഫെ സിന്ദഗിയായ ചൗധരി സഹൂർ അഹ്മദ് സാഹിബുമായി 1944ൽ നടന്നു. നിക്കാഹ് ഖുതുബ നല്കിയത് ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ) ആയിരുന്നു.  അതിൽ അദ്ദേഹം ഒരു നീണ്ട ഖുതുബ നല്കുകയും അല്ലാഹു സവിശേഷ അനുഗ്രഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും ചെയ്തു. ഏതായാലും ഒരു സുദീർഘ ഖുതുബ ആയിരുന്നുവെന്ന് മാത്രമല്ല ഈ നിക്കാഹ് കാരണമായി അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രചരിക്കാൻ ഇടയാവുകയും ചെയ്തു. അല്ലാഹു  മർഹൂമക്ക് മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും നല്കി അനുഗ്രഹിച്ചു. വഖ്ഫെ സിന്ദഗിയായ മകൻ സഹീർ ബാജ്വ സാഹിബ് അമേരിക്കയിലാണ്. ചൗധരി സഹൂർ അഹ്മദ് സാഹിബ് ബാജ്വ ഇംഗ്ലണ്ടിലെ മുബല്ലിഗായിരുന്നു. 1955ൽ അദ്ദേഹം റബ്വയിലേക്ക് തിരിച്ച് പോവുകയും നായിബ് നാസിർ ഇസ്‌ലാഹോ ഇർശാദ് ആയി നിയമിക്കപ്പെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ മേലധികാരിയായും, നാസിർ ഉമൂറെ ആമയായും ദീർഘകാലം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)ന്റെ പ്രൈവറ്റ് സെക്രട്ടറിയായും നാസിർ തഅ്ലീമുൽ ഖുർആനായും പ്രവർത്തിച്ചിട്ടുണ്ട്. ഒടുവിൽ വഫാത്താകുമ്പോൾ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ സദർ ആയിരുന്നു. മുഹ്തറമ മുശ്താഖ് സുഹ്റ സാഹിബ വളരെ നല്ല നിലയിലാണ് തന്റെ വഖ്ഫെ സിന്ദഗിയായ ഭർത്താവിനോടൊപ്പം ജീവിതം കഴിച്ചു കൂട്ടിയത്. വഖ്ഫെ സിന്ദഗിക്ക് പ്രയാസം ഉണ്ടാക്കുന്ന ഒരാഗ്രഹവും അവർ പ്രകടിപ്പിച്ചില്ല. 1944ൽ ആണ് അവർ വിവാഹിതയായത്. അടുത്ത വർഷം 1945ൽ അവർക്ക് മകൻ ജനിച്ച് ഒരു മാസം പ്രായമായപ്പോൾ ചൗധരീ സഹൂർ ബാജ്വ സാഹിബിനെ  മുബല്ലിഗ് എന്ന നിലയിൽ ലണ്ടനിലേക്കയച്ചു. ഇന്ത്യപാക് വിഭജനം നടന്നപ്പോഴും ബാജ്വ സാഹിബ് ഇവിടെ ലണ്ടനിലായിരുന്നു. ആ സമയത്തും അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ചില പ്രയാസങ്ങൾ നേരിടേണ്ടി വന്നു. അതിനുശേഷം 1951 മുതൽ 1955 വരെ ബാജ്വ സാഹിബിന്റെ ഭാര്യ മുഹ്തറമയും സഹൂർ സാഹിബിന്റെ കൂടെ ഇവിടെ ഇംഗ്ലണ്ടിൽ താമസിച്ചു. അന്ന് ഇവിടെ മുബല്ലിഗ്മാരുടെ അവസ്ഥകൾ വളരെ ക്ലേശകരമായിരുന്നു. ജമാഅത്തിന്റെ സാമ്പത്തികാവസ്ഥയും മോശമായിരുന്നു. വളരെ വിഷമിച്ചായിരുന്നു കാര്യങ്ങൾ പോയിക്കൊണ്ടിരുന്നത്. എന്നാൽ, അദ്ദേഹം ഒരിക്കലും പരാതി പറയാതെ സന്തോഷത്തോടെ ആ സമയം കഴിച്ചു കൂട്ടി. പിന്നീട് റബ്വയിലെ ക്വാട്ടേഴ്സിലായിരുന്നു താമസിച്ചിരുന്നു. പിന്നീട് വടക്കുഭാഗത്തുള്ള ദാറുസ്സദറിൽ സ്വന്തം വീടു വെയ്ക്കുകയും അവി

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 20-27 July 2017 Issue-29-30

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ടെ താമസമാക്കുകയും ചെയ്തു. കർഷകകുടുംബത്തിൽപ്പെട്ട ആളായതു കൊണ്ട് അദ്ദേഹത്തിന്റെ ഗ്രാമത്തിലേയും അല്ലെങ്കിൽ സുഹൃത്തുക്കളുടേയും വിദ്യാർഥികൾ റബ്‌വയിൽ പഠിക്കാൻ വരുമ്പോൾ അതുപോലെ മറ്റ് ആളുകളും അദ്ദേഹത്തിന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. വീടു ചെറുതായിരുന്നെങ്കിലും പത്തിരുപത് ആളുകൾ എപ്പോഴും അവിടെ താമസിക്കുകയും ഇവർ അവരെ വളരെ താത്പര്യപൂർവം സത്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവരുടെ മകൻ എഴുതുന്നു: ദിവസവും തഹ്ജ്ജുദോടു കൂടിയായിരുന്നു അവരുടെ ദിവസം തുട ങ്ങിയിരുന്നത്. ഫജർ നമസ്കാരത്തിനു ശേ ഷം ഉയർന്ന് സ്വരത്തിൽ ഖുർആൻ പാരായണം ചെയ്യുക എന്നത് അവരുടെ ശീലമായിരുന്നു. അവർക്ക് എരുമകളും മറ്റു വളർത്തുമൃഗങ്ങളും ഉണ്ടായിരുന്നു. അവയുടെ പാല് കടഞ്ഞ് ദരിദ്രരായ ആളുകൾ വരുമ്പോൾ ലസ്സി കൊടുക്കുമായിരുന്നു. ഇങ്ങനെ വാങ്ങാൻ വരുന്നവരുടെ ഒരു നീണ്ട നിര തന്നെയുണ്ടായിരുന്നു. അവർക്ക് അവർ ലസ്സി കൊടുക്കുമായിരുന്നു. ഇതൊക്കെയായിട്ടും വീടും നോക്കിയിരുന്നതോടൊപ്പം ഇവരുടെ സാമൂഹ്യബന്ധങ്ങളും നല്ല നിലയിലായിരുന്നു. എഴുതുന്നു: വിശുദ്ധ ഖുർആനോട് അദമ്യമായ സ്നേഹമായിരുന്നു അവർക്ക്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ പത്നിയായ ഹദ്റത്ത് സയ്യിദ് മർയം സിദ്ദീഖ സാഹിബയിൽ നിന്ന് ഖുർആനും അതിന്റെ തർജമയും പ്രത്യേകമായി പഠിച്ചു. എല്ലാവരോടും എപ്പോഴും നല്ല നിലയിലാണ് പെരുമാറിയിരുന്നത്. അതിഥിസത്കാരത്തെപ്പറ്റി മുൻപ് പരാമർശിച്ചിരുന്നുവല്ലോ. ഇവിടെയായിരുന്നപ്പോഴും അതിഥിസത്കാരത്തിന് വേണ്ട ഫണ്ട് ഇല്ലാതിരുന്നതിനാൽ അതിഥി സത്കാരത്തിനുള്ള ഏർപ്പാടൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവർ ഇവിടെ ബേക്കിംഗ് പഠിക്കുകയും വരുന്നവരെയെല്ലാം സ്വയം ബേക്കിംഗ് ചെയ്തു കൊണ്ട് സത്കരിക്കുകയും അവർക്കു വേണ്ട സാധനങ്ങൾ എത്തിക്കുകയും ചെയ്യുമായിരുന്നു. നായിബ് നാസിർ ഇസ്ലാഹ് വ ഇർശാദ് ഹനീഫ് മഹ്മൂദ് എഴുതുന്നു, ഇദ്ദേഹം ചൗധരി സഹൂർ അഹ്മദ് സാഹിബിന്റെ ജീവചരിത്രം എഴുതുകയായിരുന്നപ്പോൾ അത് സംബന്ധമായി അവരുമായി ബന്ധം സ്ഥാപിച്ചിരുന്നു. അദ്ദേഹം എഴുതുന്നു: അവർ ഉന്നത ജന്മി കുടുംബത്തിലായിരുന്നിട്ടും ഒരു വഖ്ഫെ സിന്ദഗിയെ കല്യാണം കഴിച്ച് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ വളരെ സാധാരണ ജീവിതമാണ് നയിച്ചത്. സ്വന്തം വീട്ടിൽ പണിയെടുക്കാൻ ജോലിക്കാർ ധാരാളം ഉണ്ടായിരുന്നു. എന്നാൽ ഭർത്താവിന്റെ വീട്ടിൽ എത്തിയതിനു ശേഷം എല്ലാ ജോലികളും സ്വയം തന്നെയാണ് ചെയ്തിരുന്നത്. ലണ്ടനിലെ താമസക്കാലത്തെ ഒരു സംഭവം വിവരിച്ചു കൊണ്ട് വളരെ പ്രയാസത്തോടെയാണ് അവിടെ കഴിഞ്ഞു കൂടിയിരുന്നത് എന്ന് പറയുമായിരുന്നു. കഠിനമേറിയ ശൈത്യകാലത്തും വീട്ടിൽ ഹീറ്ററും ഗ്രീസറും ഒന്നും ഉണ്ടായിരുന്നില്ല. തീക്കനലും ഉണ്ടായിരുന്നില്ല. എന്നിട്ടും ബജറ്റിനുള്ളിൽ നിന്നു കൊണ്ട് തന്നെ ചെയ്യേണ്ടതെല്ലാം ചെയ്തിരുന്നു. വളരെ പ്രയാസത്തോടെയായിരുന്നു കഴിഞ്ഞു കൂടിയിരുന്നത്. തണുപ്പ് സഹിച്ചു കൊണ്ടാണ് കഴിഞ്ഞത്. വളരെ കുറച്ച് നേരത്തേക്ക് മാത്രമാണ് ഹീറ്റിംഗ് ചെയ്തിരുന്നത്. ചൗധരി സാഹിബും വളരെ ആദർശനിഷ്ഠയോടെ ജീവിച്ച വ്യക്തിയായിരുന്നു. ഇവിടെ അദ്ദേഹം വളരെ ലളിതമായ ജീവിതമാണ് നയിച്ചത്. വീണ്ടും എഴുതുന്നു: 1955ൽ ചൗധരീ സാഹിബ്ബീന് തിരിച്ച് മർക്കസിലേക്ക് പോകാനുള്ള ആജ്ഞ ലഭിച്ചപ്പോൾ മർഹൂമ ആ ദിനങ്ങളിൽ രോഗിയായിരുന്നു. പൂർണ വിശ്രമം ആവശ്യമാണ് എന്നാണ് ഡോക്ടർമാർ നിർദേശിച്ചത്. എന്നാൽ തിരിച്ചു പോകാനുള്ള കല്പന വന്നപ്പോൾ ചൗധരി സാഹിബ് അതിനുള്ള തയ്യാറെടുപ്പിലായി. താങ്കളുടെ ഭാര്യ രോഗിയാണ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹി സാനി(റ)യിൽ നിന്ന് കുറച്ച് കാലത്തേക്ക് അനുവാദം വാങ്ങാൻ ജനങ്ങൾ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു: ഇല്ല. കല്പ്ന വന്നിരിക്കുകയാണ്. അതു കൊണ്ട് തിരിച്ചു പോകണം. മർഹൂമയും അതിനെതിരിൽ ഒന്നും പറഞ്ഞില്ല. അക്കാലത്ത് യാത്രയും എളുപ്പമായിരുന്നില്ല. രോഗിയായിട്ടും ഉടനെ തന്റെ ഭർത്താവിനൊപ്പം തിരിച്ചു പോകാൻ ഒരുങ്ങി. അല്ലാഹു അവർക്ക് മഗ്ഫിറത്ത് നല്കുകയും അവരുടെ ദർജകളെ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അവരുടെ സന്താനങ്ങൾക്ക് ഈ നന്മകൾ നിലനിർത്താനുള്ള തൗഫീഖും നല്കി അനുഗ്രഹിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മിസ്റിലെ അബ്ദുഹു ബക്കർ സാഹിബിന്റെത് ആണ്. ജൂൺ 12നു നാല്പത്തി ഒന്നാമത്തെ വയസ്സിൽ ഹൃദയാഘാതം മൂലം വഫാത്തായി. ഇന്നാ ലില്ലാഹ്...

സദർ ജമാഅത്ത് ഡോക്ടർ ഹാതിം ഹില്മീ ശാഫി സാഹിബ് എഴുതുന്നു: മർഹൂം 2011 ൽ ആണ് ബൈഅത്ത് ചെയ്തത്. അറബിയുടെയും ദീനിയാത്തിന്റെയും അധ്യാപകനായിരുന്നു. അദ്ദേഹം ജോലി ഉപേക്ഷിച്ച് ജമാഅത്തീസേവനത്തിനായി സ്വയം വഖ്ഫ് ചെയ്യുകയായിരുന്നു. ദക്ഷിണ മിസ്റിലെ അങ്ങേയറ്റം അജ്ഞരും വിരോധികളുമായ ഒരു സമൂഹത്തിലാണ് അദ്ദേഹം ജനിച്ചത്. എന്നിട്ടും അദ്ദേഹം അങ്ങേയറ്റം സമാധാനകാംക്ഷിയും കാഠിന്യത്തെ വെറുക്കുന്ന ആളുമായിരുന്നു. ബൈഅത്തിനു മുൻപ് പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ കണ്ടിരുന്ന അന്ധവിശ്വാസങ്ങൾ കാരണം തന്റെ മതവും ഒരുപക്ഷേ ഇത്തരം തെറ്റായ കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്ന് അദ്ദേഹത്തെ ആശ്ചര്യപ്പെടുത്തിയിരുന്നു. അതായത് ഇസ്ലാമിന്റെ അധ്യാപനം തെറ്റാണ്. മൗലവിമാരുടെ പ്രഭാഷണങ്ങൾ കേട്ടപ്പോഴാണ് അദ്ദേഹത്തിന് അത്തരം ചിന്തയുണ്ടായത്. പ്രത്യേകിച്ചും ഈസാനബിയുടെ മരിക്കാതെ ജീവിച്ചിരിക്കുന്നതും കുരിശിൽ നിന്നുള്ള രക്ഷപ്പെടലും അദ്ദേഹത്തിന്റെ ഉയർച്ചയും വളരെയധികം ആശ്ചര്യപ്പെടുത്തിയിരുന്നു. ഏതുവരെയെന്നാൽ ഒരു ക്രിസ്ത്യാനി ചാനൽ നമ്പർ വരെ നല്കുകയുണ്ടായി. ആ പ്രോഗ്രാം കാണുന്നതിലൂടെ ഹദ്റത്ത് ഈസാ നബി(അ)ക്ക് മറ്റു മനുഷ്യർക്കില്ലാത്ത പ്രത്യേകതകളുണ്ടെന്ന് ബോധ്യം വരുന്നതാണ്. ആ ചാനൽ തിരഞ്ഞു കൊണ്ടിരിക്കുമ്പോൾ എം.ടി.എ. യും ലഭിച്ചു. അല്ലാഹു അദ്ദേഹത്തിന് ഹിദായത്ത് നല്കാൻ നിശ്ചയിച്ചിരുന്നു. മർഹൂം തന്റെ ബൈഅത്തിന്റെ സംഭവം വിവരിച്ച് പറയുന്നു: ഞാൻ ഒരു പ്രോഗ്രാമിൽ മുസ്തഫ സാബിത് സാഹിബിനെ കണ്ടു. ഹദ്റത്ത് ഈസാ(അ) കുരിശിൽ മരിച്ചില്ലെന്നും അദ്ദേഹം ബോധരഹിതനാവുകയായിരുന്നുവെന്നും അതിനുശേഷം അദ്ദേഹം കിഴക്കൻ പ്രദേശങ്ങളിൽ ഹിജ്റത്ത് ചെയ്യുകയും അവിടെ സ്വാഭാവികമായ മരണം വരിക്കുകയുമാണുണ്ടായത് എന്നും അദ്ദേഹം പറയുകയായിരുന്നു. ഞാൻ ടി.വി കാണുന്ന സമയത്ത് കഴുത്തിന് കൈ താങ്ങി ഇരിക്കുകയായിരുന്നു. ഇതുകേട്ടപ്പോൾ ഞാൻ നേരെ ഇരുന്നു പൂർണ ശ്രദ്ധയോടെ കേൾക്കാൻ തുടങ്ങി. അൽഹിവാറുൽ മുബാശിർ പ്രോഗ്രാം ആയിരുന്നു അത്. സത്യം എനിക്ക് ബോധ്യമായപ്പോൾ ഞാൻ പൂർണശക്തിയോടെ വിളിച്ചു പറഞ്ഞു. അല്ലാഹു അക്ബർ സത്യം വെളിപ്പെട്ടിരിക്കുന്നു. പറയുന്നു: ഞാൻ സന്തോഷത്താൽ തുള്ളിച്ചാടാൻ തുടങ്ങി. ആയിടയ്ക്ക് പരിപാടിയിൽ ഇടവേള വന്നു. ശരീഫ് ഔദ സാഹിബ് പറഞ്ഞു: ഇനി ഞങ്ങൾ ഹദ്റത്ത് ഇമാം മഹ്ദിയുടെ ഖസീദ കേൾപ്പിക്കുന്നതാണ്. ഖസീദയിലെ ആദ്യ രണ്ട് ലൈനിലെ പ്രാസം ഇതായിരുന്നു: ഇന്നീ മിനല്ലാഹി അസീസിൽ അക്ബർ. അതായത് തീർച്ചയായും ഞാൻ പ്രതാപവാനും പരമോന്നതനുമായ അല്ലാഹുവിൽ നിന്നുള്ളവനാണ്. അതോടൊപ്പം വാഗ്ദത്ത മസീഹിന്റെ ഫോട്ടോയും കൊടുത്തിട്ടുണ്ടായിരുന്നു. അപ്പോൾ ഞാൻ പ്രോഗ്രാം പോസ് ചെയ്ത് ഫോട്ടോ സൂക്ഷിച്ചുനോക്കാൻ തുടങ്ങി. അദ്ദേഹം പറയുന്നു: ഞാനത് കണ്ടപ്പോൾ കുറച്ച് വർഷങ്ങൾക്ക് മുൻപ് ചന്ദ്രനിൽ ഞാൻ കണ്ട മുഖമാണെന്ന് എനിക്ക് മനസ്സിലായി. വളരെ മനോഹരമായ നിമിഷങ്ങളായിരുന്നു അവ. എന്റെ സന്തോഷം എനിക്ക് പറഞ്ഞറിയിക്കാൻ സാധിക്കുമായിരുന്നില്ല. അതിനു ശേഷം ഞാൻ കൂടുതലായി പരിപാടി കാണാൻ തുടങ്ങി.മൂന്നു ദിവസങ്ങൾക്കകം അല്ലാഹു എനിക്ക് ഈസാ നബിയുടെ മരണത്തെപ്പറ്റിയും അദ്ദേഹത്തിന്റെ കുരിശുമരണത്തിൽ നിന്നുള്ള രക്ഷപ്പെടലിനെപ്പറ്റിയും അദ്ദേഹത്തിന്റെ ഹിജ്റത്തിനെപ്പറ്റിയുമുള്ള പ്രഹേളിക പരിഹരിച്ചു തന്നു. മർഹൂം ബൈഅത്ത് ചെയ്തതിനു ശേഷം ജോലി നല്കിയവരും അദ്ദേഹത്തെ പുറത്താക്കി. ഗ്രാമക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം വളരെ കാഠിന്യത്തോടെ അദ്ദേഹത്തോട് പെരുമാറി. എന്നൽ അദ്ദേഹം സത്യത്തിൽ ഉറച്ചു നിന്നു. എന്നല്ല, ദിനേന വിശ്വാസത്തിൽ മുന്നോട്ട് ഗമിക്കുകയും സ്ഥിരചിത്തത കൈവരികയും ചെയ്തു. നാല് വർഷം മുൻപ് അദ്ദേഹം പഠിപ്പിച്ചിരുന്ന് സ്ക്കുളിലെ ജോലി ഉപേക്ഷിച്ച് ജമാഅത്തിന്റെ സേവനത്തിനായി ജീവിതം വഖ്ഫ് ചെയ്തു. വളരെ വിനയഭാവമുള്ള, മൃദുലസ്വഭാവിയായ, അങ്ങേയറ്റം സദ്ഗുണങ്ങളുള്ള, ആത്മാർഥതയും അസാധാരണമായ അനുസരണവുമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം ആ രാജ്യത്തെ നവ അഹ്മദികളുടെ ഇൻചാർജ് ആയിരുന്നു. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും മര്യാദയും മറ്റുള്ളവരോട് സംസാരിച്ച് ബോധ്യപ്പെടുത്തേണ്ട കഴിവും പ്രദാനം ചെയ്തിരുന്നു. അല്ലാഹുവിനോടുള്ള അനുസരണത്തിൽ മുഴുകിയ ആളായിരുന്നു അദ്ദേഹം. ഖിലാഫത്തുമായി അഗാധമായ സ്നേഹമായിരുന്നു അദ്ദേഹത്തിന്. അഞ്ചു വർഷം മുൻപ് അദ്ദേഹം ഒരു അഹ്മദി സ്ത്രീയെ വിവാഹം ചെയ്തു. നാലു വയസ്സുള്ള മകളും രണ്ടു വയസ്സുള്ള മകനുമുണ്ട്. ഇദ്ദേഹത്തിന്റെ മകൻ മാശാ അല്ലാഹ് വഖ്ഫെ നൗ ആണ്. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്തും കാരുണ്യവും നല്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ദർജകളെ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ഭാര്യയെയും മക്കളെയും സംരക്ഷിക്കുമാറാകട്ടെ. ഇവർക്ക് ഇദ്ദേഹത്തിന്റെ നന്മകളെ നിലനിർത്താൻ സാധിക്കുമാറാകട്ടെ, ആമീൻ. ◆




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin